KOTTAYAM PUBLIC LIBRARY

M 330

Call No. PRA-O Acc. No. 11164

Author. പ്രഭാതം ബുക്ക് ഹൗസ്

Title. ഒരു ഫാക്ടറിയിലെ ട്രെയിഡ് യൂണിയൻ സംഘടന

950

No. 11164

# ഒരു ഫാക്ടറിയിലെ ട്രേഡ് യൂണിയൻ സംഘടന

പ്രസാധകർ:
പ്രഭാതം പ്രിൻറിംഗ് & പബ്ലിഷിംഗ് കമ്പനി
(പ്രൈവററ്) ലിമിററഡ്,
കോഴിക്കോട്.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

M 330

# ഒരു ഫാക്ടറിയിലെ
# ട്രേഡ് യൂണിയൻ സംഘടന

പ്രഭാത് ബുക്ക് ഹൌസ്, എറണാകുളം
1957

ഒന്നാം പതിപ്പ്   ജൂൺ 1957

M 330
PRA. O

11164

വില: 1 രൂ. 25 ന.പ.

അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്.

കോപ്പി: 1500

# പ്രസ്താവന

സോവിയററ് യൂനിയനിലെ ഒരു പ്രധാന വ്യവസായ കേന്ദ്രമാണ് ഗോക്കി. ഏത്രയും നവീനങ്ങളായ യന്ത്രസജ്ജീകരണങ്ങളുള്ള മോളട്ടോവ് മോട്ടോർ-കാർ വർക്ക്സ് ഗോക്കിയിലെ ഒരു കൂററൻ വ്യവസായശാലയാണ്. ഒരു യഥാത്ഥ നഗരംതന്നെയാണ് ഈ വ്യവസായശാല.

മോളട്ടോവ് മോട്ടോർ-കാർ വർക്സിൽ 10,000 തൊഴിലാളികളാണ് 1954-ൽ പ്രവൃത്തിചെയ്തിരുന്നതു്. അവരുടെ ട്രെയിഡ് യൂനിയൻ പ്രവത്തനത്തിൻെറ ചിത്രമാണ് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം.

സോവിയററ് യൂനിയനിലെ തൊഴിലാളിവഗ്ഗം ആ നാടു ഭരിക്കുന്ന വഗ്ഗമാണ്. അതേ അവസരത്തിൽ അവർ തങ്ങളുടെ ട്രേഡ് യൂനിയൻ സംഘടനയെ കെട്ടിപ്പടുത്തു വളത്തിക്കൊണ്ടുവരുന്നതെന്തിന്നു്? മാതൃകാപരമായ ജനാധിപത്യസമ്പ്രദായങ്ങഠം അംഗീകരിച്ചുകൊണ്ടു് എല്ലാം തൊഴിലാളികളുടേയും ജീവിതനിലയും ജോലിചെയ്യുന്നതിന്നുള്ള സാഹചയ്യങ്ങളും ഉത്തരോത്തരം കാമ്യമാക്കിത്തീക്കുവാൻ.

മോളോട്ടോവ് മോട്ടോർ-കാർ വർക്സിലെ ട്രെയ്ഡ് യൂനിയൻ സംഘടന ഈ കടമ നിറവേററുവാൻ പോരാടുന്ന

രീതി ഏതൊരു ജനാധിപത്യവാദിയും ഏതൊരു സോഷ്യലിസ്റ്റ്കാരനും മനസ്സിലാക്കേണ്ടതാണ്.

നമ്മുടെ നാട്ടിൽ ട്രെയ്ഡ്യൂനിയൻ പ്രസ്ഥാനത്തിന്നു് ഇന്നത്തെ നിലയിൽ മുന്നേറുവാൻ സഹായിക്കുന്ന ചില പാഠങ്ങൾ ഈ വമ്പൻ വ്യവസായശാലയിലെ ട്രെയ്ഡ്യൂനിയൻ പ്രവർത്തനത്തിൽനിന്നും പഠിക്കുവാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ പരമാവധി തൃപ്തിപ്പെടുത്തുന്ന ഒരു സാമ്പത്തികവ്യവസ്ഥയാണ് സോവിയററ്യൂനിയനിലുള്ളതു്. ദിനം പ്രതി യെന്നോണം തൊഴിലാളികളുടെ എണ്ണം അവിടെ വർദ്ധിച്ചുവരികയാണ്. അതേ അവസരത്തിൽ തൊഴിലില്ലായ്മയെന്താണെന്നു് അടുത്ത കാലത്തൊന്നും അവർ അറിഞ്ഞിട്ടില്ല. തൊഴിൽചെയ്യുന്നതിന്നുള്ള ക്ലേശം ചുരുക്കിക്കൊണ്ടുവരുവാൻ സഹായിക്കുന്ന നവീനയന്ത്രങ്ങൾ കൂടുതൽ കൂടുതൽ അവർക്കാവശ്യമായിരിക്കയാണ്. ഓരോ തൊഴിലാളിയും മുമ്പേത്തേതിലും കുറഞ്ഞ സമയം പണിയെടുത്തു പൂർവ്വാധികം സമ്പത്തു് സൃഷ്ടിക്കുന്നു. അവരുടെ വരുമാനവും അതിന്നനുസരിച്ചു വർദ്ധിക്കുന്നു. ഈ ഒരു നിലയിൽ അവിടുത്തെ ട്രെയ്ഡ്യൂനിയന്റെ കടമകളെന്തൊക്കെയാണ്? എങ്ങനെയാണ് ആ കടമകൾ നിറവേററപ്പെടുന്നതു്?

വളരെ നല്ല ഭാഷയിൽ ജീവസ്സുള്ള ഒരു ലഘുവിവരണം വഴി ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകുന്ന ഒരു ചെറുഗ്രന്ഥം ഞങ്ങൾ ഇവിടെ സവിനയം അവതരിപ്പിച്ചുകൊള്ളട്ടെ!

എറണാകുളം }
1–7–'57 }

പ്രസാധകന്മാർ.

# ഉള്ളടക്കം


1. ഓക്കായുടെ വക്കത്തു ഒരു വലിയ വ്യാവസായികനഗരം.

2. കാറനിർമ്മാതാക്കളും അവരുടെ ട്രേഡ്‌യൂണിയനും.

3. അംഗങ്ങൾ—സംഘടനയുടെ പരമാധികാരികൾ.

4. വർക്ക്സ്‌കമ്മിററി പ്രവൃത്തിയാരംഭിക്കുന്നു.

5. മാനേജുമെണ്ടും ട്രേഡ്‌യൂണിയനും തമ്മിലുള്ള കൂട്ടുടമ്പടി.

6. ഓരോരുത്തനും അവന്റെ ജോലിക്കനുസരിച്ചു വരുമാനം.

7. കൂലിയേക്കാളും വേഗത്തിൽ ജീവിതനിലവാരമുയരുന്നു.

8. തൊഴിലാളിക്ഷേമത്തിലുള്ള ഉല്ക്കണ്ഠ.

9. വിസിലൂതി; ഇനി —

10. ട്രേഡ്‌യൂനിയൻ പണം.

THE KOTTAYAM PUB
KOTTAYAM.

# ഓക്കായുടെ വക്കത്ത്

"സോവിയററു കാറുകൾ, അതെ കൂടുതൽ കൂടുതൽ സോവിയററു കാറുകൾ!"—ലോകത്തിലെ പല രാജ്യങ്ങളുടേയും റോഡുകളിലും തെരുവുകളിലും ഇന്നു കാണുന്ന ഒരു പ്രധാന കാഴ്ച അതാണ്. അന്യരാജ്യങ്ങളിൽ അതിലുള്ള താല്പര്യം അധികമധികം വർദ്ധിച്ചുവരികയാണ്. ദിവസം പ്രതി യു. എസ്. എസ്സ്. ആറിൽ ലഭിച്ചുകൊണ്ടിരിക്കുന്ന, ദിവസംപ്രതി അവിടുത്തെ പത്രപംക്തികളിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന, എണ്ണമററ കത്തുകളും മററന്വേഷണങ്ങളും ഈ വസ്തുതയുടെ ഏററവും നല്ല തെളിവാണല്ലോ.

അക്കൂട്ടത്തിൽപ്പെട്ട ഒരെഴുത്തിന്റെ കർത്താവായ വോൾഫ്ഗാങ്ങ്ബക്ക് അപേക്ഷിക്കുന്നതു നോക്കുക: "നിങ്ങളുടെ

ആ പുതിയ മോട്ടോർകാറായ 'സിം' കാണാൻ എനിക്കതി യായ ആഗ്രഹമുണ്ടു്. ദയവായി, ഉടനെതന്നെ, അതിന്റെ ഒരു ഫോട്ടോ അയച്ചുതരിക."

ഒരു വെള്ളിമാനിന്റെ അടയാളമുള്ള, സുഖപ്രദവും സുന്ദരവുമായ ആ സെഡാൻ കാറിൽ മാത്രമല്ല, വിദേശരാജ്യ ങ്ങളിലെ പൊതുജനങ്ങൾക്കു ഇന്നു പ്രീതിയുള്ളതു്. സോവി യററുയൂണിയനിലെ മററു പല ജാതി കാറുകളും അവരുടെ ശ്രദ്ധയാകർഷിച്ചിട്ടുണ്ടു്.

ലിബ്സണിൽനിന്നു ഒരു പോർച്ചുഗീസ് വ്യവസായി എഴുതുകയാണ്: "നിങ്ങളുടെ ആ മികച്ച കാറുകളെപ്പററി എനിക്കു വലിയ മതിപ്പായിരിക്കുന്നു. കഴിയുംവേഗം അവ യുടെ ഒരു ക്യാററലോഗയക്കുക."

അങ്ങകലെയുള്ള ന്യൂസിലാണ്ടിലെ ഓക്ക്ലാണ്ടിൽ നിന്നും ഇമ്മാതിരി എഴുത്തുകൾ വന്നുകൊണ്ടിരിക്കുന്നു. അ തിലൊന്നിൽ ഇങ്ങിനെ കാണുന്നു: "ഞങ്ങൾക്ക്, ഈ ന്യൂ സിലാണ്ടുകാർക്ക്, നിങ്ങളുടെ മോട്ടോർകാറുകളിൽ ഒരു സവിശേഷതാല്പര്യം ജനിച്ചിരിക്കയാണ്. അവയെസ്സംബ ന്ധിച്ചു ആവുന്നത്ര വിശദവിവരങ്ങൾ എത്തിച്ചുതരിക"

## പുരാതനമായ ആ റഷ്യൻ ചന്ത—ഇന്നു്

അഭിമാനപൂർവ്വം തലയുയർത്തിനിൽക്കുന്ന ആ മാനി ന്റെ അടയാളമില്ലേ, അതു് ഒരു പഴയ റഷ്യൻപട്ടണമായ നിഷ്ണിയിലെ കുലചിഹ്നമാണ്. മോസ്ക്കോയുടെ ഒരു കൊച്ചനുജനായിരുന്നു അന്നു നിഷ്ണി.

വിപ്ലവത്തിന്നും മുമ്പേതന്നെ നിഷ്ണിനോവ്ഗ റോഡ്, പ്രദർശനച്ചന്തകൾക്കു പ്രസിദ്ധമായിരുന്നു. പല

പൗരസ്ത്യ പാശ്ചാത്യരാജ്യങ്ങളിൽനിന്നും, അതു അനേ വ്യാപാരികളേയും വ്യവസായികളേയും ആകർഷിച്ചിരുന്നു.

ഇന്നും അതു പ്രസിദ്ധമാണ്. കാരണം, മററു ചില താണെന്നു മാത്രം. മഹാനായ മാക്സിംഗോർക്കി ജനിച്ചു വളർന്നതും കുട്ടിക്കാലം കഴിച്ചുകൂട്ടിയതുമായ ഈ പട്ടണം ഇന്നു ആ പേരിലാണറിയപ്പെട്ടുന്നതു്.

യന്ത്രനിർമ്മാണവ്യവസായത്തിലെ ഒരു വൻകിട കേന്ദ്ര മാണ് ഇന്നു ഗോർക്കിനഗരം. കപ്പലുകളും കമ്പസ്റ്റൻ എഞ്ചിനുകളും യന്ത്രഭാഗങ്ങളും എണ്ണയുല്പാദനോപകര ണങ്ങളും തുടങ്ങി പ്രധാനപ്പെട്ട പലതും അതാണ് ഇന്നു നാടിനു നൽകുന്നതു്.

എന്നാൽ ഇതിലും ശ്രദ്ധേയമായ അതിൻെറ സവി ശേഷത, മോളട്ടോവ് മോട്ടോർ വർക്സ് അവിടെയാണുള്ള തെന്നതാണ്. ഓക്കായുടെ വക്കത്താണ്, അതെ അതു വോൾഗായിലേക്കു കുതിച്ചുചാട്ടുന്നിടത്തുതന്നെയാണ്, ആ യന്ത്രയാല. ഗംഭീരമായ ആ മോട്ടോർവർക്സിൽനിന്നാണ്, മുമ്പറഞ്ഞ 'സിം' കാറുകൾ പുറത്തുവരുന്നതും.

'സിം' എന്നതിൻെറ സംപൂർണ്ണരൂപമെന്താണെന്നോ: സഖോദ് ഇമേനി മൊളോട്ടോവ്. മഹാനായ മൊളോട്ടോ വിനുതന്നെയാണ് അതു സമർപ്പിക്കപ്പെട്ടിരിക്കുന്നതെന്നർത്ഥം.

## ആവശ്യമായ ഒരു വ്യാവസായീക ബന്ധം

ഓക്കായുടെ കരയിലുള്ള ആ മൊണാസ്റ്റിർക്കാ കുഗ്രാമ മൊഴിച്ചാൽ, ഇന്നത്തെ ഗോർക്കിനഗരത്തിൻെറ പരിസര മാകെ, 1930കാലത്തു തീരെച്ചും തരിശായികിടക്കുകയായി രുന്നു. ഈ തരിശിലാണ്, ഭാവിയിൽ ചരിത്രപ്രധാനമാ വാനിരിക്കുന്ന ആ മോട്ടോർപ്ലാൻറിനു കല്ലിട്ടതു്.

യന്ത്രശാലക്കു രൂപമിടാൻ ആസ്റ്റിൻ—ഫോർഡ് വിദഗ്ധന്മാർ അന്നവിടെ വന്നിരുന്നു. വൻകിട മുതലാളിത്ത കമ്പനികളും യന്ത്രോപകരണങ്ങളത്യാവശ്യമായിരുന്ന കൊച്ചു സോവിയററുയൂനിയനും തമ്മിലുണ്ടാക്കിയ നേരിട്ടുള്ള ഒരു ബിസിനസ്സ് ബന്ധം.

അമേരിക്കൻ കമ്പനികളിൽനിന്നുതന്നെയാണ് അതിന്നാവശ്യമായ യന്ത്രോപകരണങ്ങളിൽ ഒരു വലിയ വിഭാഗം അന്നു ഇറക്കുമതിചെയ്തതു്. അതിന്റെ പണി, വാസ്തവത്തിൽ, ആ രണ്ടു രാജ്യങ്ങളും തമ്മിലുള്ള വാണിജ്യധാരണയെ വളരെയധികം വികസിപ്പിച്ചു.

1932 ജനവരി 1—ാംനു, അതായതു് കല്ലിട്ടു രണ്ടുകൊല്ലം തികയുന്നതിനുമുമ്പ്, മൊളോട്ടോവ് മോട്ടോർവർക്സിൽ ശരിയ്ക്കുമുള്ള കാർ നിർമ്മിതിയാരംഭിക്കുകയുണ്ടായി.

## കാൽശതാബ്ദം കഴിഞ്ഞു്

അതു നടന്നിട്ട് കാൽശതാബ്ദമായിരിക്കുന്നു, ഇപ്പോൾ. മേലേക്കിട മലകേറി ലോറി (ഗാസ് 63)യും ഉല്ലാസയാത്രക്കുള്ള സിമ്മുമടക്കം മുപ്പതോളം വ്യത്യസ്തജാതി മോട്ടോറുകൾ ഇന്നവിടെ നിർമ്മിച്ചിറക്കുന്നു.

നിരവധി വകുപ്പുകളും യന്ത്രവിഭാഗങ്ങളുമടങ്ങുന്ന ഒരു ഭീമാകാരയന്ത്രശാലയാണ് ഗോർക്കിയിലെ ആ മൊളോട്ടോവ് മോട്ടോർ ഫാക്ടറി. ടാറിട്ട റോഡുകളും, കല്ലുപാകിയനിരത്തുവക്കുകളും കമനീയമായ പൂന്തോട്ടങ്ങളും വഴിക്കവലകളും മററും മററുമുള്ള അതു്, അതിൻേറതായ ഒരു പുതിയ പട്ടണംതന്നെയാണ്.

വേനൽക്കാലത്തുപോലും അതിനുചുററും പച്ചക്കാടുകളും മരക്കൂട്ടങ്ങളുമാണ്. ഈ മനോഹരങ്ങളായ തണൽമര

ങ്ങളിലധികവും ഫേക്ടറിയ്ക്കു കല്ലിട്ട അതേയവസരത്തിൽ അതിയോടൊപ്പം വെച്ചുപിടിപ്പിച്ചവയാണ്. അങ്ങിനെ, തണൽനിറഞ്ഞ പുരാതനമായ ഒരു കേളീവനത്തിന്റെ മട്ടക്കാണ്, അല്ലാതെ, നദീതീരത്തിലുള്ള തരിശിലല്ല ആ ഫാക്ടറി പണിതതെന്നേ ഇന്നു പുതിയൊരാൾക്കു തോന്നൂ.

ഈ യന്ത്രശാലയുടെ നാലുവശത്തുമായി, ശോക്കിയുടെ ഏററവും വലിയതെന്നു പറയാവുന്ന ഒരു പുതിയ ജില്ലയുളുവന്നിരിക്കുന്നു. സശ്രദ്ധമായി പ്ലാനിട്ടുപണിത തെരുവുകളും, നിരവധി വീട്ടുകളൊതുങ്ങുന്ന ഗംഭീരങ്ങളായ വാസകേന്ദ്രങ്ങളും, ആഫീസ്സുകളും സാംസ്കാരിക–സാമൂഹ്യരക്ഷാസ്ഥാപനങ്ങളും നിരവധിയുള്ള ഒരു കൊച്ചുനഗരം.

അതിന്നപ്പുറത്താണെങ്കിലോ, നൂറുകണക്കിൽ ഏക്കർ സ്ഥലത്ത് തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും കായ്കനിത്തോട്ടങ്ങളും, ആ കാറുനിർമ്മാതാക്കളുടെതന്നെ പൂങ്കാവനങ്ങളുമാണ്.

അങ്ങിനെ, ഇതാണ് ആ വൻകിട തൊഴിൽശാലയുടേയും അവിട്ടത്തെ ജോലിക്കാരുടേതായ അതിനു ചുററുമുള്ള ആ നഗരത്തിന്റേയും പൊതുവിലുള്ള കാഴ്ച. അതിനെയെല്ലാംപററി, വിശേഷിച്ചും അവിട്ടത്തെ ജോലിക്കാരേയും അവരുടെ ജീവിതത്തേയംപററി, അവരുടെ ജോലി–ജീവിതനിലവാരങ്ങളുടെ കാര്യത്തിൽ ആരെല്ലാം എങ്ങിനെയെല്ലാം ശ്രദ്ധിക്കുന്നുവെന്നതിനെപ്പററി, അവരുടെ സാംസ്കാരികദാഹത്തിനെന്തുമാത്രം ശമനം ലഭിക്കുന്നുവെന്നതിനെപ്പററി, അറിയാനാഗ്രഹമില്ലേ, വായനക്കാരെ നിങ്ങൾക്ക്? നിശ്ചയമായും ഉണ്ടാവും. ഇതാ, കഴിയുന്നത്ര വിശദമായി, ഞങ്ങൾ അക്കാര്യം ഇവിടെ വിവരിക്കുകയാണ്.

# ആ കാറുനിർമ്മാതാക്കളും അവരുടെ ട്രേഡ് യൂനിയനും

## ഒരു പഴയ തൊഴിലാളി കഥ പറയുന്നു

ഇന്നവിടെ ജോലിചെയ്തുകൊണ്ടിരിക്കുന്നവരിൽ പലരും അതിന്റെ കല്ലിട്ടവരുടെ കൂട്ടത്തിൽപ്പെട്ടവരാണ്. അതിലെ പ്രധാന കോൺവെയറിലെ ഫിററർമാരിലൊരാളായ സിഡോറെങ്കോവ് അതിലൊരാളാണ്. ഇരുപത്തിനാലുവയസ്സുള്ള ഒരു യുവാവെന്ന നിലയിലാണ് സിഡോറെങ്കോവ് ആ നിർമ്മാണകേന്ദ്രത്തിലേക്കു വന്നതു്; ഒരു ചുമട്ടുകാരനായിട്ട്. പക്ഷെ, അധികം താമസിയാതെ അയാൾ ഒരു ഫിററരായി; പിന്നെ മെയിൻ കോൺവെയറിലുമായി.

 No. 11164

സിഡോറെങ്കോവിനു ഇനിയും അമ്പതു തികഞ്ഞിട്ടില്ല. പക്ഷെ, പഴയ കാര്യങ്ങൾ കൂടെക്കൂടെ അനുസ്മരിക്കുന്ന ആ മനുഷ്യൻ ഇപ്പോഴും തികച്ചും ശക്തനും അതിലേറെ ഉത്സാഹിയുമാണ്.

പലർക്കും അറിഞ്ഞുകൂടാ, ഫാക്ടറിയുടെ ആ പഴയ കഥ. തന്റെ പതിനെട്ടുവയസ്സുകാരനായ പുത്രനും ഏതാനും കൂട്ടുകാരുമായി മോട്ടോർ വർക്കിലേക്കു നടക്കുമ്പോൾ അതൊക്കെ അയാൾക്കവരെ അടിക്കടി അറിയിച്ചേ തീരൂ:

"ദേ ഈ ബ്ലോക്കു നോക്കിയേ......ഇതിന്റെ അടിത്താഴെയിലേക്കു ഞാൻ സിമന്റ് ചോന്നിട്ടുണ്ട്. ഇന്നോ അതു നമ്മുടെ ഫോർജ്ഷോപ്പാണ്." ചാരനിറത്തിലുള്ള ഒരു ഫാക്ടറിക്കെട്ടിടത്തെപ്പററിയാണ് അയാളതു പറഞ്ഞതു്. അടുത്തതായി വേറൊന്നാണ്:

"അവിടെ, അങ്ങകലെ കാണുന്ന ആ മരംകീറിയന്ത്രം ഇറക്കിവെക്കാൻ ഞാനും ഉണ്ടായിരുന്നു. അന്നതു അന്യരാജ്യത്തുനിന്നു വരുത്തിയതായിരുന്നു. ഇന്നോ, നമുക്ക് നമ്മുടെ സ്വന്തം വുഡ്-കട്ടറുകളുണ്ട്."

കാറുനിർമ്മാണപ്രവർത്തനത്തിലെ പല വിഭാഗം ആൾക്കാരുമായി സിഡോറെങ്കോവിനു പണിയെടുക്കാനവസരം ലഭിച്ചിട്ടുണ്ട്. കോൺവെയറിലെ അസംബ്ലർമാർ, ഫോർജ്-പ്രസ് ഓപ്പറേറർമാർ, റെയിൽവെജോലിക്കാർ, ഫർണീച്ചർനിർമ്മാണകർ--അങ്ങിനെ പലരും പലരും.

അവരെല്ലാംചേന്ന--ലോഹപ്പണിക്കാരും മരപ്പണിക്കാരും റെയിൽപ്പണിക്കാരും സാധാരണജീവിതത്തിലവരെ സഹായിക്കുന്നവരും മററും മററും—'ഒരു സംഘടിതകൂട്ടപ്രവൃത്തികേന്ദ്രമാണ് ആ വലിയ 'മോട്ടോർവർക്ക്സ്.' അവരെല്ലാവരുംതന്നെ ഒരേ ട്രേഡ്യൂണിയനിലുൾപ്പെടുന്നു:

പൊതുവായി, യന്ത്രനിർമ്മാണകയൂനിയത്തിലും പ്രത്യേക മായി, അതിൻെറ ഘടകമെന്ന നിലക്കു തങ്ങളുടെ വർക്സ് സംഘടനയിലും.

അങ്ങിനെ, വിവിധങ്ങളായ ഈ സവിശേഷതകളെ ല്ലാമൊന്നിച്ചുചേൎന്നു്, വ്യക്തമായ ഒരു വ്യാവസായിക ത ത്വദീക്ഷയുടെ അടിസ്ഥാനത്തിൽ, അവരുടെ ആ പ്രസ്ഥാന ത്തെ അത്യത്ഭുതകരമായ ഒരു ബലിയ ശക്തിയായി മാററി യിരിക്കയാണു്.

## വൎക്ക്സും അതിൻെറ ഷോപ്പുഘടകങ്ങളും

ഓരോ ഷോപ്പിനും, പൊതുവായ പണിശാലയുടെ ഭാ ഗമെന്ന നിലക്കു്, അതിൻേറതായ പ്രത്യേക ട്രേഡ്യൂണി യൻ ഘടകമുണ്ടു്. ഈ ഷോപ്പ്സംഘടനയുടെ രൂപം, വ ൎക്ക്സ് ട്രേഡ്യൂണിയൻ സംഘടനയുടെ സവിശേഷസ്വഭാവ മായ, ജോലി വൈവിദ്ധ്യമല്ല. ഉദാഹരണമായി, മെയിൻ കോൺവെയർ ഷോപ്പിലെ ആളുകളിൽ തൊണ്ണൂറുശതമാ നംപേരും ഫിററർ—അസംബ്ലർമാരാണ്.

അല്ലെങ്കിൽ ഒന്നാംനമ്പർ ഫൌണ്ടറിയെടുത്തോളൂ: പൊതുവെ പറഞ്ഞാൽ ഫൌണ്ടറെന്ന വിഭാഗത്തിൽ പോ ററർമാർ, മോൾഡർമാർ, കുപ്പോളക്കാർ, ചാൎജ്ജർമാർ എ ന്നിവരാണുൾപ്പെടുക. പക്ഷേ, വളരെ കുറച്ചുപേരേയുള്ളു, അതുതന്നെയും പലപ്പോഴും താല്ക്കാലികവുമാവും, എന്നിരു ന്നാൽപോലും, ഈ ഫൌണ്ടറിഷോപ്പിൽ ഫിററർമാരും എലക്ട്രിഷ്യന്മാരും യന്ത്രോപകരണറിപ്പയർമാരും മററു മുണ്ടു്.

മേല്പറഞ്ഞ ഷോപ്പു ട്രേഡ്യൂനിയനുകളെത്തന്നെ വീണ്ടും ചെറുചെറു ഘടകങ്ങളായി വിഭജിച്ചിരിക്കുന്നു. ഉദാഹര

ണ മായി, ഫൌണ്ടറി ഒന്നിൽ, ഫോർമാൻ നിക്കളോയ് ഇസ്സെലോവിൻെറ നേതൃത്വത്തിലുള്ള മോൾഡിങ്ങ് സെക്ഷൻ. ഈ സെക്ക്ഷനിലുള്ള 30ൽ 27 പേരും, മണലും രാസവസ്തുക്കളും ചേർത്തു പല ജാതി മോൾഡുകളുണ്ടാക്കുന്നവരാണ്, മോൾഡിങ്ങ് സെക്ക്ഷൻ ട്രേഡ്‌യൂണിയൻ ഗ്രൂപ്പുവഴി ഇവരെല്ലാം ട്രേഡ്‌യൂണിയനംഗങ്ങളുമാണ്.

മെയിൻകോൺവേയറിലെ തൊഴിലാളികളേയും 15ഉം 20ഉം പേരടങ്ങുന്ന ബ്രിഗേഡുകളെന്ന നിലയ്ക്കു വിവിധ സെക്ക്ഷനുകളാക്കി വിഭജിച്ചിരിക്കുന്നു: ട്രേഡുയൂനിയൻ സംഘടനയുടെ പ്രാഥമികഘടകവും കണ്ണിയുമാവും ബ്രിഗേഡുകളായറിയപ്പെടുന്ന ഈ കൊച്ചുകൊച്ചു ട്രേഡുയൂണിയൻ ഗ്രൂപ്പുകൾ.

ഇങ്ങിനെ, ചെറുതും അതേസമയം ഏകീകൃതവുമായ ആയിരക്കണക്കിലുള്ള ട്രേഡ്‌യൂനിയൻ ഗ്രൂപ്പുകളുണ്ട് ഈ മോട്ടോർവർക്കിൽ. ട്രേഡുയൂണിയണിൽപ്പെട്ട ഓരോ അംഗത്തേയും അയാളുടെ ജോലിയുടെ സവിശേഷസ്വഭാവത്തേയും പ്രത്യേകം മനസ്സിലാക്കാനും, അയാളുടെ ആവശ്യങ്ങൾ തീർത്തും സാധിച്ചുകൊടുക്കുന്നുവെന്നുറപ്പുവരുത്താനും ഈ സമ്പ്രദായം, ട്രേഡുയൂനിയൻ നേതാക്കളെ സഹായിക്കുന്നു.

## വിജയകരവും പരീക്ഷിതവുമായ ഒരു പാഠം

ഗോർക്കിയിലെ മൊളോട്ടോവ് മോട്ടോർഫാക്ടറിയിലെ ട്രേഡ്‌യൂണിയൻസംഘടനയുടെ ഘടനയാണ് മേല്പറഞ്ഞത്. വ്യാവസായികതത്വദീക്ഷയെ (ഇൻഡസ്ട്രിയൽ പ്രിൻസിപ്പ്ൾ) അടിസ്ഥാനപ്പെടുത്തിയുള്ള ഈ ഘടനയുടെ ഇത്രയും കാലത്തെ അനുഭവം, അതു് ട്രേഡ്‌യൂനിയൻ സംഘടനയുടേയും നിർമ്മാണപ്രവർത്തനത്തിലുള്ള അടി

യുറച്ച കാര്യക്ഷമതയുടേയും ലക്ഷ്യങ്ങൾക്കൊത്തതാണെന്നു തീകച്ചും തെളിയിച്ചിരിക്കുന്നു.

അതിലെ അംഗങ്ങളാൽതന്നെ തിരഞ്ഞെടുക്കപ്പെടുന്ന നേതാക്കളുടെ നിയന്ത്രണത്തിന്നു വിധേയമാണ്, ഓരോ പ്രാഥമികട്രേഡ്യൂനിയൻ ഘടകവും. ഈ ഓരോ ട്രേഡ് യൂനിയൻ ഗ്രൂപ്പും അതിന്റേതായ സംഘടകന്മാരേയും തിരഞ്ഞെടുക്കാറുണ്ട്. ഒന്നാംനമ്പർ ഫൌണ്ടറിയിലെ പോറിങ്ങ്–ബേയ്സ് അംഗങ്ങൾ, ഇപ്പോൾ നാലാമത്തെ തവണയാണ് വാസിലി ടെൽക്കോവിന്നു ആ ബഹുമതി തുടർന്നു നൽകുന്നതു്.

അലക്സാണ്ടർ സിഡോറെങ്കോവിന്നു ശേഷമാണ് അയാൾ വക്ക്സിലേക്കു വന്നതു്. പക്ഷേ അയാളും സിഡോറെങ്കോവിനെപ്പോലെ പലതും പഠിച്ച ഒരാളാണ്. തന്റെ കൂട്ടുകൃഷിസംഘമാണ് ആ നാട്ടിൻപുറത്തുകാരനെ അങ്ങോട്ടയച്ചതു്; വ്യവസായത്തിൽ പരിശീലനം നേടാൻ. അങ്ങിനെ, ഫൌണ്ടറിക്കെട്ടിടത്തിൽ ഒരാശാരിയായി അയാൾ ജോലിയിൽ ചേന്നു.

പക്ഷേ അവിടെ ആദ്യത്തെ ചൂളയൊരുക്കുന്നതു കണ്ടപ്പോൾതന്നെ, അവിടെ ജോലിയ്ക്കു നില്ക്കാൻ അയാൾക്കു കൊതിയായി. പിന്നെ അധികം താമസിയാതെ കാസ്റ്റിങ്ങു വകുപ്പിൽ ഒരു മോൾഡറായി.

അപ്പോൾ സ്വാഭാവികമായും തന്റെ ജോലിയുടേയും സഹപ്രവത്തകരുടേയും ആവശ്യങ്ങളെന്തെല്ലാമെന്നു് അയാളറിഞ്ഞിരിക്കുമല്ലോ. മോൾഡർമാരുടെ ജോലി–ജീവിതനിലവാരം ഉയർത്തുവാനും തങ്ങളുടെ സാംസ്കാരികാവശ്യങ്ങൾ നിർവ്വഹിക്കുവാനുംവേണ്ടി അയാൾ തന്റെ മുഴുവൻ കഴിവും വിനിയോഗിക്കുന്നു.

## യഥാൎത്ഥട്രേഡ്യൂനിയൻജനാധിപത്യം

ഷോപ്പ് ട്രേഡ്യൂനിയൻ സംഘടനയുടെ നേതൃത്വവും നിയന്ത്രണവും തിരഞ്ഞെടുക്കപ്പെടുന്ന ഷോപ്പ്കമ്മിററിയ്ക്കാണ്.

ഇക്കഴിഞ്ഞ ജനുവരിയിലാണ് (1954) മെയിൻ കോൺവെയർ ഷോപ്പുകമ്മിററിയും തിരഞ്ഞെടുക്കപ്പെട്ടതു്. ഷോപ്പിൽ മൂന്നു ഷിഫ്ററു ജോലി നടക്കുന്നതുകൊണ്ടു മൂന്നു തവണയായി വേണ്ടിവന്നു ആ തിരഞ്ഞെടുപ്പും.

തിരഞ്ഞെടുപ്പിനുമുമ്പ് മുൻ കമ്മിററിയുടെ കഴിവുകളേയും കഴിവുകേടിനേയും കഴിഞ്ഞ കാലപ്രവൎത്തനങ്ങളേയുമെല്ലാംപററി വാദപ്രതിവാദം നടത്തുകയും വിലയിരുത്തുകയും പതിവാണ്. ട്രേഡ്യൂനിയൻ ഗ്രൂപ്പ്മീററിങ്ങുകളിലും ഷിഫ്ററുമീററിങ്ങുകളിലുമായി ജോലിക്കാരിൽ 25 ശതമാനവും ഈ വാദപ്രതിവാദങ്ങളിലും അഭിപ്രായപ്രകടനങ്ങളിലും സജീവം സംബന്ധിച്ചു. പിന്നെയാണ് രഹസ്യവോട്ടുവഴി, പുതിയ കമ്മിററിയെ തിരഞ്ഞെടുത്തതു്

ഈ എല്ലാതരം പ്രാഥമിക ട്രേഡ്യൂനിയൻഘടകങ്ങളേയും നയിക്കുക, ഫാക്ടറിയിലെ കേന്ദ്രീകൃത വൎക്ക്സ് കമ്മിററിയാണ്. കാൎയ്യമായ ആധികാരികശക്തിയുള്ളതാണ് ഈ കമ്മിററി. മാനേജുമെണ്ടും മേലെക്കിട ധനകാൎയ്യസമിതികളും മററുമായുള്ള കൂടിയാലോചനകളിൽ ഈ വൎക്ക്സ് കമ്മിററിയാണ്, തൊഴിലാളികളെയും മററു പ്രവൃത്തിക്കാരെയും പ്രതിനിധീകരിക്കുന്നത്.

അങ്ങിനെ വർഷംതോറും വിവിധ ട്രേഡ്യൂനിയൻ കമ്മിററികളുടെയും അവയുടെ പല പടവുകളിലുമുള്ള നേതാക്കളേയും തിരഞ്ഞെടുക്കുകയെന്നതുതന്നെ ആ മൊളോട്ടോവ് മോട്ടോർകാർ നിർമ്മാതാക്കളുടെ ജീവിതത്തിലെ ഒരു വലിയ സംഭവമാണ്.

# അംഗങ്ങൾ—സംഘടനയുടെ പരമാധികാരികൾ

## യോഗമല്ല; സമ്മേളനം—എന്തുകൊണ്ടു്?

മുൻകൊല്ലത്തെക്കുറിച്ചുള്ള പല റിപ്പോർട്ടുകളും കേൾക്കുകയും പുതിയ നേതാക്കളെ തിരഞ്ഞെടുക്കുകയും ചെയ്ത മൊളോട്ടോവ് മോട്ടോർകാർഫാക്ടറിയിലെ 1954ലെ ട്രേഡ് യൂനിയൻ സമ്മേളനത്തെ (കോൺഫ്രൻസ്) കുറിച്ചാണ് ഇനിയിവിടെ പറയാൻപോകുന്നതു്.

പതിനായിരക്കണക്കിൽ തൊഴിലാളികളും മററു പ്രവൃത്തിക്കാരുമുള്ള ഒരു ഫാക്ടറിക്കു അതിലെ എല്ലാവരുടെയും ഒരു സമ്പൂർണ്ണപൊതുയോഗം (ജനറൽ മീററിങ്ങ്) ചേരുകയെന്നത് പലപ്പോഴും പ്രായോഗികമല്ല. കാരണം അങ്ങിനെ ഒരു യോഗം കൂടാൻപററിയ ഒരു ഹാളില്ലല്ലോ, പാരീസ്സിലെ വെലോഡ്രോമെപോലും. ഗോർക്കിയിലും ഉണ്ടായിക്കഴിഞ്ഞിട്ടില്ല, ഇന്നിയും അങ്ങിനെയൊരു സ്ഥലം.

അതുകൊണ്ടു്, യു. എസ്. എസ്സ്. ആറിലെ ട്രേഡ്‌യൂനിയൻ നിയമപ്രകാരം ട്രേഡ്യൂനിയൻഅംഗങ്ങളുടെ കോൺഫ്രൻസുകൾ കൂട്ടുന്നു. അതിനുതന്നെയും, ജനബാഹുല്യം നിമിത്തം മൊളോട്ടോവ് മൊട്ടോർവക്ക്സ് ട്രേഡ്‌യൂനിയന്നു ആ ജില്ലയിലുള്ള ഏററവും വലിയ ഹാളെടുക്കേണ്ടിവന്നു: ശില്പകലാവിലാസത്തിനൊത്തവിധത്തിൽ, 1939ൽ പണികഴിച്ചു, ഏററവും വലിയ കൺസെർട്ട്-സിനിമാശാല.

രാജ്യത്തിലെ പ്രധാനപ്പെട്ട നാടക-ഗായകസംഘങ്ങളും സംഗീതസംഘടനകളും അതുപോലെ പലതും അവിടെ വരാറുണ്ടു്. അമ്മാതിരി കലാപരിപാടികളില്ലാത്ത ദിവസം, അവിടെ സിനിമ കാണും.

തങ്ങളുടെ സമ്മേളനകാലത്തു ഈ സ്ഥലം, ട്രേഡ്യൂനിയൻകമ്മിററിയുടെ കയ്യിലായിരുന്നു. ഇവിടെവെച്ചാണു കോൺഫറൻസിലേക്കുള്ള എണ്ണൂറ, പല വകുപ്പുകളിലും പെട്ട, പ്രതിനിധികളെ തിരഞ്ഞെടുത്തതു്. ട്രേഡ്‌യൂനിയൻ സംഘടകന്മാരുടെ തിരഞ്ഞെടുപ്പുപരമ്പരയ്ക്കു മകുടം ചാർത്തുന്ന ഒരു സംഭവമാണു വക്ക്സ്കമ്മിററി തിരഞ്ഞെടുപ്പ്.

കോൺഫറൻസിന്നു വളരെ മുമ്പേതന്നെ ഷോപ്പ്-ഗ്രൂപ്പ് ട്രേഡ്യൂനിയൻയോഗങ്ങൾ നടന്നു. ഷോപ്പുമീററിങ്ങിൽവെച്ചാണു്, രഹസ്യബാലട്ടുമുഖാന്തിരം, വക്ക്സ് ട്രേഡ്യൂനിയൻ കോൺഫറൻസിലേക്കു പ്രതിനിധികളെ തിരഞ്ഞെടുത്തതു്.

നേരത്തെ വന്ന ഹേമന്തസന്ധ്യയോടുകൂടിത്തന്നെ പ്രതിനിധികളെക്കൊണ്ടു് കൺസർട്ട്-സിനിമാശാല നിറയുകയായി. നമ്മുടെ പരിചിതനായ അലക്സാണ്ടർ നിഡോറെങ്കോവുമുണ്ടു അക്കൂട്ടത്തിൽ. തന്റെ ഷോപ്പിൽനി

ന്നുള്ള മററു പ്രതിനിധികളുടെ തൊട്ടടുത്തുതന്നെ ഇഷ്ടനും വേഗം സ്ഥലം പിടിച്ചു.

## ഇവരെ പരിചയപ്പെടുക

ആ വരുന്ന രണ്ടു ചങ്ങാതിമാരെ നോക്കു: ഒന്നു് കിളിരം കൂടിയ, ഇരുണ്ട, ഒരു വൃദ്ധയുവാവു്. മററൊന്നു്, ഉറച്ച ശരീരവും വെളുത്ത നിറവുമുള്ള ഒരു കുറിയ മനുഷ്യൻ. ഫോട്ടഷോപ്പിൽനിന്നാണു ആ വരവെന്നു് വെയിൽകാഞ്ഞ മാതിരിയുള്ള അവരുടെ മുഖം വിളിച്ചുപറഞ്ഞു. അതേ, അവരുതന്നെയാണു്: ഫോർജ്—പ്രസ്സ് ഓപ്പറേററർമാരായ സിമയോൺ കോളോററിൻസ്കിയും ആൻഡ്രി സഗോർണിയുമാണതു്.

ഒരു ഉക്രേനിയൻഗ്രാമത്തിൽനിന്നുംവന്ന പഴക്കം ചെന്ന ആ സഗോർണിയും മററു പലരേയുംപോലെ, ഒരുഅവിദഗ്ദ്ധ കെട്ടിടപ്പണിക്കാരനായിട്ടാണ് ഇവിടെ തൻെറ ജീവിതമാരംഭിച്ചതു്. ഇന്നദ്ദേഹം ഫോർജ്—പ്രസ്സിനെസംബന്ധിച്ചേടത്തോളം ഒരു വലിയ വിദഗ്ദ്ധനാണു്. അവിടുത്തെ സാങ്കേതികപുരോഗതിയിൽ അദ്ദേഹത്തിൻെറ പല സംഭാവനകളുമുണ്ടു്; സോവിയററിലെ ഏററവും വലിയ വിജ്ഞാനകോശത്തിൽ സഗോർണിയെപ്പററി ഒരു ലേഖനംകാണാം.

ആ ഫോർജുമാന്മാരുടെ അടുത്തിരിക്കുന്നതു് രണ്ടാം നമ്പർ മെക്കാനിക്കൽ അസംബ്ളി ഷോപ്പിലെ പ്രതിനിധികളാണു്. ഏററവുമധികം പ്രതിനിധികളുള്ള വിഭാഗവും മെക്കാനിക്കലാണു്.

അക്കൂട്ടത്തിൽ കാണുന്ന ആ മദ്ധ്യവയസ്കയാണു്. അനസ്റ്റാസ്യ സോസിനാ—ടക്കു് ഓപ്പറേററർ. മൂന്നു വഷമേ ആയിട്ടുള്ളു അവരവിടെ പണിക്കു് ചേന്നിട്ടു്. പക്ഷെ സഹപ്ര

വർത്തകർ, ഒരു സജീവ സാമൂഹ്യസേവികയെന്നനിലക്ക് അവരെ ആഹ്ലാദപൂർവ്വംതന്നെ ഒരു പ്രതിനിധിയായി തിരഞ്ഞെടുത്തു.

സമ്മേളന സിക്രട്ടറിമാരുടെയും പ്രസീഡിയത്തിൻെറയും തിരഞ്ഞെടുപ്പിനു് പത്തു മിനുട്ടേ വേണ്ടിവന്നുള്ളു. എന്നിരുന്നാലും, ഏററവും വലിയ ഷോപ്പുകളായ മെയിൻ കോൺവെയർ, ടൂൾമെയ്ക്കിങ്ങ്, മോട്ടോർ, ഫോർജസ്, ഫൌണ്ടറി, റെയിൽവെ. ഇവയുടെയെല്ലാം പ്രതിനിധികൾ പ്രസീഡിയത്തിലുണ്ടായിരുന്നു. പിന്നെ ആൻടിസ ഗോർണിയും ട്രേഡ്യൂണിയൻ സെൻട്രൽ കമ്മിററി ചെയർമാനും.

## വിശദവും വിദഗ്ദ്ധവുമായ റിപ്പോർട്ടിങ്ങ്

ചെയർമാൻ മിഖെയിൽ മാക്സിമോവ് സമർപ്പിച്ച വക്സ് ട്രേഡ്യൂനിയൻകമ്മിററിയുടെ റിപ്പോർട്ട് ഒന്നര മണിക്കൂർ സമയംകൊണ്ടാണ് വായിച്ചുതീർന്നതു്.

അമ്മാതിരിയുള്ള ഒരു വൻകിട ഫാക്ടറിയിലെ ട്രേഡ് യൂണിയൻ പ്രവത്തനം ബഹുമുഖവും സങ്കീർണ്ണവുമായിരിക്കും; ഒരു റിപ്പോർട്ടിൽ അതെല്ലാം സ്പർശിക്കുക അസാദ്ധ്യവുമാണ്.

പക്ഷേ, മാക്സിമോവിൻെറ ഈ ഭാരിച്ച ചുമതല വളരെയധികം ലഘൂകരിച്ചിരുന്നു, തൊട്ടു മുമ്പു നടന്ന 22 ഷോപ്പു ജനറൽ മീററിങ്ങുകളിൽ നടന്ന അതാതു ഷോപ്പുകളുടെ റിപ്പോർട്ടിങ്ങ്. അതുകൊണ്ടു് പരമാവധി പ്രാധാന്യമുള്ള വിഷയങ്ങൾ മാത്രമേ അദ്ദേഹം പരാമർശിച്ചിരുന്നുള്ളു.

എന്നിട്ടും ഉല്പാദനം, കൂലിവ്യവസ്ഥ, തൊഴിലാളികളിൽനിന്നുണ്ടാകുന്ന കണ്ടുപിടുത്തക്കാർക്കുള്ള സഹായസഹ

കരണം, ആദായകരമായ ക്രമീകരണം, തൊഴിലാളിരക്ഷ, (ലേബർ പ്രൊട്ടക്ഷൻ) സോഷ്യൽ ഇൻഷൂറൻസ്, ഭവന നിർമ്മാണ–താമസസൌകര്യങ്ങൾ, സാംസ്കാരിക സഹായം എന്നിവയെപ്പററിയെല്ലാമുള്ള പത്തു വിഭാഗങ്ങളുണ്ടായിരുന്നു അതിൽ. പ്രതിനിധികളിൽ അധികംപേരും നേരത്തെ നന്നായറിയുന്ന വിഷയങ്ങളായിരുന്നിട്ടും നൂറോളം കുറിപ്പുകൾ വന്നു—പലതിനേയും പററിയുള്ള കൂടുതൽ വിശദീകരണത്തിന്നു്.

വർക്ക്സ് ട്രേഡ്യൂയൂനിയൻ കമ്മിററി ചെയർമാൻെറ വാക്കുകളെ ഇങ്ങനെ സംക്ഷേപിക്കാം: "നമ്മുടെ തൊഴിൽശാല വളരെയധികം വിപുലമാവുകയാണ്. അതിനൊപ്പിച്ചു പല ജാതി മോട്ടോർകാറുകൾ നിർമ്മിക്കുന്നതിലുള്ള അതിൻെറ ഉല്പാദനശേഷി വളരെയധികം വർദ്ധിച്ചിരിക്കുകയുമാണു്".

"നമ്മുടെ രാജ്യത്തിൻെറ മദ്ധ്യമേഖലയിലും, കാകേഷ്യൻമലകളിലും കഴിഞ്ഞ കൊല്ലം ഡസൻകണക്കിൽ വൻകിട സ്റ്റേററുകൂട്ടുകൃഷിപ്പാടങ്ങളുയർന്നുവന്ന സൈബീരിയായിലേയും കസാക്സ്ഥാനിലേയും ചെങ്കുത്തായ വഴിയിടുക്കുകളിലും, വടക്കൻമേഖലയിലെ വനങ്ങളിലും എന്നുവേണ്ട അനന്തമായി നീണ്ടുകിടക്കുന്ന നമ്മുടെ മാതൃഭൂമിയിലാകമാനം നാമുണ്ടാക്കുന്ന മോട്ടോർവാഹനങ്ങൾ ആവശ്യമുണ്ടു്. എന്തിനു്, പല വിദേശരാജ്യങ്ങൾക്കൂടിയും ഇവിടെ ഗോർക്കിയിലെ മൊളോട്ടോവ് മോട്ടോർവർക്ക്സിലുണ്ടാക്കുന്ന കാറുകൾനിരയെ കാണാം. ഭാവിയിൽ കൂടുതൽ നല്ല പ്രതീക്ഷയ്ക്കു വഴിയുണ്ടുതാനും.

"നമ്മുടെ ജോലിനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വർക്ക്സ്കമ്മിററി പലതും ചെയ്തിട്ടുണ്ടു്. തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും പരോക്ഷവും പ്ര

ത്യക്ഷവുമായ കൂലിനിരക്കു ഉയർന്നിട്ടുണ്ട്. മാനേജ്മെൻറും നാമും തമ്മിലുള്ള കൂട്ടമ്പടി (കളക്റ്റീവ് എഗ്രിമെൻറ്) പ്രകാരം നമുക്കു കൂട്ടായി ലഭിക്കുമായിരുന്ന നമ്മുടെ ജോലിയേയും ജീവിതത്തേയും സഹായിക്കുന്ന, 30,00,000 റൂബിളിൻെറ പ്രത്യേകഫണ്ടു 44,77,000 റൂബിളായി വർദ്ധിപ്പിക്കാനും നമുക്കു കഴിഞ്ഞിരിയ്ക്കുന്നു.

"നിങ്ങളെല്ലാമറിയുന്നപോലെ ഫാക്ടറികളിലെ വെൻറിലേററർസംഘടന (വായുസംഭരണവിതരണം) പുനഃസംഘടിപ്പിച്ചിട്ടുണ്ട്; പുതിയ തൊഴിലാളി രക്ഷാവ്യവസ്ഥകളാരംഭിച്ചിട്ടുണ്ട്; സാംസ്കാരികമന്ദിരങ്ങൾ പരിഷ്കരിച്ചിട്ടുമുണ്ട്. നമ്മുടെ ജീവിതനിലവാരത്തിൽ പൊതുവായ പുരോഗതി വേറേയുമുണ്ട്.

"പക്ഷെ പുതിയ കെട്ടിടങ്ങളിൽ 499 ഫ്ളാററുകളേ കഴിഞ്ഞകൊല്ലം നമുക്കു കിട്ടിയിട്ടുള്ളൂ. നാമുമായുണ്ടാക്കിയ കൂട്ടടമ്പടിയിൽനിന്നു 11 എണ്ണം കുറവാണിതു്. മാനേജ്മെണ്ടിനെക്കൊണ്ടു അതിൻെറ ബാദ്ധ്യസ്ഥത സമയത്തിന്നു നിറവേററിക്കാഞ്ഞതിൻെറ കുററം തീച്ചയായും വർക്ക്സ്കമ്മിററിക്കു തന്നെയാണു്. അതിനു അവർ സമാധാനം പറയേണ്ടതുമാണു്.

"കഴിഞ്ഞ വർഷാവസാനത്തിനുമുമ്പുതന്നെ 130 കിടക്കകളുള്ള ഒരു പുതിയ ആസ്പത്രികൂടി പണി തീർക്കപ്പെട്ടിരിക്കുന്നു. പരിശോധനാവിധേയമായ ഈ കഴിഞ്ഞകൊല്ലത്തിൽ, എട്ടിനൊന്നുകണ്ടു എല്ലാ തൊഴിലാളികളും സാനിട്ടോറിയത്തിലേക്കോ സുഖവാസകേന്ദ്രങ്ങളിലേക്കോ അയക്കപ്പെട്ടിട്ടുമുണ്ട്"

അങ്ങിനെ കഴിഞ്ഞ കോൺഫ്രൻസിൽവെച്ച് നിങ്ങൾ ഞങ്ങളെ ഭാരമേല്പിച്ച ചുമതലകളെല്ലാം ആവുന്നത്ര

നടപ്പിലാക്കാൻ ഞങ്ങൾ പരമാവധി പരിശ്രമിച്ചിട്ടുണ്ടു്. എന്നിരുന്നാലും നമ്മുടെ അംഗങ്ങളും പ്രതിനിധികളും കൂടുതൽ വിമർശനപരമായി അതു പരിശോധിക്കണമെന്നും, നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേററാൻ കഴിവുള്ള ഒരു പുതിയ വർക്'സ് കമ്മിററിയെ തിരഞ്ഞെടുക്കണമെന്നും ഞാനഭ്യർത്ഥിക്കുന്നു.''

അതിനെത്തുടൎന്നുവന്ന ആഡിററിങ്ങ് കമ്മീഷൻെറ ചെയർമാൻ മിഖെയിൽ മുറാഷ്കിൻ തൻെറ റിപ്പോർട്ടുവെച്ചു. അധികവും കണക്കുകളായിരുന്നിട്ടും, പക്ഷെ അതുകൊണ്ടു തന്നെയായിരിക്കണം, അതു കാൽമണിക്കൂറിലധികം സമയമെടുത്തില്ല.

അതിന്നു മുമ്പ് നടന്ന :വർക്സ് ട്രേഡ്യൂണിയൻ കമ്മിററി ചെയർമാൻെറ റിപ്പോർട്ടിൽ വിട്ടുപോയ ഒരു കാൎയ്യം മുറാഷ്കിൻ എടുത്തുപറഞ്ഞിരുന്നു. അംഗവരിസംഖ്യയായി വന്ന മിക്കവാറും മുഴവൻ സംഖ്യയും തൊഴിലാളികളുടെ സാംസ്കാരികവും സാമൂഹ്യരക്ഷയും സംബന്ധിച്ചാണ് ചിലവഴിച്ചതു്. അതാണെങ്കിലോ ദശലക്ഷക്കണക്കിലുള്ള ഒരു വലിയ സംഖ്യയുമായിരുന്നു.

## പ്രതിനിധികളുടെ നിശിത വിമർശനം

ഫിററർ അലെക്സി സിറോക്കോവായിരുന്നു, റിപ്പോർട്ടുകളെക്കുറിച്ചുള്ള വിമർശനത്തിന്നു ആദ്യം മുന്നോട്ടുവന്നതു്. "വക്'സ്കമ്മിററിയുടെ നേട്ടങ്ങളെക്കുറിച്ചു ഞാനിവിടെ വിസ്തരിക്കുന്നില്ല. കാരണം എല്ലാവർക്കും അറിവുള്ളതാണവ. ഞാൻ തെററുകളിലേക്കാണു ആദ്യം കടക്കുന്നതു്. ഒന്നാമതായി........''

മെക്കാനിക്കൽ അസംബ്ലിഷോപ്പ് ട്രേഡ്യൂണിയൻ കമ്മിററിയുടെ ചെയർമാനായിരുന്നു അലക്സി സിറോക്കോവ്. ആ നിലയ്ക്കും അല്ലാതേയും അദ്ദേഹം മററു ഷോപ്പുകളിലും പ്രസിദ്ധനായിരുന്നു. അതുകൊണ്ട് എല്ലാവരും താല്പര്യപൂർവ്വംതന്നെ അതിനു ചെവി കൊടുത്തിരുന്നു.

സിറോക്കോവിന്റെ പ്രസംഗം, ഒന്നാമതായും, ആ വാദപ്രതിവാദത്തെ കാര്യമാത്രപ്രസക്തവും ഗൌരവപ്രധാനവുമായ ഒരു പന്ഥാവിലൂടെ തിരിച്ചുവിട്ടു. ആവശ്യമായ യന്ത്രഭാഗങ്ങൾ(പാർട്ടുകൾ) സമയത്തിന്നു എത്തിച്ചുകൊടുക്കാത്തതുകൊണ്ടു യന്ത്രവും തൊഴിലാളികളും അലസമായി നില്ക്കേണ്ടിവന്നതിന്റെ പല ഉദാഹരണങ്ങളും അദ്ദേഹം എടുത്തുകാട്ടി.

"ആ വീഴ്ചയുടെ കാരണം തങ്ങളുടേതല്ലാത്തതുകൊണ്ടു തൊഴിലാളികൾക്കു പ്രത്യക്ഷമായ നിശ്ചിതകൂലി ലഭിക്കുന്നുണ്ടായിരിക്കാം. പക്ഷേ, പരോക്ഷമായി അവർക്കു കിട്ടാനർഹതപ്പെട്ടതിന്റെ ഇതു വെട്ടിക്കുറയ്ക്കുന്നുണ്ടു" അദ്ദേഹം പറഞ്ഞു: "ഡയരക്ടർ ഇതേപ്പററി ചിന്തിക്കേണ്ടതും ഈ ആലസ്യം ഒഴിവാക്കേണ്ടതുമാണ്."

സിറോക്കോവ് തുടൎന്നു പറഞ്ഞു: "ഞങ്ങളുടെ ഷോപ്പ് ഒരു കൊട്ടാരംമാതിരിയാണ്. പുതിയ കെട്ടിടം; പരിഷ്കൃതവും സുന്ദരവുമായി പ്ലാനിട്ടു പണിതതു്. പക്ഷെ കുളിമുറികളും മറപ്പുരകളും(ക്ലോക്കുറൂം) ഇന്നു പണിതുകൊണ്ടിരിക്കുന്നതേയുള്ളു."

ഇക്കാര്യത്തിലുള്ള മാനേജ്മെണ്ടിന്റെ ഉദാസീനതയെ സിറോക്കോവ് നിശിതമായി ആക്ഷേപിച്ചു. ചെയർമാൻ സൂചിപ്പിച്ച ആ 11 ഫ്ളാററുകളുടേക്കും ഭവനനിർമ്മാണസംബന്ധിയായ ഈവക കാര്യങ്ങളെല്ലാം പറഞ്ഞസമയത്തു

പണിതു തീർക്കാൻ പുതിയ വർക്ക്സ്കമ്മിററി അതിനെ നിബ്ബന്ധിക്കണമെന്നു്, പഴയ കമ്മിററിയെ കുററപ്പെടുത്തിയുംകൊണ്ടു് സീറോക്കോവ് ആവശ്യപ്പെട്ടു

അവിടെ ഉയൎന്നുവരുന്ന, പണിതീൎന്നുവരുന്ന പാർപ്പിടങ്ങളുടെ, തോതുവെച്ചു നോക്കുമ്പോൾ ഈ 11 ഫ്ളാററ് നിസ്സാരമായിരിക്കാം. പക്ഷെ കോൺഫ്രൻസിൽ അതു ഗുരുതരമായ വിമർശനത്തിന്നു വിധേയമായി.

പിന്നീടുവന്ന പ്രാസംഗികന്മാരിൽ പലരും സിറോക്കോവിനെ അനുകൂലിച്ചും വേറെചിലർ പുതിയ കുററങ്ങളും കുറവുകളും എടുത്തുകാട്ടി. അലക്സാണ്ടർ സിഡോറെങ്കോവിൻെറ പ്രധാനവിമർശനം, തങ്ങളുടെ തീൻമുറിക്ക് നീളം പോരെന്നായിരുന്നു. തൻെറ സഹപ്രവൎത്തകന്മാരുടെ ആവശ്യത്തിന്നു ഉറച്ച ശബ്ദംകൊടുത്തുകൊണ്ടു് അതെത്രയും വേഗം നീളം കൂട്ടണമെന്നു് അയാൾ മാനേജുമെണ്ടിനോടാവശ്യപ്പെട്ടു.

## ഗ്രൂപ്പ് സംഘാടകരും പ്രസംഗവേദിയിലേക്ക്

തൻെറ ട്രേഡ് യൂനിയൻ ഗ്രൂപ്പിനെപ്പററിയായിരുന്നു ഫൌണ്ടർമാരുടെ പ്രതിനിധിയായ വാസിലി ടെൽക്കോവിന്നു പറയാനുണ്ടായിരുന്നതു്:

“ഒരു താണതരം വെൻറിലേററാണ് ഞങ്ങളുടെ സെക്ഷനിലുള്ളതു. ഞങ്ങളുടെട്രേഡ്യൂനിയൻഗ്രൂപ്പ് ഇക്കാൎയ്യം മാനേജുമെണ്ടിൻെറ ശ്രദ്ധയിൽപെടുത്താനായി എന്നേയും പൊതുലേബർ—പ്രൊട്ടക്ഷൻ ഇൻസ്പക്ടരായ വെലെൻറിൻ ഗോവിഖയേയും അധികാരപ്പെടുത്തി. പക്ഷെ, ആദ്യം

ആ ജോലിനിലവാരം അഭിവൃദ്ധിപ്പെടുത്താൻ മാനേജ്മെണ്ട് തയ്യാറായില്ല. അതിന്നു വലിയ ചില വ്യവരുമത്രെ.

"ഒടുക്കം, വർക്സ്കമ്മിററി ഇടപെടേണ്ടിവന്നു അതു നിറവേററിക്കിട്ടാൻ. തുടന്നു സുശക്തമായ ഒരു വെൻറിലേററർ അവിടെ സ്ഥാപിച്ചുകിട്ടുകയുണ്ടായി, മാനേജ്മെണ്ടിന്നു അതിന്നു 2,17,000 റൂബിൾ ചിലവു വന്നുവെങ്കിൽക്കൂടി."

"ഇനി ഞങ്ങൾക്കു മററുചില ആവശ്യങ്ങൾകൂടിയുണ്ട്" ടെൽക്കോവ് തുടന്നു: "ഞങ്ങളുടെ ഇടയിലുള്ള ചിസർമാർ തങ്ങളുടെ കൂലിനിലവാരം തീരെ താണുതാണെന്നു വസ്തുത കോൺഫറൻസിൻെറ ശ്രദ്ധയിൽ പെടുത്താൻ എന്നോടാവശ്യപ്പെട്ടിട്ടുണ്ട്.

"അതേപോലെ വേറൊരു കാര്യംകൂടി: മററു ഫാക്ടറികളിലെ മോൾഡർമാർക്കു ശമ്പളത്തോടുകൂടി പതിനെട്ടു ദിവസത്തെ അവധി കിട്ടാമെങ്കിൽ എന്തുകൊണ്ടു ഞങ്ങളുടെ മോൾഡർമാർക്കും അതനുവദിച്ചുകൂടാ? പുതിയ വക്സ് കമ്മിററി അതിനുവേണ്ടി വാദിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു."

## വിദഗ്ദ്ധന്മാരും തൊഴിലാളികളുടെ കൂടെ

ഫാക്ടറിയിലെ മറെറല്ലാ ജോലിക്കാരെയുംപോലെ അവിടുത്തെ സാങ്കേതികവിദഗ്ദ്ധന്മാരും മെഷീൻ ബിൽഡേഴ്സ് ട്രേഡ്യൂണിയനിലെതന്നെ അംഗങ്ങളാണ്. അങ്ങിനെയാണ് ഡിസൈനർ (രൂപവും പ്ലാനും നിശ്ചയിക്കുന്നയാൾ) നിക്കളോയ് ടൊപ്പോർക്കോവ് ഈ കോൺഫറൻസിലേക്കു പ്രതിനിധിയായി വന്നതു്; ഒരു ഡിസൈനർ ആപ്പീസിൽനിന്നുതന്നെ തിരഞ്ഞെടുക്കപ്പെട്ട്.

മെൻറയും സഹപ്രവത്തകരുടേയും പ്രത്യേകമായ ചില ആവശ്യങ്ങളായിരുന്നു അയാൾക്കവിടെ ഉദ്ധരിക്കുവാനുണ്ടായിരുന്നതു്: "സ്വന്തമായി വീടുവെക്കാനാഗ്രഹിക്കുന്ന തൊഴിലാളികൾക്കും മററു പ്രവൃത്തിക്കാർക്കും ഇഷ്ടികയും മരവും മററു സാധനങ്ങളും മാനേജ്മെണ്ട് കൊടുക്കുന്നുണ്ടെന്നതു വാസ്തവംതന്നെ. പക്ഷെ ഞങ്ങളുടെ സഖാക്കളുടെയിടയിൽ പലരുമുണ്ട്, പത്തുപന്ത്രണ്ടുകൊല്ലമായി തങ്ങളുടെ പഴക്കംചെന്ന സ്വന്തം വീടുകളിൽത്തന്നെ താമസിക്കുന്നവരായിട്ട്. അവയിൽ പലതിന്നും ഒരു പൊളിച്ചുപണിയൽ ആവശ്യമായിരിക്കയാണ്. എന്തിന്, എൻെറ വീടിന്നുതന്നേയും ഒരു റിപ്പേറിങ്ങ് വേണ്ടിയിരിക്കുന്നു.

"ഈ സ്ഥിതിയിൽ ഞങ്ങളെ ഉടനെ സഹായിക്കാൻ വക്ക്സ് കമ്മിററി മാനേജ്മെണ്ടിനോടാവശ്യപ്പെടണമെന്നു ഞങ്ങൾക്കു തോന്നുന്നു. തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും വീടുകൾ റിപ്പയർ ചെയ്യുന്നതിന്നായി ഒരു കെട്ടിടനിർമ്മാണവസ്തുഫണ്ട് സംഘടിപ്പിക്കുന്നകാര്യം വക്ക്സ്കമ്മിററി മാനേജ്മെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരണം."

അതു അടുത്ത വക്ക്സ് കമ്മിററി നിശ്ചയമായി നിറവേററുമെന്നും അങ്ങിനെ തങ്ങളുടെ ആവശ്യം എത്രയും വേഗം സാധിച്ചുകൊടുക്കുമെന്നുമുള്ള പ്രതീക്ഷയോടെയാണു മെൽക്കോവ് തൻെറ പ്രസംഗമവസാനിപ്പിച്ചതു്.

## പിന്നേയും ഇരുപത്തിരണ്ടു പ്രാസംഗികന്മാർ

സെമിയോൺ കൊളോട്നിസ്കി, ഫോർജ്-പ്രസ്സ് ഓപ്പറേററർമാരുടെ ആവശ്യങ്ങളുമായാണ് മുന്നോട്ടുവന്നതു്. "ഞങ്ങൾ ഹോട്ട്ഷോപ്പിൽ, ചൂടിൽ, പണിയെടുക്കുന്നവ

No. 11164

രാണ്. അപ്പോൾ സ്വാഭാവികമായും ആരോഗ്യകേന്ദ്രങ്ങളിൽ പോകാനുള്ള സൌകര്യത്തിൽ ഞങ്ങൾക്കു കൂടുതൽ പങ്ക് കിട്ടേണ്ടതുമാണ്. അതായതു് ഇന്നത്തെ പൊതുനിചവാരം എട്ടിനൊന്നാണെങ്കിൽ ഞങ്ങൾക്കതു് അഞ്ചിനൊന്നോ നാലിനൊന്നുതന്നേയുമോ ആക്കി ഭേദഗതി ചെയ്തുകിട്ടണം.”

ഫോർജ്-പ്രസ്സ് ഓപ്പറേററർമാരുടെ ആ പ്രത്യേകാവശ്യം യു. എസ്സ്. എസ്. ആറിലെ ഭൌതികസഹായചര്യ വിതരണപ്രമാണത്തിന്നു എതിരായ ഒന്നല്ലായിരുന്നു. കാരണം, ആ പ്രമാണം, കൂടുതൽ വിഷമംപിടിച്ച ജോലി ചെയ്യുന്നവക്ക് കൂടുതൽ കൂലിയും മററാനുകൂല്യങ്ങളും നൽകുകയെന്നതാണ്.

അതുകൊണ്ടുതന്നെ എവിടേയും ഖനിപ്പണിക്കാർ, ലോഹജോലിക്കാർ, ഫോർജ്-പ്രസ്സ് ഓപ്പറേററർമാർ, ഫൌണ്ടർമാർ എന്നിവരൊക്കെ സക്കാരിൻേറയും ട്രേഡ്യൂനിയൻേറയും പ്രത്യേകശ്രദ്ധക്കു വിധേയമാകുന്നു. ആ അടിസ്ഥാനത്തിൽ, സാമൂഹ്യ ഇൻഷൂറൻസിൻേറ പ്രശ്നത്തിലും ഈ പരിഗണന വേണമെന്നാണ് സിമയോൺ കൊളോട്ണിസ്കിയുടെ അഭിപ്രായം.

ടക്ക്ഓപ്പറേററർ അനസ്റ്റാസ്യ സോസ്സിനയുടെ പരാതി, വലിയ കുടുംബങ്ങളുള്ള തൊഴിലാളികളുടെ കാര്യത്തിൽ വർക്സ്കമ്മിററി ശ്രദ്ധ പതിപ്പിച്ചുതു മതിയാവുന്നില്ലെന്നാണ്.

“നമ്മിൽ പലക്കും സ്വന്തമായ വീടുകളും കാസ്സറിത്തോട്ടങ്ങളും മററു സമ്പാദ്യങ്ങളുമൊക്കെയുണ്ട്. വർക്സ്കമ്മിററി അതിനു സഹായിച്ചിട്ടുമുണ്ട്. അതരുതെന്നല്ല എൻെറ പക്ഷം. പക്ഷേ അത്രയൊന്നും കഴിവില്ലാത്ത, കൂടുതൽ കുഞ്ഞുങ്ങളും വലിയ കുടുംബങ്ങളുമുള്ള, വേറെ ചിലരുമുണ്ടിവിടെ.

"അതുകൊണ്ടു് വർക്കു്കമ്മിററി അമ്മാതിരി കുടുംബങ്ങളുടെ ഒരു കണക്കെടുക്കുകയും അവരുടെ ആവശ്യങ്ങളിൽ കണ്ടറിഞ്ഞു സഹായിക്കുകയും വേണം.

"മറെറാരു കാര്യംകൂടി: നമ്മുടെ പ്രസവാലയങ്ങളും ശിശുകേന്ദ്രങ്ങളും ഇങ്ങിനെയൊന്നും ആയാൽപ്പോരാ. അവ എത്രകണ്ടു വിപുലീകരിക്കുന്നുവോ അത്രകണ്ടു ലളിതവും സമാധാനപരവുമാവും നമ്മുടെ അമ്മമാർക്കു തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തൽ."

അങ്ങിനെ 22പേർ തങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങളെപ്പററി പിന്നേയും സംസാരിച്ചു. കോൺഫറൻസ് രണ്ടുരാത്രി നീണ്ടുനില്ക്കുകയും ചെയ്തു.

## ഡയരക്ടർ സമാധാനം പറയുന്നു

ആ വാദപ്രതിവാദങ്ങളുടെ അവസാനത്തിൽ അന്നേരം സമ്മേളനത്തിൻെറ അദ്ധ്യക്ഷനായ ആൻട്രി സഗോർണി, ഫാക്ടറിഡയരക്ടരെ പ്രസംഗിക്കാൻ ക്ഷണിച്ചു—അതായതു് പ്രതിനിധികളുടെ ആക്ഷേപങ്ങൾക്കും ആവശ്യങ്ങൾക്കും സമാധാനം പറയാൻ.

മാനേജുമെണ്ടിനെക്കുറിച്ചുള്ള പല വിമർശനങ്ങളും ശരിയാണെന്നും, മുമ്പു പലപ്പോഴും നടന്നിട്ടുള്ളതുപോലെ ഇത്തവണയും അവ എത്രയും കാര്യമായി ശ്രദ്ധിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

"ഇതിനുമുമ്പു നടന്ന പ്രതിനിധിസമ്മേളനങ്ങളിലെല്ലാംതന്നെ ഒരുകാര്യം ഉയന്നുകേട്ടിരുന്നു: "ഷോപ്പുകളിലെ ജോലിയൌകര്യം കൂടുതൽ സുഖകരമാക്കൽ". അദ്ദേഹം തുടന്നുപറഞ്ഞു:

"പക്ഷേ വർക്സ്കമ്മിററി ചെയർമാൻ ചൂണ്ടിക്കാണിച്ചതുപോലെ, ഒരു വമ്പിച്ച സംഖ്യ ചിലവുവരുന്നതാണ് നമ്മുടെ തൊഴിലാളിരക്ഷാനടപടികൾ. ഏതായാലും ഇതിനകംതന്നെ നാം 119 വെൻറിലേഷൻ യൂനിററുകൾ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. അതെളുപ്പമായിരുന്നില്ല; എന്നാലും അതു ചെയ്തിട്ടുണ്ട്.

"പിന്നെ, സാംസ്കാരിക-സാമൂഹ്യ ക്ഷേമമന്ദിരങ്ങളുടെ കാര്യമാണ്. തൊഴിലാളികളും മാനേജുമെണ്ടും തമ്മിലുള്ള കൂട്ടുടമ്പടിപ്രകാരമുള്ള സമയത്തു ഇതും ചെയ്തിട്ടില്ലെന്നതു നേരാണ്. പക്ഷേ അടുത്ത രണ്ടു മാസത്തിനകം അതു നിശ്ചയമായും നടപ്പിലാക്കുന്നതാണെന്നു ഈ കോൺഫറൻസിനേയും, വിശേഷിച്ചു ഫിററർ സിറോക്കോവിനേയും ഞാൻ അറിയിച്ചുകൊള്ളുന്നു.

"തൊഴിലാളികളും യന്ത്രങ്ങളും അലസത ദീക്ഷിക്കേണ്ടതായി വരുന്നു എന്ന വസ്തുത ഏററവും ഗുരുതരമാണ് അതു തെല്ലും അനുവദിക്കാൻ പാടില്ലാത്തതുമാണു്. അതവസാനിപ്പിക്കാനുള്ള നടപടി ഉടനെ എടുക്കും.

"ഫൌണ്ടർമാരുടെ കൂലിനിരക്കിനെക്കുറിച്ചുള്ള കാര്യം പരിശോധിക്കാൻ, ഞാൻ വക്ക്സ് മാനേജ്മെണ്ടിലെ സ്റ്റാഫിനെ എത്രയും വേഗം ഏർപ്പാടു ചെയ്യുന്നതാണ്.

"ഇനിയൊരു കാര്യംകൂടിയുണ്ട്: തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള ഫണ്ടിൻെറ കാര്യമാണതു്. അതിനെപ്പററിയും അതിവേഗമാലോചിച്ച് വിവരം വർക്സ്കമ്മിററിയെ അറിയിക്കുന്നതാണ്."

ഡയരക്ടരുടെ മറുപടികൊണ്ടു് എല്ലാ പ്രതിനിധികളും സംതൃപ്തരാവില്ലെന്നതു സ്വാഭാവികമാണല്ലോ. ഏതായാലും

അക്കാര്യം ഒന്നുകൂടി ഉറപ്പിക്കുന്നതു കൊള്ളാം: തങ്ങളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും സശ്രദ്ധം പഠിക്കുവാനും അക്കാര്യത്തിൽ തുടൎന്നു പരിശ്രമിക്കുവാനും സമ്മേളനം വർക്കിങ്ങ്കമ്മിററിയെ അധികാരപ്പെടുത്തി.

ചില്ലറച്ചില വീഴ്ചകളും തെററുകളുമുണ്ടെന്നിരുന്നാലും കഴിഞ്ഞ കൊല്ലത്തെ വർക്കിങ്ങ്കമ്മിററിയുടെ പ്രവൎത്തനം പ്രതിനിധികൾക്കു പൊതുവേ സ്വീകാൎയ്യമായിരുന്നു. അവരുടെ വിമൎശനത്തിൻെറ യഥാർത്ഥത്തിലുള്ള അടിസ്ഥാനം, തങ്ങളുടെ യൂനിയനംഗങ്ങളുടേയും സംഘടനയുടേയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങളായിരുന്നു. തങ്ങളുടെ ട്രേഡ്‌യൂനിയൻസംഘടനയുടെ യഥാർത്ഥപരമാധികാരികളെന്ന നിലയ്ക്കാണു അവരോരുത്തരും സംസാരിച്ചത്.

## തിരഞ്ഞെടുപ്പ് വരുന്നു

വർക്കിങ്ങ്കമ്മിററി, ആഡിററിങ്ങ്കമ്മീഷൻ, ട്രേഡ്‌യൂനിയൻ കോൺഗ്രസ്സ് എന്നിവയിലേക്കെല്ലാമുള്ള തിരഞ്ഞെടുപ്പിനുവേണ്ടി ശുപാൎശചെയ്യപ്പെട്ട ഓരോ പേരും അവിടെ പ്രത്യേകം പ്രത്യേകം ചർച്ചക്കു വിഷയമായി. ചില പേരുകൾ ചൂടുപിടിച്ച വാദപ്രതിവാദത്തിനുപോലും ഇടയാക്കി.

ഒടുക്കം, ആ ഓരോ പേരും തിരഞ്ഞെടുപ്പുപട്ടികയിലുൾപ്പെടുത്തണമോ വേണ്ടയോ എന്ന കാൎയ്യംതന്നെ ഭൂരിപക്ഷവോട്ടുപ്രകാരമാണ് തീരുമാനിച്ചതു്. ട്രേഡ്‌യൂനിയനുകളുടെ ജനാധിപത്യതത്വപ്രകാരം ഏതൊരംഗത്തിനും ആരെ വേണമെങ്കിലും ശുപാൎശചെയ്യുവാനും വെല്ലുവിളിക്കാനും അവകാശമുണ്ട്. അതു കോൺഫറൻസിലെ എല്ലാ പ്രതിനിധികളും ശരിക്കും ഉപയോഗപ്പെടുത്തുകയും ചെയ്തു.

കൺസെർട്ട്-സിനിമാശാലയുടെ ആതിഥ്യമുറിയിൽ വെച്ചായിരുന്നു രഹസ്യവോട്ടിങ്ങുനടന്നതു്. അതിന്നും വളരെമുമ്പുതന്നെ, കോൺഫറൻസിൽവെച്ചു തിരഞ്ഞെടുക്കപ്പെട്ട വോട്ടെണ്ണൽക്കമ്മീഷൻ അംഗങ്ങൾക്കു തിരഞ്ഞെടുപ്പു പട്ടികയിൽനിന്നു ഏതു പേരുവേണമെങ്കിലും വെട്ടിക്കളഞ്ഞു പകരം എത്രപേരുവേണമെങ്കിലും പുതുതായി കൂട്ടിച്ചേർക്കാമെന്നു് പ്രത്യേകം ഓർമ്മപ്പെടുത്തിയിരുന്നു. അതെ, ഓരോ അംഗവും തന്നിക്കേററവും ശരിയെന്നു തോന്നുന്നവിധത്തിൽ തൻെറ വോട്ടു ഉപയോഗപ്പെടുത്തുക.

മററാർക്കും പ്രവേശനമില്ലാത്ത വേറൊരു മുറിയിലിരുന്നു വോട്ടെണ്ണൽകമ്മീഷൻ അതെണ്ണിനോക്കി. അതിന്നെടുത്ത ആ മൂന്നു മണിക്കൂറും, പ്രതിനിധികൾക്കായി അപ്പുറത്തു ഒരു കലാപരിപാടി സംഘടിപ്പിച്ചിരുന്നു.

അതു കഴിഞ്ഞപ്പോഴേക്കും വോട്ടെണ്ണൽകമ്മീഷൻ വിജയപ്രഖ്യാപനത്തിനു വന്നു. വമ്പിച്ച ഭൂരിപക്ഷവോട്ടപ്രകാരം 27 പേർ വർക്കു്കമ്മിററിയിലേക്കു് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ ഏതാണ്ടു് ഐകകണ്ഠ്യേനയായിരുന്നു, ആഡിററിങ്ങ്കമ്മീഷനിലേക്കും ട്രേഡ്യൂണിയൻ കോൺഗ്രസ്സിലേക്കുമുള്ള തിരഞ്ഞെടുപ്പും.

സമ്മേളനം വോട്ടെണ്ണൽകമ്മീഷൻെറ തീരുമാനം അംഗീകരിച്ചു. തുടർന്നു പുതിയ വർക്കു്കമ്മിററിയെ അധികാരമേല്പിച്ചു. ഇനി, ഈ നിമിഷംമുതൽ അവർക്കു തങ്ങളുടെ ജോലിയാരംഭിക്കാം.

# വർക്ക്സ്കമ്മിററി പ്രവൃത്തിയാരംഭിക്കുന്നു

## ചെയർമാൻെറ ചുമതല

ഖർക്കു് ട്രേഡ് യൂണിയൻ കമ്മിററി ചെയർമാൻെറ ആഫീസിൽവെച്ചു്, മെഷിൻ ബിൽഡേഴ്സ് യൂനിയൻെറ കേന്ദ്രക്കമ്മിററി ചെയർമാനാണ്, പുതിയ ഫാക്ടറിക്കമ്മിററിയുടെ പ്രഥമയോഗം ഉൽഘാടനംചെയ്തതു്. പ്രതിനിധിസംഘത്തിൻെറ ആദര-വിശ്വാസങ്ങൾക്കു അർഹരായിരിക്കുന്ന അവരെ ഹാർദ്ദമായി അനുമോദിച്ചുകൊണ്ടു്. പുതിയ കമ്മിററിക്കു ഒരു ചെയർമാനെ തിരഞ്ഞെടുക്കുന്ന പരിപാടിയിലേക്കു ആദ്യമായി അദ്ദേഹം സദസ്സിൻെറ ശ്രദ്ധയെ ക്ഷണിച്ചു.

ഒരിസ്ഥലും വ്യക്തിഭരണപ്രമാണമംഗീകരിക്കുന്നവയല്ല, സോഷ്യലിസ്റ്റ് ട്രേഡ് യൂണിയനുകൾ. കൂട്ടായ തുല്യാധികാര

(കോളിജിയററ്) പ്രവൎത്തനം—അതാണവയുടെ തത്വം. ഇതിന്നൎത്ഥം ഓരോ നേതാവിന്റേയും വ്യക്തിപരമായ ഉത്തരവാദിത്വം നിഷേധിക്കലാണോ? അശേഷവും അല്ല. ചെയർമാന്റെ ഉത്തരവാദിത്വം വാസ്തവത്തിൽ ഗുരുതരമാക്കുകയാണ് ഇതു് ചെയ്യുന്നത്.

കമ്മിററിയുടെ പ്ലീനറിയോഗം വിളിക്കാനും അതു നയിക്കാനും ബാദ്ധ്യസ്ഥനായ ആ ചെയർമാനെത്തന്നെ, ട്രേഡ്യൂനിയനോടുള്ള അയാളുടെ ഉത്തരവാദിത്വബോധത്തെ തന്നെ, അയാളുടെ കാൎയ്യശേഷിയേയും മുൻകയ്യിനേയും തന്നെ, ആശ്രയിച്ചിരിക്കുന്നു, ഈ കൂട്ടായ പ്രവൎത്തനസിദ്ധാന്തത്തിന്റെ യഥാൎത്ഥത്തിലുള്ള സാക്ഷാൽക്കരണം.

വൎക്കുകമ്മിററിയുടെ യോഗങ്ങൾക്കിടക്കുള്ള കാലത്തു കമ്മിററിയുടെ ദൈനംദിന പ്രവൎത്തനങ്ങളും കമ്മിററിയുടെ നിശ്ചയത്തിനൊത്തു കൊള്ളക്കൊടുക്കകളും നടത്തുന്നതും ചെയർമാനാണ്. വൎക്കുകമ്മിററി സ്റ്റാഫിനുവേണ്ടി മേനേജുമെണ്ടുമായി ഉടമ്പടികളിലൊപ്പുവെക്കുന്നതും അയാളാണ്. ഇങ്ങിനെ ഏതു നിലക്കു നോക്കിയാലും ഈ കൂട്ടായ തുല്യാധികാരപ്രമാണം ചെയർമാന്റെ കടമ ലഘൂകരിക്കുകയല്ല ചെയ്യുന്നത്. പ്രസ്തുത ട്രേഡ്യൂനിയൻ സംഘടനയുടെ തലവനെന്ന നിലക്കുള്ള അയാളുടെ വ്യക്തിപരമായ ഉത്തരവാദിത്വം വൎദ്ധിപ്പിക്കുകയാണ്.

## ആരാണീ മാക്സിമോവ്?

കേന്ദ്രക്കമ്മിററി ചെയർമാൻ, വൎക്കുകമ്മിററിചെയർമാന്റെ പേരു നിൎദ്ദേശിക്കാൻ അംഗങ്ങളോടഭ്യൎത്ഥിച്ചയുടനെ അനാസ്റ്റാസ്യ സോസിന, ആ സ്ഥാനത്തേക്ക് മികവിൽ മാക്സിമോവിനെത്തന്നെ അഭിപ്രായപ്പെട്ടു.

മാക്സിമോവിനു പ്രായം 45 കഴിഞ്ഞിരുന്നു. പക്ഷേ, കാഴ്ചയിൽ അതിലും കുറച്ചേ തോന്നിച്ചിരുന്നുള്ളു. ഒരു പക്ഷേ അയാളുടെ ഉശിരും ഉന്മേഷവുമായിരിക്കണം അതിനു കാരണം.

കഴിഞ്ഞ രണ്ടുതവണയും മാക്സിമോവ് തന്നെയായിരുന്നു വർക്സ്കമ്മിററിയുടെ ചെയർമാൻ. ഈ ഒട്ടവിലത്തെതവണ അയാൾക്കു 95 ശതമാനം വോട്ടുകിട്ടി. തന്റെ പ്രസിദ്ധിയുടേയും തന്നോടുള്ള ആദരവിന്റേയും പ്രകടനം തന്നെയാണത്.

1932-ൽ ഈ ഫാക്ടറിയാരംഭിച്ച കാലത്ത് മാക്സിമോവുണ്ടായിരുന്നു അവിടെ. ലെനിൻഗ്രാഡിൽ, രാജ്യത്തിന്നു പലപല തലമുറകളെ പ്രദാനം ചെയ്ത ഒരു കുടുംബത്തിൽ ജനിച്ച അയാൾ എക്കാലവും ഗോക്കിയിലല്ല ഉണ്ടായിരുന്നിട്ടുള്ളത്. ലെനിൻഗ്രാഡിലെ ഒരു പഴയ ഫാക്ടറിയിൽ ഒരു വ്യാവസായിക–സാമൂഹ്യ തൊഴിലാളിയായി ജീവിതമാരംഭിച്ച അയാൾ, ഗോക്കിയിൽ പുതിയ മോട്ടോർവക്ക്സ് ആരംഭിച്ചപ്പോൾ അവിടെ സേവനമനുഷ്ഠിക്കാനായി സ്വമേധയാ മുന്നോട്ടുവരികയാണുണ്ടായത്.

സാമൂഹ്യമനോഭാവിയും ഉത്സാഹശാലിയുമായ അയാൾ, വളരെ പെട്ടെന്നു എല്ലാവരുടേയും ഇഷ്ടം സമ്പാദിക്കുകയും, ഗോക്കിയിൽ സ്ഥിരതാമസമാക്കി അധികം കഴിയും മുമ്പേ വർക്സ്കമ്മിററിയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

പിന്നെ ഏറെത്താമസിയാതെ കമ്മിററിയുടെ സ്റ്റാഫ് അംഗങ്ങളിലൊരാളായി; സാംസ്കാരികവകുപ്പിന്റെ തലവൻ.

ദേശാഭിമാനയുദ്ധമാരംഭിച്ചയുടനെ മാക്സിമോവ് പട്ടാ

ളത്തിൽ ചേൻ്റു. അവിടെവെച്ച് പലകുറി മുറിപ്പെട്ടുകയും ബോമ്പാക്രമണത്തിന്നു വിധേയമാവുകയുമുണ്ടായി അയാൾ.

യുദ്ധം കഴിഞ്ഞു, അയാൾ വീണ്ടും മോട്ടോർവർക്സിലേക്കുതന്നെ തിരിച്ചുവന്നു. തന്റെ പ്രിയപ്പെട്ട ഭാര്യ അക്കാലമത്രയും അവിടെ ഷിപ്പിങ്ങ്ഡിപ്പാർട്ടുമെണ്ടിൽ പ്രവൃത്തിയെടുക്കുകയായിരുന്നു. വർക്സിന്റെ വകയായുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിൽ പഠിച്ചുകൊണ്ടിരുന്ന മാക്സിമോവിന്റെ മൂത്ത മകനും അവിടെ ജോലിയുണ്ട്. യുദ്ധത്തിനു മുമ്പേതന്നെ അവരുടെ കുടുംബത്തിനു ഒരു മൂന്നുമുറി ഫ്ലാറ്റു കിട്ടിയിരുന്നു.

പിരിച്ചുവിട്ട പട്ടാളക്കാരനായി തിരിച്ചുവന്ന ആ പഴയ തൊഴിലാളിയെ ഫാക്ടറി സഹർഷം സ്വാഗതംചെയ്തു. വർക്സ്കമ്മിററിയിലേക്കു വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. അക്കൊല്ലം ഒടുവിലത്തെ കാലയളവിൽ അയാളതിന്റെ തലവനുമായി.

അപ്പോൾ വീണ്ടും അയാൾതന്നെ ശുപാർശിചെയ്യപ്പെട്ടുവെങ്കിൽ അതിലതിശയമില്ലല്ലോ. വേറൊരു പേരും നിർദ്ദേശിക്കപ്പെട്ടില്ല. അങ്ങിനെ മാക്സിമോവ് വീണ്ടും വർക്സ് ട്രേഡ്യൂണിയൻകമ്മിററി ചെയർമാനായി. തുടന്ന്, സെൻട്രൽകമ്മിററി ചെയർമാൻ അയാളെ അദ്ധ്യക്ഷസ്ഥാനത്തേക്കു വിളിച്ചിരുത്തുകയും ചെയ്തു.

## എല്ലാ വിഭാഗത്തിന്റേയും പ്രതിനിധികളുണ്ട്

കമ്മററിയംഗങ്ങൾക്കുള്ള ജോലിവിഭജനത്തിന്റെ ആദ്യപടിയേ ആകുന്നുള്ളു, ചെയർമാൻ തിരഞ്ഞെടുപ്പ്. ആ ചുമതല നിശ്ചയമാണെങ്കിലോ, അത്ര എളുപ്പവുമല്ല.

27 പേരുണ്ട്, അതിലാകെ. ഓരോരുത്തരുടേയും കഴിവിനൊത്ത, ആ ഓരോരുത്തരേയും അങ്ങേയററം പ്രയോജനപ്പെട്ടത്താവുന്ന, വിധത്തിലായിരിക്കണം അവക്കൊക്കെ പ്രവൃത്തി കൊട്ടക്കുക.

ഇതുതന്നെയായിരുന്നു മാക്സിമോവിൻെറയും പ്രധാനചിന്ത. തഴക്കംചെന്ന ട്രേഡ്യൂനിയൻ പ്രവത്തകരോടൊപ്പം ചെറുപ്പക്കാരേയും ഉൾപ്പെടുത്തണമെന്നു അയാളഭിപ്രായപ്പെട്ടു. ഇരുപത്തിരണ്ടു കവിയാത്ത മോൾഡർ വീരാ ഫെഡറോവയും കുറച്ചുകൂടി മൂതിന്ന അന്നസ്റ്റാസ്യസോസിനായും സാമ്പത്തികവിദഗ്ദ്ധ സോഫിയാ സോളോവ്യാവയും മററും അക്കൂട്ടത്തിലുണ്ടല്ലോ.

മിക്കവാറും എല്ലാതരം തൊഴിൽക്കാരുടേയും പ്രതിനിധികളുണ്ടായിരുന്നു അവിടെ: പ്രസ്സ് ഓപ്പറേററർ മാരിയാ ഒസ്രാക്കാവ, മില്ലിങ്ങ്മെഷിൻ ഓപ്പറേററർ ഐവാൻ യാഷിൻ, ടേർണർ വാസിലിസ ട്രഫാനോവ, ഫോർജ്-പ്രസ്സ് ഓപ്പറേററർ ഒഫേഫി ഒഗ്നേവ് എന്നിവരും എഞ്ചിനിയർ പാവെൽ ആർട്ടമൊണോവ്, ടെക്നിഷ്യൻ അന്നറേറാളിലാവ്റിയോവ്, ഡീസൈനർ യേഫിം നിക്കിഫറോവ്, ബുക്ക്കീപ്പർ പീററർ ക്രസ്റ്റോഗഗറാവ് തുടങ്ങിയ ഫാക്ടറി ബുദ്ധിജീവികളും മററും മററും.

## ചെയർമാൻെറ വലംകൈ

അതേപോലെതന്നെ, ട്രേഡ്യൂനിയൻപ്രവർത്തനത്തിൽ ഏതെങ്കിലുമൊരു മണ്ഡലത്തിലെ വിദഗ്ദ്ധരെന്നനിലക്കു വാസിലിഉസനോവ്, മിഖെയിൽ മൊറസോവ്, നിക്കളോയ് കൊസ്ലോവ്, അലക്സാണ്ടർ ടോർബിൻ തുടങ്ങിയ തഴക്കവും പഴക്കവുമുള്ള പ്രവർത്തകരെ കമ്മിററി

പ്പെട്ടത്തിയതും കേവലം സ്വാഭാവികവും അത്യന്താപേക്ഷിതവുമാണല്ലോ. അതുകൊണ്ടുതന്നെയാണ്, ഡിപ്യൂട്ടി ചെയർമാൻെറ പ്രശ്നം ആലോചനക്കു വന്നപ്പോൾ, പ്രതിനിധികളെല്ലാം വളരെ പെട്ടെന്നും ഒന്നടങ്കമായും, ഫാമിലി ഉസ്സോഫായിരിക്കണം അതെന്നു നിശ്ചയിച്ചത്.

ചെയർമാൻെറ അട്ടത്തുതന്നെയായിരുന്നു അയാളുണ്ടായിരുന്നത്. തൻെറ വലംകയ്യെന്നു ചെയർമാൻ വിളിക്കുമായിരുന്ന, വെളുത്ത നിറവും. അഭ്യാസിയുടേതുപോലെ വിരിഞ്ഞ നെഞ്ചുമുള്ള ഒരു ചെറുപ്പക്കാരൻ പക്ഷേ പറഞ്ഞറിയിക്കണം അയാൾക്കു വയസ്സു നാല്പതായെന്ന്.

തൊഴിലിൽ ഒരു എലക്ട്രിഷ്യനായ ഉസ്സനോവ് തന്നെ ഒരു വലിയ ഷോപ്പിലെ ട്രേഡ്യൂനിയൻ ചെയർമാനായി തിരഞ്ഞെടുത്തപ്പോൾ, ആ വമ്പിച്ച ചുമതലകൾ തൃപ്തികരമായി നിറവേററുന്നതിന്നുവേണ്ടി മോസ്കോവിലെ ഹയർ ട്രേഡ്യൂനിയൻ സ്കൂളിൽ പരിശീലനത്തിന്നുപോയി. അവിടെനിന്നു അയാൾ പുറത്തുവന്നതാകട്ടെ, ഒരു സാമ്പത്തിക കാര്യവിദഗ്ദ്ധനെന്ന ബിരുദവുംകൊണ്ടാണ്.

പിന്നെ അധികം താമസിയാതെ, ട്രേഡ്യൂനിയൻ സംഘടനയിലെ ഒരു ഉന്നതവ്യക്തിയായി ഉസ്സനോവ്. അങ്ങിനെ, അയാളെ ഡിപ്യൂട്ടി ചെയർമാനായി തിരഞ്ഞെടുത്തപ്പോൾ, ഏററവും നല്ല ഒരു സംഘാടകനെയാണ് പ്രതിനിധികൾ അയാളിൽ കണ്ടുവെച്ചത്.

## അതിനു പററിയതു അയാൾതന്നെ

സാമൂഹ്യ ഇൻഷൂറൻസായിരുന്നു രണ്ടാം ഡിപ്യൂട്ടി ചെയർമാൻെറ വകുപ്പ്. കഴിഞ്ഞകൊല്ലം വർക്ക്സ് കമ്മിററിയിൽ ഈ സ്ഥാനമലങ്കരിച്ചിരുന്ന മിക്കെയിൽ മോറോസോ

വിനെത്തന്നെയാണ് ഇത്തഖണയും പ്രതിനിധികൾ അതി ലേക്കു തിരഞ്ഞെടുത്തതു്. അയാളെ തിരഞ്ഞെടുത്തു കഴി ഞ്ഞപ്പോൾ മാസ്കിമോവു പറഞ്ഞു: "കൊള്ളാം. അതിനു പററിയ ആൾ അയാൾതന്നെയാണ്."

ഉയരം കൂടിയ ശരീരവും നല്ല നിറവും ആകഷകമായ മുഖവും തുളഞ്ഞുകേറുന്ന നോട്ടവുമുള്ള മൊറോസോവ്, ട്രേഡ്യൂണിയൻ സംഘടനയിലെ മററു നേതാക്കളെയപേ ക്ഷിച്ച് ചെറുപ്പമാണ്; മുപ്പതേയുള്ളു വയസ്സ്.

സോഷ്യൽ ഇൻഷുറൻസിൻെറ ചാജ്ജ്വഹിക്കുന്ന ആൾക്കു നിരവധി ഗുണങ്ങളുണ്ടായിരിക്കണം. അതിലെ ല്ലാററിലും പ്രധാനമാണ് വിനയവും, തന്നെ സമീപിക്കുന്ന വരെ ആത്മാത്ഥമായി സഹായിക്കുവാനുള്ള സന്മനസ്സും. അതേസമയംതന്നെ, സോഷ്യൽ ഇൻഷുറൻസുഫണ്ടിലെ ലക്ഷക്കണക്കായ റൂബിളെട്ടത്താണ് തനിക്കു കൈകാര്യം ചെയ്യേണ്ടതെന്ന ഓമ്മയും വേണം അയാൾക്കു്.

ആ രംഗത്തിലുള്ള വക്ക്സ്കമ്മിററിയുടെ പ്രവത്ത നത്തെപ്പററി കോൺഫറൻസിൽ നടന്ന വാദപ്രതിവാദം, വിവിധവും സങ്കീണ്ണവുമായ പലപ്രശ്നങ്ങളുമുള്ള ആ രംഗം മാനേജുചെയ്യാൻ അയാൾക്കു തികച്ചും കഴിവുണ്ടെന്നു അപ്പോഴേ വെളിപ്പെട്ടതിയിരുന്നു. മുൻകയ്യും, സമത്ഥമായ നിയന്ത്രണവും കാര്യശേഷിയും തികച്ചും പ്രകടിപ്പിച്ചി രുന്നു ആ ചെറുപ്പക്കാരനായ ട്രേഡ്യൂണിയൻ പ്രവത്തകൻ.

ഇയാളെങ്ങിനെയാണ് ഇതൊക്കെ സ്വായത്തമാക്കി യതു്? മിഖെയിൽ മൊറോസോവ് അഞ്ചുകൊല്ലം തുടർച്ച യായി ഒരേ ഷോപ്പിൽ പണിയെടുത്തു. അതേസമയം, തൻെറ ഷോപ്പിലെ ട്രേഡ്യൂണിയൻ കമ്മിററിയുടെ സോ ഷ്യൽ ഇൻഷുറൻസ് കമ്മീഷനിലും അംഗമായിരുന്നു അയാൾ.

അവിടെവെച്ച് അയാളിലുള്ള കഴിവുകൾ കണ്ടറിഞ്ഞ വക്ക്സ്കമ്മിററി, അയാളെ താന്നതിന്നുമുമ്പേതന്നെ ഒരതിർത്തിവരെ പരിശീലനം കഴിച്ചിരുന്ന ട്രേഡ്യൂണിയൻ ഹയർ സ്കൂളിലേക്കയച്ചു, വീണ്ടും. അതനുസരിച്ച് അവിടെപ്പോയ മൊറോസോവ്, തൻെറ പ്രായോഗിക പരിശീലനത്തിന്നു മതിയായ താത്വികാടിസ്ഥാനംകൂടി നേടി.

അമ്മാതിരിയൊരാളെ ഐകകണ്ഠ്യേനയാകുമല്ലൊ പലപ്പോഴും തിരഞ്ഞെടുക്കുക. അതെ, അതുതന്നെ നടന്നു, വക്ക്സ് കമ്മിററിയിൽ സോഷ്യൽ ഇൻഷുറൻസിൻെറ ചാർജ്ജുവഹിക്കുന്ന രണ്ടാം ഡിപ്യൂട്ടി ചെയർമാനായിട്ട്.

## കഴിവുള്ള നേതാവ് എന്നുവെച്ചാൽ

സോവിയററ് സ്ഥാപനങ്ങളിലെ ട്രേഡ്യൂനിയൻ പ്രവത്തനം ബഹുമുഖമാണ്. അതുകൊണ്ടുതന്നെയാണ് അതിൻെറ കോൺഫ്രൻസ് റിപ്പോർട്ട് പത്തിലധികം അദ്ധ്യായങ്ങളുൾക്കൊണ്ടതും.

ഈ ബഹുമുഖത്വം സ്വാഭാവികമായും വക്ക്സ് കമ്മിററിയുടെ ഘടനയിലും പ്രതിഫലിക്കുന്നു കമ്മിററിയുടെ കീഴിലുള്ള ഓരോ വകുപ്പും അതിലെ ഓരോ അംഗത്തിൻെറ നേതൃത്വത്തിലായിരിക്കും. ഒരാൾ കൂലിയുടെ കാര്യമെടുക്കുന്നു; വേറൊരാൾ തൊഴിലാളിരക്ഷ; ഇനിയുമൊരാൾ ആദായകരമായ ക്രമീകരണവും കണ്ടുപിടുത്തവും മററും സംബന്ധിച്ച കാര്യങ്ങൾ.

ട്രേഡ്യൂനിയനിലെ സജീവാംഗങ്ങളും ഉശിരരായ തൊഴിലാളികളുമായി തീകഞ്ഞ സഹകരണത്തോടെ വത്തിച്ചില്ലെങ്കിൽ, യാതൊരു കമ്മിററിയംഗത്തിനും, എത്ര പഴക്കം

ചെണ്ണയാളായാലുംശരി, ഉദ്ദേശിച്ച കാര്യങ്ങളൊന്നും നട പ്പിലാക്കാൻ കഴിയുകയില്ല. അതുകൊണ്ടു, ഫാക്ടറികമ്മിററി യുടെ കീഴിൽ അതിൻെറ പ്രധാന പ്രവൎത്തനങ്ങളുമായി ബന്ധപ്പെട്ട, സജീവ ട്രേഡുയൂണിയനംഗങ്ങളുടെ സ്ഥിരമായ കമ്മീഷനുകൾ രൂപീകരിക്കുന്നു. ഈ ഓരോ കമ്മിഷനും ആ പ്രത്യേകജോലിയുടെ നേതൃത്വം വഹിക്കുന്ന കമ്മിററി യംഗത്തിൻെറ കീഴിലുമായിരിക്കും.

ഞാമിപ്പോൾ വിവരിച്ചുകൊണ്ടിരിക്കുന്ന ആ വക്ക്സ് കമ്മിററി യോഗം, ചെയർമാൻെറയും അയാളുടെ അസി സ്റ്റാൻറുമാരുടേയും തിരഞ്ഞെടുപ്പു കഴിഞ്ഞതോടെ, അതിലെ ഓരോ അംഗത്തിനും ജോലി വിഭജിച്ചുകൊടുത്തു. ഓ രോരുത്തരുടേയും പരിചയം, കഴിവ്, ആഗ്രഹം, മേന്മകളും ദൌർബ്ബല്യങ്ങളും എല്ലാം കണക്കിലെടുത്തുകൊണ്ടായിരുന്നു അതു്.

## സോഷ്യലിസ്റ്റ്മത്സരം

ഉല്പാദനകമ്മീഷൻ ആരു നയിക്കും എന്നതാണ് ആദ്യം വന്നതു്. ഈ കമ്മീഷൻെറ ജോലിയാണല്ലോ ഉല്പാദന ത്തിൽ സോഷ്യലിസ്റ്റ് മത്സരവും പ്രോത്സഹനവും സംഘ ടിപ്പിക്കൽ. സോവിയററുനാട്ടിൽ ഉല്പാദനവദ്ധനവിൻെറ പ്രധാന മാൎഗ്ഗംതന്നെ, തൊഴിലാളികളുടെ തികഞ്ഞ സഹ കരണത്തോടുകൂടിയുള്ള, അതാണ്.

സോഷ്യലിസ്റ്റ് മത്സരത്തിലേക്കു തൊഴിലാളികളെ മുഴുവനാകൎഷിച്ചുകൊണ്ടു് ട്രേഡുയൂണിയൻ ഓരോ ഫാക്ട റിക്കും ഷോപ്പിനും സെക്ഷനും യൂനിററിനുമെല്ലാം വ്യക്ത മായ ഒരു ലക്ഷ്യം നിശ്ചയിക്കുന്നു. സ്റ്റേററു നിശ്ചയിച്ച ഉല്പാ ദനം ഇന്ന സമയത്തിന്നിടക്കു നിറവേററുക; ക്വോട്ടായിലും കൂടുതൽ നിറവേററുക.

യു. എസ്. എസ്. ആറിൽ സ്വകാര്യമുതലാളിമാരില്ലാത്തതുകൊണ്ടു്, ഉല്പാദനം മുഴുവൻ സമുദായത്തിന്റെ നിയന്ത്രണത്തിലാകകൊണ്ടു്, ഉല്പാദനപദ്ധതികളുടെ വിജയകരമായ നിർവ്വഹണം തൊഴിലാളികളുടേയും മുഴുവൻ ജനാവലിയുടേയും ജീവിതനിലവാരമുയർത്തലിലാണു് ചെന്നെത്തുകയെന്നു ട്രേഡ്യൂനിയനുകൾക്കു തീർത്തും അറിയാം.

ഈ ശ്രമത്തിൽ വർക്കു്കമ്മിററിയിലെ ഉല്പാദനകമ്മീഷനാകട്ടെ, സോഷ്യലിസ്റ്റ്മത്സരത്തിലെ പങ്കാളികളെ പുതിയ കണ്ടുപിടുത്തങ്ങളുടെ സഹകരണം തേടാനും അതിലവരെ വിദഗ്ദ്ധന്മാരാക്കാനും അങ്ങിനെ അവരുടെ പ്രവർത്തനത്തെ അങ്ങേയററം സഹായിക്കാനും മുൻനില്ക്കുന്നു.

അടുത്ത വർക്കു്കമ്മിററിയോഗത്തിലേയ്ക്കുള്ള അടിസ്ഥാനവിവരങ്ങൾ (ഡാററ) ശേഖരിക്കുന്നതും അവിടെവെച്ചു അതു ചർച്ചചെയ്തു വിജയികളായ തൊഴിലാളികൾക്കും സെക്ഷനുകൾക്കും അവരർഹിക്കുന്ന സമ്മാനവും വേതനവും കൊടുപ്പിക്കുന്നതും ഈ കമ്മീഷൻതന്നെയാണു്.

അപ്പോൾ പ്രഗത്ഭനായ ഒരു പ്രവർത്തകൻ വേണം, ആ സ്ഥാനമേറെറടുക്കുകയെന്നതു നിർബ്ബന്ധം. പക്ഷെ, വർക്കു്കമ്മിററിയിലെ അംഗങ്ങളിൽനിന്നു അതിനു പററിയ ആളെ കണ്ടുപിടിയ്ക്കുക ഒരു വിഷമമല്ലായിരുന്നു: അലെക്സി ബാക്കലിൻ. പ്രായം നാല്പതു കഴിഞ്ഞേയുള്ളുവെങ്കിലും, ഒരു പഴക്കംചെന്ന പ്രവർത്തകനായി പരിഗണിക്കപ്പെണം ആയാളെ.

## തൊഴിലാളിയുടെ വരുമാനം പ്രധാനം

അലെക്സി എത്രയോ കൊല്ലമായി ഒരു മെഷീനിൽ ജോലി ചെയ്യുകയാണു്. സെക്കണ്ടറി വിദ്യാഭ്യാസമില്ലാ

യിരുന്നു. പക്ഷെ, ഇന്നു മെഷീൻ നിർമ്മാണസാങ്കേതികവിദ്യാലയത്തിലെ പോസ്റ്റ്ഗ്രാജ്വേറ്റ് കോഴ്സ് ഏടുക്കുകയാണ്. സാങ്കേതികവിദഗ്ദ്ധബിരുദം എളുപ്പം സമ്പാദിക്കുകയും ചെയ്യും അയാൾ.

അതുകൊണ്ടൊക്കെ, ഉല്പാദനത്തിലും സാമൂഹ്യസേവനത്തിലുമുള്ള പ്രായോഗികപരിശീലനം അയാളെ ആ കമ്മീഷൻ നയിക്കുന്നതിലർഹനാക്കി.

കൂലിയുടെ കാര്യത്തിലും നിരക്കുനിശ്ചയങ്ങളിലുമെല്ലാം ഇടപെടാൻ ബാദ്ധ്യസ്ഥമായ വേജ്കമ്മീഷനെ നയിക്കേണ്ടതു് യെഫിം നിക്കിഫറോവാണ്.

ഢീസൈനർ നിക്കിഫറോവും ഈ വകുപ്പിൽ ഒരു പുതിയ ആളല്ല. വർക്ക്സിലെ പ്രധാന ധാതു–ലോഹശോധനവകുപ്പിലെ ട്രേഡ്യൂനിയൻ ഘടകത്തിൻെറ വേജ് കമ്മിഷനിൽ പ്രവർത്തിച്ചിട്ടുണ്ട് അയാൾ. തൊഴിലാളികളും മാനേജ്മെണ്ടും തമ്മിലുള്ള പല തർക്കങ്ങളിലും വർക്ക്സ്കമ്മിററിയെ പ്രതിനിധീകരിച്ചിട്ടുമുണ്ട് നിക്കിഫറോവ്.

വർക്ക്സ്കമ്മിററിക്കും മാനേജ്മെണ്ടിന്നും തുല്യപ്രാതിനിധ്യമുള്ള കൂലി–തർക്ക കമ്മീഷനിൽ മില്ലിങ്ങ്മെഷീൻ ഓപ്പറേറർ യാഷിൻ, സാമ്പത്തികകാര്യവിദഗ്ദ്ധ സൊളോവ്യോവ എന്നീ മററു രണ്ടംഗങ്ങളുടെ കൂടെ, വർക്ക്സ് കമ്മിററിയെ പ്രതിനിധീകരിച്ചതും ഇദ്ദേഹംതന്നെയാണ്.

തൻെറ സഹപ്രവർത്തകരുടേയും സഖാക്കളുടേയും നിർദ്ദേശപ്രകാരം എഞ്ചിനീയർ പാവൽ ആർട്ടോമണോവ്, തൊഴിലാളി രക്ഷാകമ്മീഷൻെറ തലവനായി. ഈ കമ്മീഷൻമുഖേന തൊഴിലാളികളുടെ ജോലിസമയം, വിശ്രമം, ഒഴിവ്, ആരോഗ്യരക്ഷ എന്നീ കാര്യങ്ങൾ മാനേജ്മെണ്ട് വീഴ്ചവരുത്താതെ നിറവേററുന്നുണ്ടോയെന്നു് വർക്ക്സ്

കമ്മിററി പരിശോധിക്കുകയും അതിനുവേണ്ട നടപടിയെടു ക്കുകയും ചെയ്യുന്നു. ഉപകരണങ്ങളുടേയും മെഷിനുകളുടേയും മേന്മ, ലൈററ്, ഷോപ്പുകളിലെ ആരോഗ്യകാര്യങ്ങൾ താൽക്കാലിക കെട്ടിടങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ— ഇവയും ശ്രദ്ധിക്കുന്നതു ഈ കമ്മീഷൻതന്നെയാണ്.

കമ്മീഷൻെറ അറിവുകളും വിവരങ്ങളും കമ്മിററിയിൽ ചർച്ചചെയ്യേണ്ടതുണ്ട്. ഇതിന്നു സാങ്കേതിക വിജ്ഞാനം അത്യാവശ്യവുമാണ്. ആ നിലക്ക് പതിനഞ്ചു കൊല്ലത്തെ പരിചയമുള്ള ഒരെഞ്ചിനീയർതന്നെ വേണ്ടേ ആ സ്ഥാന ത്തേക്ക്? ആർട്ടോമണോവ് ഐകകണ്ഠ്യേന തിരഞ്ഞെടു ക്കപ്പെട്ടു

ടെക്കനിഷ്യൻ അനറേറാളി ലാവ്റിനോവ്യ് കണ്ടുപി ടുത്ത-ക്രമീകരണകമ്മീഷൻെറ നേതാവായിരിക്കാൻ സമ്മ തിച്ചു. തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും ക്രി യാത്മകമായ മുൻകയ്യിനെ പ്രോത്സാഹിപ്പിക്കുക, അവരു ടെ കണ്ടുപിടുത്താവകാശം (പേററൻറ്) കാത്തു രക്ഷിക്കുക, ഗവേഷണകേന്ദ്രങ്ങളും സാങ്കേതികപ്രദർശനങ്ങളും മററും സംഘടിപ്പിക്കാൻ സഹായിക്കുക എന്നിവയെല്ലാം ഈ ക മ്മീഷൻെറ ചുമതലയിൽ പെടുന്നു

കാറുനിർമ്മാണ സാങ്കേതികശാസ്ത്രത്തിൽ നല്ല വിവരവും മൊളോട്ടോവ് മോട്ടോർവർക്ക്സിൽ 20 ലധികം കൊ ല്ലത്തെ സർവ്വീസുമുള്ള ലാവ്റിനോവുതന്നെയല്ലേ അതിന്മേ ററവും പററിയ വ്യക്തി. എണ്ണമററ സാങ്കേതിക പരിഷ്കര ണങ്ങളുടെ ബഹുമതിയുംകൂടിയുള്ളയാളാണ് അദ്ദേഹം.

## കൂടുതൽ വീടുകൾ—കൂടുതൽ നല്ല വീടുകൾ

അനുദിനം വികസിച്ചുവരുന്ന ഭവനനിർമ്മാണം, സാ മൂഹ്യക്ഷേമപ്രവർത്തനം എന്നിവയുടെ മേൽനോട്ടം വഹി

ക്കുന്ന ഭവനനിർമ്മാണ—ക്ഷേമവികാസ കമ്മീഷൻെറ തലവനായി തിരഞ്ഞെടുക്കപ്പെട്ടതു ബ്രിഗേയ്ഡ്ലീഡർ അഫനാസി ബാസലയേവാണ്. സക്കാരിൽനിന്നു കിട്ടുന്ന ഭവനനിർമ്മാണ കടംവായ്പ (വ്യക്തികൾക്കുള്ള) യുടെ ചിലവു പരിശോധിക്കുക, സ്വന്തമായി വീടുകെട്ടുന്ന വ്യക്തികളുടെ താല്പര്യം രക്ഷിക്കുക, തൊഴിലാളികളുടെ വീട്ടു റിപ്പയറിങ്ങിൻെറ മേൽനോട്ടം വഹിക്കുക—ഇതെല്ലാം വക്ക്സ്കമ്മിററി മേല്പറഞ്ഞ കമ്മീഷൻവഴിതന്നെ വേണം നടത്തുക.

ഫ്ലാററുകളുടേയും മുറികളുടേയും വിതരണത്തിൽ പങ്കെടുക്കുകയും തൊഴിലാളികളുടേയും ഇതര ജോലിക്കാരുടെയും മറെറാട്ടനവധി ഭൌതികാവശ്യങ്ങൾ സാധിച്ചുകൊടുക്കുകയും ചെയ്യുന്നതും ഈ കമ്മീഷനാണ്. ഒററവാചകത്തിൽ പറഞ്ഞാൽ ഈ കമ്മീഷൻ, ഓരോ കാറുനിർമ്മാതാവിൻെറയും ജീവിതവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു.

ഈ രംഗത്തിൽ വിജയകരമായി പ്രവത്തനം നടത്താൻ കഴിയണമെങ്കിൽ അങ്ങേയററം മുൻകയ്യും അതേസമയംതന്നെ തികഞ്ഞ സന്ധിയില്ലായ്മയും പ്രകടിപ്പിക്കണം. വക്ക്സ് കമ്മിററിയിൽ ഇതിൻെറ ചുമതല വഹിക്കുന്ന അംഗം ഈ ഗുണങ്ങളെല്ലാം തനിക്കുണ്ടെന്നു് മെക്കാനിക്കൽ അസ്സംബ്ളിഷോപ്പിലെ ട്രേഡ്യൂനിയൻ ഘടകത്തിലംഗമായിരിക്കുന്ന കാലത്തു് തെളിയിച്ചിട്ടുണ്ട്; മാത്രമല്ല വളരെയേറെ വായിക്കുകയും സോവിയററു നിയമത്തിൽ നല്ല പരിജ്ഞാനം നേടുകയുംകൂടി ചെയ്തിട്ടുണ്ട് ആ ബാസലയേവ്.

“ബാസലയേവിൻെറ വിട്ടുവീഴ്ചയില്ലായ്മയുടെ കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല. വേണ്ടിവന്നാൽ

അയാൾ മന്ത്രിയെഖരെ ഖീർപ്പുമുട്ടിക്കും, ആ വിഷയത്തിൽ'' തിരഞ്ഞെടുപ്പഖസരത്തിൻ ചെയർമാൻ പറഞ്ഞതാണിത്.

ഇനി സാംസ്കാരികരംഗം—ശരിക്കു പറഞ്ഞാൽ നല്ലൊരതിത്തീവരെ അതൊരു സൃഷ്ടിപരമായ പ്രവത്തനമാണു്. നിക്കളോയി കോസ്‌ലോവിലാണു ഇതിന്റെ ചുമതല വന്നുവീണതു്.

ധാരാളം പണവും അതേപോലെതന്നെ മതിയായ സാഹചര്യവുമുണ്ടു്, ഇക്കാര്യത്തിൽ വർക്കു്കമ്മിററിക്കു്. ഈ രംഗത്തേക്കു് കണ്ടുപിടിക്കപ്പെട്ട ആളാണെങ്കിലോ, സാംസ്കാരികമണ്ഡലത്തിൽ വളരെക്കാലത്തെ അനുഭവസമ്പത്തുള്ള ഒരു ദേഹവും.

കേന്ദ്രസാംസ്കാരികക്കമ്മിതീയുടെ ചേർമാൻ, സിനിമാ—കൺസെർട്ട്ഹാളിന്റെ ഡയരക്ടർ എന്നീ നിലകളിൽ ട്രേഡ്‌യൂനിയൻ സംഘടനയുടെ പല സാംസ്കാരികസംഘങ്ങളേയും ഒട്ടേറെ തവണ പ്രതിനിധീകരിച്ചിട്ടുള്ള ആളാണു് കോസ്‌ലോവ്. കലാലോകവും മററു നഗരങ്ങളുമായി ഗോർക്കിക്കഭേദ്യമായ ബന്ധമുണ്ടാക്കിയതിൽ അയാൾക്കു വലിയൊരു പങ്കുണ്ടു്.

ട്രേഡ്‌യൂനിയൻ പ്രവത്തനത്തിന്റെ വിവിധമണ്ഡലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന 12 സ്ഥിരം കമ്മീഷനുകളുണ്ടു് വർക്കു് കമ്മിററിയുടെ കീഴിൽ. ഇവയിൽ പലതും തിരഞ്ഞെടുക്കപ്പെട്ടനവയുമാണു്. ഉദാഹരണമായി സാമൂഹ്യഇൻഷൂറൻസ് കൌൺസിൽ. ആ രംഗത്തിലെ സജീവപ്രവത്തകന്മാരാൽ തിരഞ്ഞെടുക്കപ്പെട്ടതാണു് അതിലെ 19 അംഗങ്ങളും.

നിലവിലുള്ള നിയമപ്രകാരം ഖർക്കു്കമ്മിററി ചെയർമാനായിരിക്കും അതിന്റേയും തലവൻ. ഡിപ്യൂട്ടിചെയർ

മാൻെറ അധികാരത്തിലാണ് മൊറോസോവ് ഇതിൽ പ്രവൃത്തിക്കുന്നത്.

വർക്സ് കമ്മിററിയിലെ വേറെ ചില അംഗങ്ങളും അതേസമയംതന്നെ സോഷ്യൽ ഇൻഷ്വറൻസ് കൌൺസിലിലും അംഗങ്ങളാണ്. അൻേറാണിനാ ട്രസോവാ കഴിഞ്ഞ 10 കൊല്ലമായി ഇതിലംഗവും, ഇതിലെ അവരുടെ പ്രവർത്തനം തൻെറ ദൈനംദിനജീവിതത്തിൻെറ ഒരു സുപ്രധാനഘടകവുമാണ്.

ഫൌണ്ടറിയിലെ മോൾഡേഴ്സ് ഗ്രൂപ്പിൻെറ യുവ പ്രതിനിധിയായ വീരാ ഫെഡറേറാവയാണ് ഈ കൌൺസിലിലെ മററാരു വർക്സ് കമ്മററിയംഗം.

## നമ്മുടെ 'കോടീശ്വരൻ'

ഖജാൻജിക്കു അതിപ്രധാനമായ ഒരു സ്ഥാനവും ഉത്തരവാദിത്വവുമാണ് വർക്സ് കമ്മിററിയിലുള്ളത്. കമ്മിററിയുടെ ഫണ്ടുമായി ബന്ധപ്പെട്ട സകല കാര്യങ്ങളിലും അയാളാണ് ചെയർമാൻെറ ഏററവുമടുത്ത ഉപദേശി.

ഒരു ബുക്ക് കീപ്പറും യുവാവുമായ പീററർ ക്രസ്നോഗറോവിനാണ് ഈ സ്ഥാനം ലഭിച്ചതു്. മുപ്പതു വയസ്സേ പ്രായമായിരുന്നുള്ളുവെങ്കിൽകൂടി, വർക്സിലെ ഒരു ഷോപ്പു ഘടകത്തിലെ ധനകാര്യവിദഗ്ദ്ധനും സജീവ ട്രേഡ് യൂനിയൻ പ്രവർത്തകനുമെന്ന നിലക്കു തൻെറ കഴിവു അയാൾ ഇതിനു മുമ്പേ പ്രകടിപ്പിച്ചിട്ടുണ്ടു്.

ആഡിററിങ്ങ് കമ്മീഷനിലേക്കു പലകുറി തിരഞ്ഞെടുക്കപ്പെടുകയും അന്നൊക്കെ ആ ജോലി ശരിക്കും നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ടു് അയാൾ.

കമ്മിററിയുടെ കയ്യിരുപ്പ്, അംഗവരിസംഖ്യ, ട്രേഡ് യൂണിയൻ, സാംസ്കാരിക-കായികാഭ്യാസസ്ഥാപനങ്ങളിൽ നിന്നുള്ള വരവ്—ഇതിൻെറയെല്ലാമുത്തരവാദിത്വം പീററർ ഇന്നു സ്വന്തം ചുമലിലെടുത്തിരിക്കുന്നു. ഫണ്ടുകൾ ശരിയ്ക്കുപയോഗപ്പെടുത്തുക, ട്രേഡ്യൂണിയൻകമ്മിററികളുടെ പണം വേണ്ടിവരുന്ന പദ്ധതികൾ നിറവേററുക തുടങ്ങിയ കാര്യങ്ങളിലെല്ലാം ചെയർമാനോടൊപ്പം ഇദ്ദേഹവും ഉത്തരവാദിയാണിന്നു്.

ഈ യുവാവായ ബുക്ക്കീപ്പറെ അൻെറ പുതിയ സ്ഥാനാരോഹണത്തിൽ അഭിനന്ദിച്ചുകൊണ്ട് സഖാക്കൾ അയാളെ പരിഹസിച്ചു: "നമ്മുടെ പണക്കുമ്പാരം!"

"എന്തു ചെയ്യാം. അതാണല്ലോ നീങ്ങളുടെ അനിഷേധ്യമായ ആജ്ഞ!" കോടീശ്വരന്മാരും പണപ്പെട്ടികളുമെന്ന പ്രയോഗങ്ങളോടു സോവിയററുജനതയ്ക്കു അങ്ങേയററത്തെ വെറുപ്പാണെങ്കിലും, പീററർ അശേഷവും ശുണ്ഠി പിടിക്കാതെ, അങ്ങിനെ അഭിമാനംകൊണ്ടു.

ഇങ്ങിനെ, ഭൂരിപക്ഷം വർക്ക്കമ്മിററിയംഗങ്ങളും ട്രേഡ്യൂണിയൻപ്രവത്തനത്തിൻെറ ഏതെങ്കിലുമൊരു വകുപ്പിൽ വ്യക്തമായ ചില ജോലികളുടെ ഉത്തരവാദിത്വമേറെറടുത്തു, വേറെ ചിലർക്കു അങ്ങിനെ പ്രത്യേകം ജോലി കൊടുക്കാതെ നിത്തി, ഷോപ്പ്-ഗ്രൂപ്പ് ട്രേഡ്യൂണിയൻഘടകങ്ങളുടെ നേതാക്കളായവരെ: അലക്സാണ്ടർ ടോർബിൻ, അനസ്റ്റാസ്യ സോയിനാ, മേരിയാ സൊക്കാവാ മുതൽപേർ.

## അടിസ്ഥാനം—സാമൂഹ്യസേവനം

ഓരോരുത്തരുടേയും പ്രവൃത്തി നിശ്ചയിച്ചു കഴിഞ്ഞതിനുശേഷം, അടുത്തതായി, ആരൊക്കെ വേണം ഷോപ്പിലോ ആപ്പീസിലോ ഉള്ള തങ്ങളുടെ ജോലിവിട്ടു ശമ്പളത്തോടുകൂ

ടിയ ട്രേഡ് യൂനിയൻ പ്രവൎത്തനം നടത്തുക എന്ന ആലോചന വന്നു. അതാരായാലും അതുകൊണ്ടവൎക്ക് യാതൊരു വലിയ നഷ്ടവും ലാഭവുമില്ല. വൎക്ക്സിൽനിന്നു കിട്ടിയിരുന്ന അതേ ശമ്പളംതന്നെ ഇവിടെയും കിട്ടും.

ഒരു മേലെക്കിട പ്ലാൻറിലെ വൎക്ക്സ് കമ്മററിക്കു ഒരു വലിയ സ്റ്റാഫിനെ വെച്ചുപുലൎത്തുക ഒരു പ്രശ്നമേയല്ല. പക്ഷെ ഭൂരിപക്ഷം ട്രേഡ് യൂനിയൻ പ്രവൎത്തകരും അതു കേവലം സാമൂഹ്യസേവനത്തിൻെറ അടിസ്ഥാനത്തിലാണ് ചെയ്യുക. അതായതു ഷോപ്പിലോ ആഫീസ്സിലോ ഉള്ള തങ്ങളുടെ തൊഴിൽചെയ്തു ശമ്പളം വാങ്ങിച്ചുകൊണ്ടുതന്നെ, ട്രേഡ് യൂനിയൻ ചുമതലയും നിറവേററുക.

ട്രേഡ് യൂനിയൻഫണ്ട് എത്രയെങ്കിലും വൎദ്ധിപ്പിക്കാനും ആ സംഖ്യകൂടി അംഗങ്ങളുടെ ഭൗതിക-സാംസ്കാരികാവശ്യങ്ങൾക്കായി ചിലവിടാനും അതുവഴി കഴിയുമല്ലോ.

സ്ഥിരം കമ്മീഷനുകളിൽ 211 പേരുണ്ട്; ഈ സാമൂഹ്യസേവകരിൽ പലരും അതേ സമയംതന്നെ സമൎത്ഥരായ തൊഴിൽ-ഭരണ വിദഗ്ദ്ധന്മാരുമാണ്. അവരെല്ലാം തങ്ങളുടെ മുഴുവൻ ഒഴിവുസമയവും ട്രേഡ് യൂനിയൻപ്രവൎത്തനങ്ങൾക്കായി നീക്കിവെക്കുന്നു. ഒരു വൻകിട ട്രേഡ് യൂനിയൻ സംഘടനക്കു വിജയകരമായി അതിൻെറ പ്രവൎത്തനങ്ങൾ നടത്തിക്കൊണ്ടുപോവാൻ സഹായിക്കുന്ന പ്രധാന ശക്തികേന്ദ്രം ഇതാണ്.

അപ്പോൾ, ഉള്ള കഴിവുകളെ എങ്ങിനെ നന്നായുപയോഗപ്പെടുത്താമെന്ന വൎക്ക്സ് കമ്മററിയുടെ വിശദമായ ചൎച്ചക്കു പിന്നിൽ അതിപ്രധാനമായ ഒരുദ്ദേശമുണ്ട്. ആ വിശദമായ ചൎച്ചകൾവഴി മാത്രമേ തങ്ങളെ തിരഞ്ഞെടുത്തവരുടെ ആഗ്രഹങ്ങൾ തികച്ചും നിറവേററാൻ അതിനു കഴികയുള്ളു.

---

# കൂട്ടമ്പടി—ട്രേഡ്‌യൂനിയൻ പ്രവർത്തനത്തിന്നടിസ്ഥാനം

## രണ്ടു കൂട്ടരുടേയും 'ഗൈഡ്ബുക്ക്'

തൊഴിലാളികളുടെ പൊതുവായ ക്ഷേമം, ഉല്പാദനവർദ്ധനവിലുള്ള നേട്ടങ്ങളേയും പുരോഗതിയേയും ആശ്രയിച്ചിരിക്കുന്നുവെന്നു കോൺഫറൻസ് അതിന്റെ പ്രമേയത്തിൽ പറഞ്ഞിരുന്നു. ഭരണപരമായ പ്രവർത്തനത്തിലേക്കും തൊഴിലാളികളെ ആകർഷിച്ചുകൊണ്ടു്, കണ്ടുപിടുത്തങ്ങളും ക്രമീകരണനടപടികളും പ്രോത്സാഹിപ്പിച്ചു്, അവരുടെ ഉല്പാദനശേഷി വർദ്ധിപ്പിച്ചു്, സോഷ്യലിസ്റ്റ് മത്സരപദ്ധതിയിൽ പുതിയ അദ്ധ്യായങ്ങൾ സൃഷ്ടിക്കണമെന്നും ആ കോൺഫറൻസ് ഖർക്കു് ട്രേഡ്‌യൂനിയൻ കമ്മിററിയോടാവശ്യപ്പെട്ടു.

ഷോപ്പുകളിലെ ജോലിസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഭവനനിർമ്മാണ–സാംസ്കാരികപ്രവർത്തനസൗകര്യ

ങ്ങൾ വിപുലമാക്കുക—ഇതായിരുന്നു പ്രതിനിധികൾ കമ്മിററിയെ ഭാരമേല്പിച്ച മറെറാരു സംഗതി. വിശേഷിച്ചും, സാംസ്കാരികകേന്ദ്രത്തിൻെറ (പാലസ് ഓഫ് കൾച്ചർ) പണി എത്രയുംവേഗം മാനേജുമെണ്ടിനെക്കൊണ്ടാരംഭിപ്പിക്കൽ.

തീൻമുറികൾ, ഷോപ്പുകൾ, വിറകുവിതരണം, മുൻസിപ്പാൽട്രാൻസ്പോർട്ട്, പൂന്തോട്ടങ്ങളും കാസ്സറിത്തോപ്പുകളും തുടങ്ങി മററുപലതിനെ സംബന്ധിച്ചും വിശദമായ നിർദ്ദേശങ്ങളുണ്ടായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ എല്ലാ പ്രതിനിധികളുടേയും നിർദ്ദേശത്തിൻെറയും നിർബ്ബന്ധശാസനത്തിൻെറയും സത്തിതായിരുന്നു: "മോട്ടോർകാർ നിർമ്മാതാക്കളുടെ ജോലിസൌകര്യങ്ങളും ജീവിതവും അഭിവൃദ്ധിപ്പെടുത്തുന്നതിന്നായി ആവുന്നതെല്ലാം ചെയ്യുക. ഉറച്ചുനില്ക്കുക, ഞങ്ങളുടെ അംഗീകാരം നേടുക!"

ഒരു സോവിയററുവ്യവസായസ്ഥാപനത്തിലെ ട്രേഡ്യൂനിയൻ കമ്മിററിക്കു ഇതെല്ലാം നേടുവാനുള്ള അവകാശവും അവസരവും ധാരാളമായുണ്ട് തന്നേയുമല്ല, തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും പേരിൽ അതിന്നു മാനേജുമെണ്ടുമായി കൂട്ടുടമ്പടികളുണ്ടാക്കുകയും ചെയ്യാം.

ഏതു വ്യവസായത്തിലും ആണ്ടിലൊരിക്കൽ ഇങ്ങിനെ ഒരു കൂട്ടുടമ്പടിയുണ്ടാകും. ചുരുങ്ങിയതു നൂറുപേരങ്കിലും അതിൻെറ വിജയകരമായ നിർവ്വഹണത്തിന്നുവേണ്ടി പ്രവത്തിക്കേണ്ടിയുംവരും. എല്ലാ ട്രേഡ്യൂനിയൻ ഘടകങ്ങളുടേയും നടത്തിപ്പിൽ, ഈ കൂട്ടുടമ്പടിയുടെ സാക്ഷാൽക്കാരം ഒരു വലിയ സംഭവമാണ്.

കൂലിനിരക്ക്, കൂലികൊട്ടപ്പിലുണ്ടാവേണ്ട വ്യവസ്ഥ, വരിനിശ്ചയം, തൊഴിലാളികളുടെ ഉല്പാദനക്ഷമത വദ്ധിപ്പിക്കൽ എന്നിവയും തൊഴിലാളിരക്ഷ, ഭവനനിർമ്മാണം, തീൻമുറി, ഉല്ലാസകേന്ദ്രങ്ങൾ, സ്റ്റാഫിനുവേണ്ട മററു സൌകയ്യങ്ങൾ മുതലായവയിലെ മാനേജ്മെണ്ടു ചെയ്യേണ്ട ചില ത്തിൻെറ കായ്യവും മററും മററും സംബന്ധിച്ച വിശദമായ തീരുമാനങ്ങളുണ്ടാക്കുന്നതു ഈ കൂട്ടടമ്പടിയിലാണ്.

അപ്പോൾ കോൺഫറൻസിലുണ്ടായിരുന്ന മിക്കവാറും എല്ലാ പ്രതിനിധികളുംതന്നെ അതിനെപ്പററി സുദീർഘ സംസാരിച്ചുവെങ്കിൽ അതു സ്വാഭാവികം മാത്രമാണല്ലോ. ഒന്നാംനമ്പർ ഫൌണ്ടറിയിലെ മോൾഡറായ ഖാസിലി മെൽക്കോവ് ആ കൂട്ടടമ്പടിയെപ്പററി പറഞ്ഞതു്, "മാനേജ്മെണ്ടിനും വർക്സ്കമ്മിററിക്കുമുള്ള ഒരു ഗൈഡ്ബുക്കാണ"തെന്നത്രേ.

ശരിയാണ്, ഈ കൂട്ടടമ്പടിയാണ് വർക്ക്സിലെ മാനേജ്മെണ്ടിൻേറയും ട്രേഡ്യൂനിയൻകമ്മിററിയുടേയും ബാദ്ധ്യതകൾ വ്യക്തമായി നിശ്ചയിക്കുന്നതു്. ഉല്പാദനവദ്ധനവിൽ വക്ക്സിൻേറയും അതിലോരോ വകുപ്പിൻേറയും തൊഴിലാളിയുടേയും പങ്കും അതുപോലെതന്നെ തൊഴിലാളിയച്ചടക്കത്തിൻെറ നിയമങ്ങളും നിബ്ബന്ധങ്ങളും—ഇതുതന്നെയാണ് നിശ്ചയിക്കുന്നതു്.

മറുവശത്തു കൂട്ടടമ്പടിപ്രകാരം മാനേജ്മെണ്ടു അതിൻെറ കടമകൾ ശരിയായും കൃത്യമായും നിവ്വഹിക്കുന്നുണ്ടോ എന്നു നോക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം വർക്ക്സ്കമ്മററിക്കുമുണ്ടു്. അങ്ങിനെ ഇരുവശത്തേയും ബാദ്ധ്യതകളും ആവശ്യങ്ങളുമടങ്ങുന്ന ഒരു 'ഗൈഡ്ബുക്കു'തന്നെ

യാണ്, വർക്ക്സ്ഡയരക്ടറും വർക്ക്സ്ട്രേഡ്‌യൂണിയൻ കമ്മററിചെയർമാനും തമ്മിലുള്ള ആ കരാറ്.

## ഉടമ്പടിയുടെ മുന്നോടി

പുതുതായി തിരഞ്ഞെടുക്കപ്പെട്ട വർക്ക്സ്ട്രേഡ്‌യൂനിയൻകമ്മററിയുടെ പണിയാരംഭിക്കുന്നതുതന്നെ ആ കൂട്ടടമ്പടി തയ്യാറാക്കുന്നതോടുകൂടിയാണ്. ആദ്യം അതിനുവേണ്ടി നിയോഗിക്കപ്പെട്ട കമ്മീഷൻ അതിനുവേണ്ട കരടുതയ്യാറാക്കും. കൂടെത്തന്നെ ഓരോ സെക്ഷനിൽനിന്നും ആ ഉടമ്പടിയിൽ വരേണ്ടതായ തൊഴിലാളികളുടേയും ഇതരജീവനക്കാരുടേയും അവശ്യനിർദ്ദേശങ്ങൾ അതാതു ഷോപ്പ്കമ്മററികൾ ശേഖരിക്കുകയും ചെയ്യും.

ഇതിന്നും പുറമെ, റേഡിയോവും നോട്ടീസ്സുകളും പോസ്റ്ററുകളും വഴിയായും വിവരം ആളുകളെ അറിയിക്കുകയും നിർദ്ദേശങ്ങൾ ക്ഷണിക്കുകയുമുണ്ടായി—1954ൽ കാറുനിർമ്മാതാക്കളെല്ലാവരുംതന്നെ അതിൽ പങ്കെടുത്തു.

ട്രേഡ്‌യൂനിയൻസംഘടകൻ വാസിലിടെൽക്കോവ് തൻെറ ചുററുമുള്ള ആൾക്കാരോടു ഇതു പറയേണ്ട താമസം, ആ മോൾഡർമാരെല്ലാവരും ആ പുതിയ കൂട്ടടമ്പയിലുൾപ്പെടുത്തേണ്ട കാര്യങ്ങളുമായി മുന്നോട്ടു വന്നു; അവരെല്ലാവരും അയാളുടെ ചുററും വളഞ്ഞുനിന്നു കാര്യങ്ങൾ പറഞ്ഞു; അയാളതെല്ലാം തൻെറ നോട്ട്ബുക്കിൽ കുറിച്ചിട്ടുകകയും.

ശമ്പളത്തോടുകൂടിയ വർഷാവധി 12ൽനിന്നു 18ആക്കണമെന്നതായിരുന്നു നീനാകർസ്സിയായുടെ ആവശ്യം. മററ പ്ലാൻറുകളിലെ മോൾഡർമാർക്കു അതു കിട്ടുന്നുണ്ടെന്നു അവൾക്കറിയാം.

"ആ ക്ലോക്കുറൂം" വലുതാക്കേണ്ട കാലം എന്നോ കഴിഞ്ഞിരിക്കുന്നു," വിക്ടർ കോസ്റ്റിലോവ് പറഞ്ഞു. "ഷോപ്പ് പൊളിച്ചുപണിയുകയും വിസ്താരം കൂട്ടുകയും ഒക്കെ ചെയ്യും. പക്ഷേ സുഖക്ഷേമസൗകര്യങ്ങൾ പണ്ടത്തേപ്പടിതന്നെ."

ക്ലാവിഡ്യാ ഗ്രസ്യാക്കോവ സ്ത്രീകളുടെ കുളിമുറി (ഷവർറൂം) വലുതാക്കണമെന്നാവശ്യപ്പെട്ടു.

മററു ഗ്രൂപ്പുസംഘടകന്മാരും, ഇങ്ങിനെ കൂട്ടടമ്പടിയിലേക്കുവേണ്ട കാര്യങ്ങൾ ശേഖരിക്കുന്നുണ്ടായിരുന്നു. ഷോപ്പ് ട്രേഡ്‌യൂണിയൻ കമ്മിററിചെയർമാന്മാരെല്ലാം തങ്ങൾക്കു കിട്ടിയ നിർദ്ദേശങ്ങൾ വർക്ക്സ്‌കമ്മററിക്കു സമർപ്പിച്ചു. വർക്ക്സ്‌കമ്മററിയുടെ കീഴിലതിനുള്ള കമ്മീഷൻ അതെല്ലാമെടുത്തു ഇനം തരംതിരിച്ചു എഴുതിച്ചേർത്തു.

ഏതാനും ദിവസങ്ങൾക്കുശേഷം ഓരോ ഷോപ്പിലും ആഫീസ്സിലും തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും പൊതുയോഗം വിളിച്ചു: കഴിഞ്ഞ കൊല്ലത്തെ കൂട്ടടമ്പടിയുടെ നിർവ്വഹണത്തെപ്പററി പരിശോധിക്കാനും പുതിയ കരടിനെപ്പററി വാദപ്രതിവാദം നടത്താനും.

ഒന്നാംനമ്പർ ഫൌണ്ടറിയിലെ തൊഴിലാളികൾ, വാദപ്രതിവാദത്തിനുവന്ന ആ കരടിൽനിന്നു ഏററവും പ്രധാനപ്പെട്ടവ തിരഞ്ഞെടുത്തു ചർച്ചചെയ്തു. ഫൌണ്ടറിയുടെ പ്രവർത്തനത്തിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന ആട്ടോമററിക്ക് (യന്ത്രീകൃത) പ്രക്രിയയുടെ സ്ഥാപനം എത്രയുംവേഗം നടപ്പിലാക്കണമെന്നു അവരാവശ്യപ്പെട്ടു. പണിതീന്ന സാധനങ്ങൾക്കുള്ള സ്റ്റോർറൂമിൻെറ ചിലവിലായാൽപ്പോലും, ക്ലോക്ക്-ഷവർ റൂമുകളുടെ വിപുലീകരണം ഉടനെ നടത്തണമെന്നായിരുന്നു മോൾഡർമാരുടെ നിർബ്ബന്ധം.

കരടിനെക്കുറിച്ചുള്ള ചർച്ചകൾക്കുശേഷം ഇതേയോഗത്തിൽവെച്ചുതന്നെ പഴയ കരാറിൻെറ കാര്യം പരിശോധി

ക്കാനും പുതിയതധികാരപ്പെട്ടത്താനുമുള്ള വർക്സ്കോൺഫറൻസിലേക്കവേണ്ട പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെട്ടു.

## തുല്യബാദ്ധ്യതകൾ എങ്ങിനെ നിറവേററുന്നു

തിരഞ്ഞെടുപ്പിനുവേണ്ടിക്കൂടിയ സമ്മേളനവും ഇതും തമ്മിൽ വ്യത്യാസമുണ്ട്. ഇവിടെ രണ്ടു റിപ്പോർട്ടുകളാണ് സമർപ്പിക്കപ്പെട്ടുക: ഒന്നു വർക്സ്ഡയറക്ടരും, മറെറാന്ന് വർക്സ് ട്രേഡ്യൂനിയൻകമ്മിററി ചെയർമാനും. ഇതിൽ ട്രേഡ്യൂനിയൻ കമ്മിററി ചെയർമാനും മാനേജരുടെ റിപ്പോർട്ടിനെപ്പററി വിമർശനം നടത്താൻ അവസരം ലഭിക്കും.

തുടർന്നുവന്ന ഓരോ പ്രാസംഗികയും പ്രാസംഗികനും തൻെറ ഷോപ്പിലെ തൊഴിലാളികളുടെ ആവശ്യങ്ങളുന്നിപ്പറഞ്ഞുകൊണ്ടായിരുന്നു, തങ്ങളുടെ പ്രസംഗമുപസംഹരിച്ചത്. ആ നിർദ്ദേശങ്ങളെല്ലാം ഉൾക്കൊണ്ട്, തൊഴിലാളികളുടേയും ഇതരജീവനക്കാരുടേയും പേരിൽ ഉടമ്പടിയിലൊപ്പിടാൻ പ്രസ്തുത സമ്മേളനം വർക്സ്കമ്മിററിയെ അവിടെവെച്ചു അധികാരപ്പെട്ടത്തി, ആയിരക്കണക്കിലാളുകളുടെ കൂട്ടായ പരിശ്രമഫലമായുള്ള ആ "ഗൈഡ്ബുക്ക്" നൂറിൽപ്പരം ടൈപ്പുചെയ്ത പേജുകളുണ്ട്. എട്ടു ഖണ്ഡുകളായിട്ടാണ് ഓരോ കക്ഷിയുടേയും ബാദ്ധ്യതകളെഴുതിയിട്ടുള്ളത്.

സെക്ഷൻ 1: സ്റ്റേററുപദ്ധതിയും അതിൽ ട്രേഡ്യൂനിയനും മാനേജുമെണ്ടും നടപ്പിൽവരുത്തേണ്ട കാര്യങ്ങളുമാണ്. പുതിയ കോൺവെയറുകളും വലിയ കാറസ്സംബ്ലിലയിനുകളും സ്ഥാപിക്കുക, പുതിയ ചില മെഷിനുകളും ഉപകരണങ്ങളും വാങ്ങിക്കുക, ഉല്പാദനസ്ഥലം വികസി

പ്പിക്കുക—ഇതൊക്കെ മാനേജുമെണ്ടിൻെറ ചുമതലയിലുണ്ട്.

ഇതു വളരെ പ്രധാനവുമാണ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാങ്കേതികാടിത്തറ ഇതാണ്.

കൂലിനിരക്കും അതിൻെറ വിതരണവും മററും സംബന്ധിച്ച രണ്ടാം വകുപ്പിൽ, ഉല്പാദനമുറയും വേതനവും സംബന്ധിച്ച കാര്യങ്ങളിൽ മാനേജ്മെൻറിൻെറ കടപ്പാട് സവിസ്തരം രേഖപ്പെടുത്തുന്നു.

സാങ്കേതികപരിശീലനത്തെപ്പററിയാണ് അടുത്ത വകുപ്പ്. ഉപരിപാഠത്തിന്നും പരിശീലനത്തിന്നും അടുത്ത വർഷം എത്ര തൊഴിലാളികൾക്കും മററു ജീവനക്കാർക്കും അവസരം നൽകും, അതിനായി മാനേജ്മെൻറ് എന്തു തുക ചിലവാക്കും എന്നതൊക്കെ അതിൽക്കാണാം.

ജോലിസൌകര്യങ്ങൾ പരിഷ്കരിക്കുന്നതിന്നുള്ള വിതം, പ്രധാനപ്പെട്ട പുതിയ തൊഴിലാളിരക്ഷാനടപടികളുടെ കാര്യം, ജോലിസൌകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്നുള്ള വ്യക്തമായ മാർഗ്ഗം—ഇതെല്ലാമാണ് തൊഴിൽ–രക്ഷാസെക്ക്ഷനിൽപ്പെടുക.

അങ്ങിനെ നടപടികളുടെ ഒരു സവിസ്തരപട്ടികയും വർക്കു് ട്രേഡ്യൂനിയൻകമ്മിററിയുടെ അംഗീകാരത്തോടെ, എഗ്രിമെൻറിൻെറ കൂടെ തുന്നിപ്പിടിപ്പിക്കുക പതിവാണ്.

പുതിയ വീടുകൾ പണിയൽ, പഴയവ നന്നാക്കൽ, സ്വന്തമായി വീടു വെക്കാനാഗ്രഹിക്കുന്നവർക്കു അതിനു വേണ്ട കടമനുവദിക്കൽ, തൊഴിലാളികൾക്കു കുറഞ്ഞ നിരക്കിൽ വിറകു നൽകൽ തുടങ്ങി പല കാര്യങ്ങളുമടങ്ങുന്നതു അതിൽ മാനേജ്മെൻറിൻെറ ചുമതലകൾ സവിസ്തരം

ശ്ചയിക്കുന്നതുമാണ് താരതമ്യേന വിപുലമായ ഭവനനിർമ്മാണവകുപ്പ്.

പൊതുഭക്ഷണവകുപ്പിൽ മാനേജ്മെൻറ് സൌജന്യമായി കെട്ടിടം, വെളിച്ചം, തീൻമുറികൾക്കുവേണ്ട സാധനങ്ങൾ ഇതെല്ലാം കൊടുക്കാൻ ഏററിരിക്കുന്നു.

സാംസ്കാരികസെക്ഷനിലുള്ള മാനേജുമെണ്ടിൻെറ ഏററവും വലിയ ചുമതല, പാലസ് ഓഫ് കൾച്ചറിൻെറ പണിതന്നെയാണ്. നിരവധി ദശലക്ഷം റൂബിൾ ചിലവു വരുന്ന ഒരു പണി. 1954ൽ അതിൻെറ അടിത്തറയും മററു കാര്യങ്ങളുമാണ് തയ്യാറാക്കേണ്ടതെങ്കിൽപോലും അതിനും വേണം ഒരു ഭീമമായ തുക.

തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്കുള്ള വേനൽക്കാല സുഖവാസകേന്ദ്രങ്ങളുടെ നടത്തിപ്പും വിപുലീകരണവും അതിൽതന്നെയുൾപ്പെടുന്നു. മറുവശത്തു, തൊഴിലാളികളുടെയിടയിൽ വിപുലമായ തോതിൽ സാംസ്കാരികപ്രവർത്തനം സംഘടിപ്പിക്കാനുള്ള കടമ വർക്ക്സ് കമ്മററിക്കുമുണ്ടു്.

അങ്ങിനെ മാനേജുമെണ്ടിൻെറ പ്രവർത്തനങ്ങളുടെ മീതെയുള്ള ക്രമീകൃതമായ നിയന്ത്രണത്തിനും, വർക്ക്സിലുള്ളവരുടെ ജീവിത—ജോലി നിലവാരം മെച്ചപ്പെടുത്തുന്നതിനും ട്രേഡ്യൂണിയൻേറയും സജീവ ട്രേഡ്യൂനിയനംഗങ്ങളുടെയും കയ്യിലുള്ള മൂർച്ചയേറിയ ഒരായുധമാണ് ഈ കൂട്ടുടമ്പടി.

# ഓരോരുത്തനും അവൻെറ ജോലിക്കനുസരിച്ച വരുമാനം

---

## ആളുകളെ ആവശ്യമുണ്ടു്

മൊളോട്ടോവ് മോട്ടോർവക്ക്സ് ആരംഭിച്ചതിനു ശേഷം പുതുതായി കൂടുതൽക്കൂടുതൽ ജോലിക്കാരെ ആവശ്യപ്പെടാത്തതായിട്ട് ഒററദിവസമുണ്ടായിട്ടില്ല. യൂ. എസ്. എസ്. ആറിൽ തൊഴിലില്ലായ്മ എന്നോ അവസാനിച്ചിരുക്കുന്നു എന്നതും ആ മോട്ടോർവർക്സിലെ ഉല്പാദനം അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നതും തന്നെയാണ് ഇതിന്നടിസ്ഥാനം.

വിവിധ തൊഴിലുകളിൽപ്പെട്ട പലരേയും ആവശ്യമുണ്ടെന്നറിയിച്ചുകൊണ്ട് വർക്സ് അടിക്കടി പരസ്യം ചെയ്തുകൊണ്ടിരിക്കുന്നു. അവിദഗ്ദ്ധതൊഴിലാളികളെ ഫാക്ടറിച്ചിലവിൽ പരിശീലനം കൊടുക്കുന്നു, പഠിക്കുന്ന കാലത്തു

പ്രത്യേകവേതനം ലഭിക്കുന്നു—ഇതുകൂടികാണാം ആ പരസ്യങ്ങളിൽ.

നഗരത്തിന്റെ പുറത്തുനിന്ന് വരുന്നവർക്ക സൌജന്യതാമസസ്ഥലംകൂടി വർക്സ് കൊടുക്കുന്നുണ്ട്.

മൊളോട്ടോവ് മോട്ടോർവർക്സ് മാത്രമല്ല, അമ്മാതിരിയുള്ള എല്ലാ സ്ഥാപനങ്ങളും ഇങ്ങിനെ പരസ്യംചെയ്യാറുണ്ട്. അവിടെയെല്ലായിടത്തും കൂടുതൽകൂടുതലാളുകളെ പണിക്കാവശ്യമുണ്ട്.

ഒരു പിരിഞ്ഞുവന്ന പട്ടാളക്കാരനായ ബോറിസ്ടിഖമോവ്, ട്രാംസ്റ്റോപ്പിൽ വെച്ചാണ് ഇതിലൊരു പരസ്യം കണ്ടത്. അയാൾ നേരെ വർക്സിലെ സ്വീകരണമുറിയിലേക്ക് ചെന്നു.

അവിടെവെച്ചു അയാളാദ്യം കണ്ടുമുട്ടിയ ഒരു തൊഴിലാളിതന്നെ അയാളുടെ അഭിലാഷങ്ങളന്വേഷിക്കുകയും, പിരിഞ്ഞുവന്ന പട്ടാളക്കാർക്ക പററിയ പല ഡിപ്പാർട്ടുമെണ്ടുകളും അവിടെയുണ്ടെന്നറിയിക്കുകയും ചെയ്തു.

എന്നാൽ പണിക്കോപ്പുല്പാദനവകുപ്പിനാണ് അയാൾക്കിഷ്ടപ്പെട്ടതു്. അടുത്ത നിമിഷത്തിൽ അയാളങ്ങോട്ടു വിളിക്കപ്പെട്ടു.

ഷാപ്പ് മാനേജർ അയാളെ ഫോർമാനു പരിചയപ്പെടുത്തിക്കൊടുത്തു കൂടെ അയാളെ ഒരു ഗ്രൈൻററായി പരിശീലിപ്പിക്കണമെന്ന നിർദ്ദേശവും.

"മൂന്നാല്പ മാസം മതിയാവുമോ?" അയാൾ ഫോർമാനോടന്വേഷിക്കുകയാണ്. ഫോർമാൻ: "അതു പഠിക്കുന്ന ആളെ ആശ്രയിച്ചിരിക്കും....360 റൂബിളിന്റെ സ്റ്റൈപ്പൻറു"

ഒരു വലിയ സംഖ്യയല്ലല്ലോ. അതുകൊണ്ടു കഴിയുന്നവേഗം ശരിയായ കൂലി മേടിക്കാനാണു ശ്രമിക്കേണ്ടതു്."

ഫോർമാൻ അയാളെ ഒരു കണ്ണാടിമറയുടെ പുറത്തേക്കു കൊണ്ടുപോയി, വർക്ക്സിലെ നിയമവും ക്രമവും, ഷോപ്പിലെ തൊഴിലാളിരക്ഷാ നടപടികൾ തുടങ്ങിയവയെപ്പററി വിശദമായ ഒരു വിവരണം നൽകി. "ഇനി ഞാൻ, നിങ്ങളെ അതു പരിശീലിപ്പിക്കാൻ പോകുന്ന തൊഴിലാളിയെ ഏല്പിക്കട്ടെ."

ഗ്രൈൻറർ കോൺസ്റ്റൻറിൻ ലൂഷ്ചൃയേവ് കരദാക്ഷിണ്യത്തോടെ തൻെറ ഭാവിവിദ്യാത്ഥിയെ സ്വീകരിച്ചു. പക്ഷേ ആ ഗുരുനാഥനു, ശിഷ്യനേക്കാളും വളരെയധികമൊന്നും പ്രായമില്ലായിരുന്നു. യുദ്ധം തുടങ്ങിയ അവസരത്തിൽ, ഒരു കൊച്ചുനായിരിക്കെത്തന്നെ അയാൾ ട്രേഡ്സ്കൂളിൽ ചേന്നു. പത്തുകൊല്ലം കഴിഞ്ഞു. ഇന്നു അങ്ങേയററം സമത്ഥനായ ഒരു ഗ്രൈൻററാണു ലൂഷ്ചൃയേവ്. ടിഖനോവിനെ തനിക്കറിയുന്ന എന്തും പഠിപ്പിക്കുവാൻ അയാൾക്കു സന്തോഷമേയുള്ളു.

## ഗ്രൂപ്പുസംഘാടകൻെറകൂടെ

ടിഖനോവ് വളരെയധികം സമയം അതിരററ കൌതുകത്തോട്ടും താല്പയ്യത്തോട്ടുംകൂടി, തൻെറ ഗുരുനാഥൻ പണിയെടുക്കുന്നതു നോക്കിനിന്നു. ആ ഗുരുനാഥൻെറ സമത്ഥമായ ചെറുചലനങ്ങളുടേയും നീക്കങ്ങളുടേയും അത്ഥം അയാൾക്കെല്ലാപ്പോഴും മനസ്സിലായിരുന്നില്ലെങ്കിൽകൂടിയും അതാവേശകരമായിരുന്നു.

അപ്പോഴേക്കും ഊണിനുള്ള വിസിലൂതപ്പെട്ടു. ഉടനെ ലൂഷ്ചൃയേവു് ഗ്രീസ്സുപുരണ്ട കൈ തുടക്കാൻ ഭാവിച്ചു, ഒപ്പംതന്നെ ഓവറാളിട്ട മദ്ധ്യവയസ്കനായ ഒരു തൊഴിലാളി അയാളെ സമീപിക്കുകയും.

'ഒരു പുതിയ സഖാവിനെ കൂട്ടുകിട്ടിയമാതിരി തോന്നുന്നു'' ആ പുതിയ അതിഥിയുടെ നേരെയുള്ള ഒരു മന്ദഹാസത്തോടെ അയാളന്വേഷിച്ചു.

"അതെ. ആ സഖാവുമായി ആദ്യം പരിചയപ്പെട്ടേണ്ടതു ഗ്രൂപ്പ്സംഘടകൻ തന്നെയാണ്'' ലൃഷ്ച്യയേവു പറഞ്ഞു. തുടന്നു അയാൾ തൻെറ വിദ്യാൎത്ഥിയെ തൻെറ ഷോപ്പിലെതന്നെ ഒരു മെക്കാനിക്കായ ആ ഗ്രൂപ്പ് സംഘടകന്ന് പരിചയപ്പെടുത്തുകയും അവരെ ഒന്നിച്ചുവിട്ടുകയും ചെയ്തു.

കൂടെ ഡൈനിങ്ങ്റൂമിലേക്ക് കൊണ്ടുപോകുന്നതിന്നിടക്ക് അയാളാരാണ്, വക്ക്സിലേക്കു വരാൻ പ്രേരിപ്പിച്ചതെന്താണ്, ഫോർമാൻെറ പെരുമാററമെങ്ങിനെയായിരുന്നു, പരിശീലനത്തിനനുവദിച്ചിട്ടുള്ള കാലമെത്രയാണ് തുടങ്ങിയ കാൎയ്യങ്ങളെല്ലാം ആ ട്രേഡ്യൂനിയൻ സംഘടകൻ ടിഖണോവിനോടന്വേഷിച്ചു മനസ്സിലാക്കി.

സസന്തോഷം അതിനെല്ലാം സമാധാനം പറഞ്ഞു ടിഖണോവ്. അവരുടെയെല്ലാം പെരുമാററവും തൻെറ ഇൻസ്ട്രക്ടരുടെ അനിതരസാധാരണമായ വൈദഗ്ദ്ധ്യവും അയാളെ വല്ലാതാകർഷിച്ചിരുന്നു.

ആദ്യമായി താനുപയോഗിക്കേണ്ട മെഷിനറിയും അതിൻെറ ഘടകങ്ങളും ഉപകരണങ്ങളും സശ്രദ്ധം മനസ്സിലാക്കുവാനും ഗുരുനാഥനെ ആദരിക്കുവാനും ഗ്രൂപ്പ്സംഘടകൻ അയാളെ ഉപദേശിച്ചു. അദ്ദേഹം പറഞ്ഞു:

"മൂന്നോ നാലോ മാസത്തിലിടക്കുതന്നെ പരീക്ഷ പാസ്സായി അരിക്കുള്ള കൂലീനിരക്കു നേടുവാനും ഇന്നത്തെ ഈ സ്റ്റൈപൻററിനുപകരം പീസ്‌വക്കിലേക്കു നീങ്ങുവാനും നിങ്ങൾക്കു കഴിയും''.

തുടന്ന് അദ്ദേഹം, ടിഖനോവ് എവിടെയാണു താമസി ക്കുന്നതെന്നന്വേഷിക്കുകയും അവിടെ വന്നു കണ്ടുകൊള്ളാമെന്നുറപ്പുപറയുകയും ചെയ്തു. അതിൻെറ പുറകെത്തന്നെ തങ്ങളുടെ ട്രേഡ്യൂണിയൻ സംഘടനയെപ്പററിയും അദ്ദേഹം പറഞ്ഞു; കൂട്ടത്തിൽ ആ പുതിയ തൊഴിലാളിയേയും അതിലേക്കു ക്ഷണിക്കുകയും.

"എന്നെ ചേർക്കുമോ? ഇന്നാണു ഞാൻ വന്നത്."

"അതിൽ തടസ്ഥമെന്താ? ഈ വർക്കിൽ കാലുകുത്തുന്ന ആ നിമിഷംമുതൽ ഒരു തൊഴിലാളിക്കു അയാളുടെ സംഘടനയിൽ അംഗമായിച്ചേരാം". ആ സംഘടകൻ പറഞ്ഞു.

## പുതിയ വിരുന്നുകാർക്കു വിദഗ്ദ്ധപരിശീലനം

ബോറിസ് ടീഖനോവിനെപ്പോലെ, അധികംപേരും അവിദഗ്ദ്ധതൊഴിലാളികളെന്ന നിലയ്ക്കാണു അവിടെവരിക. പക്ഷെ അവർക്കോരോരുത്തർക്കും വ്യക്തിപരമായിത്തന്നെ വിദഗ്ദ്ധതൊഴിലാളികളിൽനിന്നു പരിശീലനവും പ്രത്യേക ശ്രദ്ധയും ലഭിക്കുന്നു. വിദ്യാർത്ഥിക്കു സ്റ്റൈപൻറും ഇൻസ്ട്രക്ടറും, ആ ഇൻസ്ട്രക്ടർക്ക് തൻെറ ഒരാഴ്ചത്തെ കൂലിക്കു സമമായ ഒരു പ്രത്യേക പ്രതിഫലവും—ഇതാണു അവിടെ ഓരോ പുതിയ തൊഴിലാളി വരുമ്പോഴത്തേയും നില.

ഈ ഓരോ പുതിയ ആളുടേയും കാര്യത്തിൽ, അയാളെ പരിശീലിപ്പിക്കുന്ന തൊഴിലാളിയും മാനേജുമെണ്ടുംതമ്മിൽ ഓരോ പ്രത്യേക ഉടമ്പടിയുണ്ടാകും.

അനാവശ്യമായ കാലതാമസംകൂടാതെ ഈ യുവതൊഴിലാളിക്കു അയാളുടെ ജോലി ശരിക്കും പരിശീലിക്കാനും അതിനൊത്ത കൂലി വാങ്ങാനും സൌകര്യപ്പെട്ടുന്നില്ലേയെന്നു ട്രേഡ്യൂണിയൻ സംഘടന പരിശോധിച്ചുകൊണ്ടിരിക്കും. വേജ്കമ്മീഷൻ അടിക്കടി, അമ്മാതിരി പുതിയ തൊഴിലാ

ളികളുടെ പരിശീലനത്തിലവാരം നിരീക്ഷിക്കുകയും അതി നനുസരിച്ച ആവശ്യങ്ങൾ മാനേജുമെണ്ടിൻെറ മുമ്പിൽ സമർപ്പിക്കുകയും ചെയ്യുന്നു. പരിശീലനകാലം കണക്കിലധികം നീണ്ടുപോവുകയാണെങ്കിൽ, അതിനു വിധേയമാകുന്ന പുതിയ തൊഴിലാളികളുടെ കാര്യത്തിൽ ഒരു പ്രത്യേകശ്രദ്ധ പതിപ്പിക്കണമെന്നും കൂടുതൽ സാമർത്ഥമായ പരിശീലനം നല്കണമെന്നും കമ്മീഷൻ മാനേജുമെണ്ടിനെ നിർബ്ബന്ധിക്കും.

യുവാക്കളാവും പുതിയ അതിഥികളിലധികവും; അവർ സെക്കണ്ടറിസ്കൂളിൽനിന്നു (അഥവാ ഏഴുവഷ. പാഠശാല) ബിരുദം വാങ്ങി വരുന്നവരുമായിരിക്കും. അവരൊക്കെ ഒന്നുകിൽ വർക്സ് അപ്രൻറീസ് ഷോപ്പിൽ അല്ലെങ്കിൽ ട്രേഡ്സ്കൂളിൽ അയക്കപ്പെടുന്നു. ഒന്നു മുതൽ മൂന്നു കൊല്ലത്തിലിടക്ക ഏതു വിഷമംപിടിച്ച മെഷീനറിയും സമർത്ഥമായി കൈകാര്യംചെയ്യാൻ അവർക്ക കഴിയും.

സെക്കണ്ടറി വിദ്യാഭ്യാസവും നേടി അവിടെ വരുന്ന യുവാക്കന്മാരും യുവതികളും വർക്സ് ടെക്കനിക്കൽ സ്കൂളിലെ ഒരു കൊല്ലത്തെ പരിശീലനംമൂഖേനതന്നെ വിദഗ്ദ്ധഫിററർമാരോ, മെക്കാനിക്കുകളോ, ഓപ്പറേററർമാരോ, ടൂൾ–മെയ്ക്കർമാരോ ഒക്കെയാവും.

ഇമ്മാതിരി സ്കൂളുകൾ വാസ്തവത്തിൽ ഒരുതരം ട്രെയിനിങ്ങ്ഷാപ്പുകളാണ്,വർക്സിൻെറ. അവിടെയൊക്കെ ഷോപ്പുകമ്മിററികളുടെ നിയന്ത്രണത്തിലുള്ള, വക്ക്സ് ട്രേഡ് യൂനിയൻസംഘടനയുടെ ഭാഗമായുള്ള. ; വിദ്യാർത്ഥി ട്രേഡ്യൂനിയൻഘടകങ്ങൾ കാണും. വർക്ക്ഷോപ്പുകളിലെ യുവജനങ്ങളുടെ സിദ്ധാന്തപഠനത്തിൻേറയും പ്രായോഗിക പരി

ശീലനത്തിൻേറയും മേൽനോട്ടമാണു അവയുടെ പ്രധാന ജോലികളിലൊന്നു്.

നേരിട്ട വർക്കിലോ അല്ലെങ്കിൽ വർക്കഷോപ്പുകളിലോ അവരുണ്ടാക്കുന്ന ഉല്പാദനത്തിന്നു ശരിയായ പ്രതിഫലം ലഭിക്കുന്നുണ്ടോയെന്നും ഈ സ്കൂൾ ട്രേഡ് യൂണിയൻകമ്മിററികൾ അടിക്കടി പരിശോധിച്ചുകൊണ്ടിരിക്കുന്നു. സ്റ്റൈപ്പെൻറിനു പുറമേ ഓരോ വിദ്യാർത്ഥിക്കും, അയാളുണ്ടാക്കുന്ന സാധനങ്ങൾക്കു നിലവിലിരിക്കുന്ന നിരക്കു പ്രകാരമുള്ള കൂലിയും ലഭിക്കാറുണ്ടു്.

വിദ്യാർത്ഥികൾക്കു നല്ല താമസസ്ഥലവും പോഷകാംശമുള്ള ഭക്ഷണവും കൊള്ളാവുന്ന വേഷവും മററും മാനേജുമെണ്ടു നൽകുന്നില്ലേയെന്നുകൂടി എല്ലാവിധ ട്രേഡ് യൂണിയൻ ഘടകങ്ങളും അന്വേഷിക്കാറുണ്ടു്.

## കഴിവുണ്ടെങ്കിൽ കാലേക്കൂട്ടി പരീക്ഷക്കിരിക്കാം

ഇനി വീണ്ടും ടിഖനോവിൻെറ കാര്യംതന്നെ അന്വേഷിക്കുക, നമുക്ക്........ശ്രദ്ധാപൂർവ്വം കാര്യങ്ങൾ പഠിച്ചുംകൊണ്ടിരിക്കെ കാലം കടന്നുപോയതു അയാളറിഞ്ഞില്ല. ചെറുകിട 'പാർട്ട്'കളെല്ലാം കടയുന്നതെങ്ങിനെയെന്നു ലൂഷ്ച്യയേവ് അയാളെ പഠിപ്പിച്ചുകഴിഞ്ഞിരിക്കുന്നു.

ഇതിനുംപുറമേ ടിഖനോവ്, ആഴ്ചയിൽ മൂന്നുതവണ ഈരണ്ടു മണിക്കൂർവീതം, മററു യുവവിദ്യാർത്ഥികളോടൊന്നിച്ചുള്ള സിദ്ധാന്തപഠനംവഴി, "ഏററവും ചുരുങ്ങിയ സാങ്കേതികവിജ്ഞാനം"വും നേടിയിരുന്നു.

രണ്ടുമാസത്തിലിടക്കുതന്നെ ചെറുഭാഗങ്ങൾ കടയുമായിരുന്നു ടിഖനോവ്. പക്ഷേ ഗുരുനാഥൻെറ കടച്ചക്രത്തലായിരുന്നു അതു ചെയ്തിരുന്നതു്. അങ്ങിനെയിരിക്കെ ഒരു

ദിവസം, സുഖക്കേടായിപ്പോയ ഒരു തൊഴിലാളിയുടെ യന്ത്രത്തിലേക്കു ലൂഷ്ച്യയേവ് അയാളെ മാററി, അവിടെ ഏതാനും നിസ്സാരജോലികൾ ഏല്പിച്ചുകൊടുത്തു.

ഷിഫ്ററിലിടക്ക് പലകുറി ഗുരുനാഥൻ ശിഷ്യനെ ക്കാണാൻ വന്നിരുന്നു. ഷിഫ്ററവസാനിച്ചപ്പോൾ ടിഖനോവ് തൻെറ ക്വോട്ടയും മുഴമിച്ചിരുന്നു. ഫോർമാൻ തൻെറ ശിഷ്യനെ അകമഴിഞ്ഞഭിനന്ദിച്ചു

അന്നേരമാണ് ഗ്രൂപ്പ് ട്രേഡ്യൂനിയൻ സംഘടകൻ അതുവഴി വരാനിടയായത്. അയാൾ പറഞ്ഞു: "അഭിനന്ദനമൊക്കെ നല്ലതുതന്നെ; ആവശ്യവുമാണ്. പക്ഷെ ചെയ്യിച്ച പണിക്ക് ആർഡർ എഴുതിയിട്ടുണ്ടോ?"

"ഉണ്ട്" ഫോർമാൻ പറഞ്ഞു "എൻെറ വിദ്യാർത്ഥിയ്ക്കു അവനെടുത്ത ഓരോ പണിക്കും നിലവിലുള്ള നിരക്കനുസരിച്ച് കൂലി വാങ്ങിക്കുകയും ചെയ്യും."

"എന്താ, പരിശീലനകാലം തികയുന്നതിനു മുമ്പുതന്നെ ഇയാളെ ടെസ്റ്റിനു് വെച്ചുകൂടെ?" ഗ്രൂപ്പ്സംഘടകൻ ആരാഞ്ഞു "തൻെറ വിദ്യാർത്ഥി അതു പാസ്സായേക്കുമെന്ന് ഇൻസ്പെക്ടർക്ക് ബോദ്ധ്യമുണ്ടെങ്കിൽപ്പിന്നെ അതു നടക്കട്ടെ. മേന്മനിർണ്ണയ കമ്മീഷനു് അയാളെ ഗ്രേഡ്തിരിച്ച കാശുവാങ്ങിച്ചുകൊടുക്കാമല്ലൊ, എന്നാൽ."

ഓരോ തൊഴിലാളിക്കും തന്നെ ഈ വകുപ്പിലിടാനോ അല്ലെങ്കിൽ അതിലേക്ക് കയററം കൊടുക്കുവാനോ മാനേജുമെൻ്റിനോടാവശ്യപ്പെടാനവകാശമുണ്ട്. അയാൾ പരീക്ഷ പാസ്സാവണമെന്നു മാത്രം. ടിഖനോവിനു് നാലു മാസത്തെ പരിശീലനമേ ആയിട്ടുള്ളുവെങ്കിൽപോലും; ജയിക്കുമെന്ന ഉറപ്പുണ്ടെങ്കിൽ നിശ്ചിതസമയത്തിനു മുമ്പേതന്നെ അയാൾക്കു് പരീക്ഷക്കിരിക്കാം.

പ്രതീക്ഷിച്ചപോലെ ടിഖനോവ് പരീക്ഷയിൽജയിച്ചു. ഷോപ്പ് മാനേജരും സാങ്കേതികവിദഗ്ദ്ധനുമടങ്ങുന്ന മേന്മ നിർണ്ണയക്കമ്മീഷൻ, ഷോപ്പ് ട്രേഡ്‌യൂനിയൻഘടക പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽവെച്ച്, അയാൾക്കു ഒരു നിശ്ചിതജോലി നൽകി.

ആ പുതിയ തൊഴിലാളിയോടുള്ള തന്റെ ലഘുഭാഷണത്തിൽ, വൈദഗ്ദ്ധ്യവും പരിശീലനവും തുടന്നു വദ്ധിപ്പിക്കണമെന്നു് ഷോപ്പ് മാനേജർ ഉപദേശിച്ചു. എന്തെങ്കിലും തൊഴിൽപ്രശ്നങ്ങളുണ്ടായാൽ ട്രേഡ്‌യൂനിയൻ ഘടകത്തെ സമീപിക്കണമെന്നു അതിന്റെ പ്രതിനിധിയും അവിടെ വെച്ചു അയാളോടു പറഞ്ഞു.

## ആദ്യത്തെ കാൽവെപ്പ്

എത്രയും ചുരുങ്ങിയ സമയംകൊണ്ടു് കഴിയുന്നത്ര സ്വയാശ്രിതനായ ഒരു തൊഴിലാളിയായി ആ വിദ്യാർത്ഥി ഉയരണമെന്ന കാര്യത്തിൽ മാനേജുമെണ്ടും ട്രേഡ്‌യൂനിയൻ പ്രതിനിധിയും ഒരുപോലെ തല്പരരായിരുന്നു. അതിന്നു, ആവുന്നത്രവേഗം അവരെയൊക്കെ വിദഗ്ദ്ധതൊഴിലാളികളാക്കുന്നതിന്നു, വേറൊരു കാരണംകൂടിയുണ്ടു്: വക്ക്സിൽ ഇനിയുമിനിയും വിദഗ്ദ്ധതൊഴിലാളികളെ ആവശ്യമുണ്ടു്.

പലരും, വിശേഷിച്ചും യുവാക്കൾ, പുതിയ കൂട്ടുകൃഷിപ്പാടങ്ങളിലും അവിടുത്തെ മെഷിൻ–ട്രാക്ടർ സ്റ്റേഷനുകളിലും ആകൃഷ്ടരായി, കസാക്ക്സ്ഥാനിലേയും ആൾടായ് പ്രദേശത്തെയും തരിശുഭൂമികളിലേക്കു തിരിയ്ക്കുകയാണ്. അതു മാത്രവുമല്ല വേറെ ചിലർ—ഉദാഹരണത്തിന്നു യുവഗ്രൈൻഡർ നിക്കളായ് സോറ്യനോവ്—സഖാലിൻ ദ്വീപസായി കരംഗത്തേക്കും പോകുന്നുണ്ടു്. മാററം ഒരു രസമാണല്ലോ.

ആ ഒഴിവുകളൊക്കെ ഇന്നലത്തെ വിദ്യാർത്ഥികളെക്കൊണ്ടാണു നികത്തുന്നതു്. ബോറിഡ് ടിഖനോവിന്റെ

ാര്യവും അങ്ങിനെതന്നെ. ഒരു കടച്ചക്രം കൈകാര്യം ചെയ്യാനുള്ള അവകാശം കിട്ടിയപ്പോൾ, അയാൾ സോറ്യനോവിൻെറ സ്ഥാനമേറെറടുത്തു.

ആ യുവസഖാവു തൻെറ പരീക്ഷ പാസ്സായിക്കഴിഞ്ഞിരുന്നെങ്കിലും, തുടക്കത്തിൽ, അയാൾക്കു തൻെറ വിഹിതം നിറവേററാൻ കഴിഞ്ഞില്ല. അയാൾ ജോലിയുടെ മേന്മയിൽ കൂടുതൽ സമയമെടുത്തു. പിന്നീടു വേഗത വർദ്ധിപ്പിക്കാൻ ശ്രമിച്ചപ്പോഴോ, സാധനം ചീത്തയാവുകയും ചെയ്തു.

പക്ഷേ അതുകൊണ്ടു തന്നെ പിരിച്ചുവിടുമെന്ന ഭയമൊന്നും അയാൾക്കില്ലായിരുന്നു. പിന്നെയും തൻെറ ശിഷ്യനെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ഫോർമാൻ വന്നു പറഞ്ഞു: "തഴക്കംചെന്ന കൈകൾ എങ്ങിനെ കാണിക്കുന്നു എന്നു കണ്ടു പഠിക്കണ്ടേ".

ശമ്പളദിവസം ടിഖനോവിനു താൻ വിദ്യാർത്ഥിയായിരുന്ന കാലത്തേക്കാളും സ്വല്പം കൂടുതൽ വരുമാനമേയുണ്ടായിരുന്നുള്ളു. അയാളുടെ ട്രേഡ് യൂണിയൻ വരിസംഖ്യ സ്വീകരിച്ച ഗ്രൂപ്പുസംഘടകൻതന്നേയായിരുന്നു അതാദ്യം മനസ്സിലാക്കിയതു്.

അയാൾ നേരെ ഫോർമാൻെറയരികെ ചെന്നു ടിഖനോവിൻെറ കാര്യത്തിൽ ഒന്നുകൂടി മനസ്സിരുത്തണമെന്നഭ്യർത്ഥിച്ചു.

തൻെറ മേൽനോട്ടത്തിനു വിധേയമായി ഒരു വലിയ ഡിപ്പാർട്ടുമെണ്ടുണ്ടായിരുന്നുവെങ്കിൽകൂടി ഫോർമാൻ ടിഖനോവിൻെറ പ്രശ്നം ഗൌരവപൂർവ്വമെടുത്തു. ആ സഹായവും സഹകരണവും തികച്ചും ഫലപ്രദമായി: അടുത്ത മാസം അയാൾ തൻെറ ക്വോട്ടാ പൂർത്തിയാക്കി. അതിനനുസരിച്ചു ശമ്പളവും വർദ്ധിച്ചു.

അപ്പോൾ ടിഖണോവിനു തോന്നി, തനിക്കിതിലും വേഗത്തിലും നല്ല നിലയിലും ഇനി ജോലിചെയ്യാമെന്നു്.

## അതൊരു ബഹുമതിയാണു്!

"കൂടുതൽ കാര്യക്ഷമമായും കൂടുതൽ നന്നായും ജോലി ചെയ്യണമെന്നു എനിക്കു തോന്നിയതു കേവലം കൂലികൂടുതലിനുവേണ്ടിയല്ല" ടിഖണോവു ഞങ്ങളോടു പറഞ്ഞു: "അതിനു വേറേയും കാരണങ്ങളുണ്ടു്".

എന്താണു ആ കാരണങ്ങൾ? കൂടുതൽക്കൂടുതൽ കാര്യക്ഷമമായി ജോലിചെയ്യാൻ ടിഖണോവിനെ പ്രേരിപ്പിച്ചതു, കൂലിയും വരുമാനവുമല്ലാതെ മററെന്താണ്? അതേപ്പററി, തന്നെപ്പററി, ടിഖണോവു പറഞ്ഞതാണിതു്:

സോവിയററുനാടു് സോഷ്യലിസത്തിലേക്കു പ്രവേശിക്കുന്നയവസരത്തിലാണു്, ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ ഘട്ടത്തിലാണു്, അയാളുടെ ജനനം. എന്നുവെച്ചാൽ വ്യവസായത്തിൽ സ്വകാര്യയുടമയില്ലാത്ത ഒരു രാജ്യത്തിലും വ്യവസ്ഥിതിയിലുമാണു അയാൾ വളൎന്നുവന്നതെന്നൎത്ഥം.

പ്രായംചെന്നവരിൽനിന്നും പുസ്തകങ്ങളിൽനിന്നും വേണ്ടിയിരുന്ന, ഒരു പിടിയാളുകൾക്കുവേണ്ടി ബഹുഭൂരിപക്ഷവും പാടുപെട്ടിരുന്ന ഒരു കാലഘട്ടത്തെക്കുറിച്ചു അയാളറിയുക. ചെറുപ്പംതൊട്ടുതന്നെ ഈ പുതിയ ജീവിതരീതിയുമായി അയാൾ ബന്ധപ്പെട്ടു. താൻ ജീവിക്കുകയും വളരുകയും ചെയ്യുന്ന സമുദായംതന്നെയാണു യു. എസ്സ്. എസ്സ്. ആറിലെ മുഴവൻ ഭൌതികസമ്പത്തുകളും നിയന്ത്രിക്കുന്നതെന്നു അയാൾ കണ്ടു. തൻെറ ചുററുമുള്ള ഓരോന്നുംതന്നെ മനുഷ്യാദ്ധ്വാനത്തിൻെറ ആ പുതിയ അൎത്ഥം വ്യാഖ്യാനിക്കുന്നതായിരുന്നു.

വക്ക്സിലേക്ക കയറിവന്ന അയാളുടെ ശ്രദ്ധയിലാദ്യം പെട്ടതാകട്ടെ, അടുത്ത അഞ്ചു വർഷത്തെ സ്റ്റേററിൻെറ ഉല്പാദന പദ്ധതിയെക്കുറിച്ചുള്ള പോസ്റ്ററുകളായിരുന്നു; ഈ പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെ കൂലിവർദ്ധനവിൻെറ വിവരങ്ങളായിരുന്നു; അടുത്തുണ്ടാവാനിരിക്കുന്ന പുതിയ വീടുകളുടെയും ക്ലബ്ബുകളുടെയും സ്കൂളുകളുടെയും ആസ്പത്രികളുടെയും വിശേഷങ്ങളായിരുന്നു.

അതോടൊപ്പംതന്നെ പദ്ധതിയിൽ വക്ക്സ് പൊതുവേയും ഓരോരുത്തരോപ്പം വെവ്വേറെയും നടപ്പാക്കേണ്ട വിഹിതങ്ങളെക്കുറിച്ചുള്ള പോസ്റ്ററും അവിടെ കാണാമായിരുന്നു തൊഴിലാളിയെന്ന നിലയ്ക്ക് അയാൾക്കും അഖിലശ്രദ്ധനായിരിക്കുക അസാദ്ധ്യമായിരുന്നു: ആ കണക്കിൽപ്പലതും അയാളെ വല്ലാതെ ആഹ്ലാദിപ്പിച്ചു; വേറെ ചിലതു വല്ലാതെ വിഷമിപ്പിക്കുകയും.

ആ സ്റ്റേററുപദ്ധതിയുടെ വിജയമാണ് തൻെറ സ്വന്തം സുഖജീവിതത്തിനടിസ്ഥാനമെന്ന ഒററക്കാരണംമെയുണ്ടായിരുന്നുള്ളുവെങ്കിൽ അയാളിത്ര വിഷമിക്കുമായിരുന്നില്ല. പക്ഷേ, അതിലും ഉപരിയാണ്, അയാൾക്ക തന്നെ ഈ നിലയിലേക്കുയർത്തിയ നാട്ടിൻെറ പൊതുവായ നല്ല ജീവിതത്തിൻെറ പ്രശ്നം.

ഫാക്ടറിമുററത്തു, ഷോപ്പിലേക്ക കടക്കുന്നേടത്തു അയാളൊരു വലിയ ഫോട്ടോസ്റ്റാൻറു കണ്ടു; അതിൽ ചട്ടയിട്ട 200 ഫോട്ടോകളും. രാജ്യത്തിന്നും അതുവഴി തങ്ങൾക്കും വേണ്ടിയുള്ള സേവനത്തിൽ ചരിത്രം സൃഷ്ടിച്ച ഏററവും നല്ല തൊഴിലാളികളുടെ ബഹുമതിച്ചിത്രങ്ങളായിരുന്നു അതെല്ലാം.

ആ മുഖങ്ങളിൽനിന്നു അവരുടെ വിജയരഹസ്യം മനസ്സിലാക്കാൻ കൊതിക്കുന്ന മാതിരി, ടിഖമോവ് പലപ്പോഴം

ആ സ്റ്റാൻററിലുള്ള ഫോട്ടോകളിലേക്കു നോക്കിനില്ക്കുമായിരുന്നു. ആ ഓരോ ചിത്രത്തിന്േറയും കൂടെയുള്ള കുറിപ്പ്, ആ ബഹുമതിക്കവരെ എന്താണു അർഹമാക്കിയതെന്നു വ്യക്തമാക്കിയിരുന്നു.

ഒരാൾ ഉയർന്ന ഉല്പാദനക്ഷമത നേടി, വേറൊരാൾ തൻെറ പ്രവൃത്തിയിൽ ഒരു പുതിയ ജാതി ക്രമീകരണം വരുത്തി, ഇനിയുമൊരാൾ ഒരു സാങ്കേതികപുരോഗതി കണ്ടുപിടിച്ചു ....അങ്ങിനെ നീണ്ടുപോകുന്നു അതു്.

ഫോട്ടോയിലുള്ള ആ സുപരിചിതമായ മുഖങ്ങളിൽ പലതും അയാൾ ജീവനോടെതന്നെ കണ്ടു അവിടെ. പഴയ ടൂൾമേയ്ക്കർ നിക്കളോയ് സിസയോവും ഗ്രൈൻറർ അലക്സാണ്ടർ ഗ്രോഷിക്കിനും അയാളുടെ ഷോപ്പിൽ അപ്പോഴും പണിയെടുത്തിരുന്നു.

അവരെ അധികമധികം കാണുംതോറും അയാൾക്കവരോടുള്ള ബഹുമാനവും വർദ്ധിച്ചുവർദ്ധിച്ചുവന്നു. അതോടൊപ്പംതന്നെ ഒരു ആഗ്രഹവും: ശ്രമിക്കുകയാണെങ്കിൽ തനിക്കും കിട്ടുമോ അങ്ങിനെ ഒരു ബഹുമതിയും, തുടന്നു സഹപ്രവർത്തകരുടെ അതിരുകവിഞ്ഞ ആദരവും.

## നാടിനുവേണ്ടി കൂട്ടുകാരനെ കവച്ചുവെയ്ക്കണം

ഓരോ തൊഴിലാളിയെക്കൊണ്ടും അയാളുടെ അങ്ങേയററത്തെ കഴിവു പ്രദർശിപ്പിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലായിരുന്നു ആ ഷോപ്പിലെ അന്തരീക്ഷം.

ടിഖനോവിൻെറ ഒപ്പം അവിടെ ജോലിക്കു ചേർന്ന മററൊരു പിരിഞ്ഞുവന്ന പട്ടാളക്കാരനുണ്ടു അവിടെ: ലേവ് ബാൽഡിക്കിൻ. രണ്ടുപേരും സമപ്രായക്കാരാണ്. പക്ഷേ ടിഖനോവിനേക്കാളുംമുമ്പു അവൻ തൻെറവകുപ്പു നേടുകയും

കോട്ട പൂരിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഒരു ഷോപ്പു യോഗത്തിൽവെച്ചു ഏററവും നല്ല വിദ്യാർത്ഥിയായി അയാൾ വാഴ്ത്തപ്പെട്ടുകയും ചെയ്തു.

"എൻെറ പേരും ആ ഏററവും നല്ലവരുടെ കൂട്ടത്തിലുൾപ്പെട്ടിരുന്നുവെങ്കിൽ..." എന്നു താനന്നേരം ആശിച്ചുപോയതായി ടിഖനോവ് ഞങ്ങളോടു പറഞ്ഞു. "പക്ഷേ അതുണ്ടായില്ല. പിന്നെ ഞാൻ ബാൽഡിക്കിനുമായി സംസാരിക്കാൻ ചെന്നു. ഉടനെ അയാളെന്നെ സോഷ്യലിസ്റ്റ്മത്സരത്തിന്നു വെല്ലുവിളിച്ചു. ഞാനാ സഖാവിൻെറ വെല്ലുവിളി സ്വീകരിച്ചു്, അയാളെ തോല്പിയ്ക്കുമെന്നു പ്രതിജ്ഞയെടുത്തു."

വേറെയും രണ്ടു പുതിയ തൊഴിലാളികൾ ഷോപ്പിലെ ഈ മത്സരത്തിൽ ഞങ്ങളുടെകൂടെച്ചേർന്നു. സോഷ്യലിസ്റ്റ്മത്സരത്തിൻെറ വിഹിതവും വരവും ഷോപ്പിൽ ഒരു പ്രത്യേക ബോർഡിൽ എഴുതിവെക്കുക പതിവാണ്. ഓരോരുത്തരുടേയും പേരിൻെറ നേരെ ഓരോ ദിവസവും കോട്ടായിൽ അവരെത്രമാത്രം നിറവേററിയെന്നു ഗ്രൂപ്പുസംഘാടകൻ കുറിച്ചിടുന്നു.

ഉച്ചയ്ക്കു വിടുമ്പോഴോ, അല്ലെങ്കിൽ ഷിഫ്ററാരംഭിക്കുന്നതിനു മുമ്പോ, ഓരോ തൊഴിലാളിയും അതൊന്നു നോക്കുമെന്നതു തീർച്ചയാണ്. ടിഖനോവും അതുതന്നെ ചെയ്യുമായിരുന്നു. എങ്ങിനേയും ബാൽഡിക്കിനെ കവച്ചുവെയ്ക്കുണമെന്നുള്ള തൻെറയാഗ്രഹം ടിഖനോഷ് ഞങ്ങളിൽനിന്നു മറച്ചുവെച്ചില്ല.

മൊളോട്ടോവ് മോട്ടോർവർക്സിലെ സകല തൊഴിലാളികളും ആ മത്സരത്തിൽ പങ്കെടുക്കുന്നു; അവരിൽപ്പലരും ഏതെങ്കിലുമൊരു വിഭാഗത്തിൽ മററുള്ളവരെ അതിശയി

 പ്പിക്കുകയും ചെയ്യുന്നു. അങ്ങിനെ ആ മത്സരത്തിൽ ഏററവും വലിയ വിജയം നേടുന്നവരാണ്, അവിടുത്തെ ഏററവും നല്ല ടർണർമാരും മില്ലിങ്ങ്-മെഷീൻ ഓപ്പറേറർമാരും ഗ്രൈൻററർമാരും മററും മററും.

ബ്രിഗേയ്ഡുകളും സെക്ഷനുകളും ഷോപ്പുകളുമെല്ലാം ആ നിലക്കും സോഷ്യലിസ്റ്റ് മത്സരത്തിൽ പങ്കെടുക്കാറുണ്ട്. ഉല്പാദനവർദ്ധനവിൻെറ തോതനുസരിച്ചു അവ ആ നിലക്കും ബഹുമതിയർഹിക്കുന്നു.

വർക്കിൻെറ ഈ സോഷ്യലിസ്റ്റ് മത്സരം സംഘടിപ്പിക്കുന്നതു് അവിടുത്തെ സജീവ ട്രേഡ് യൂനിയനംഗങ്ങളും അലക്സി ബാക്കലിൻെറ നേതൃത്വത്തിലുള്ള ഉല്പാദനക്കമ്മീഷനുമാണ്. അവരുടെ നേതൃത്വത്തിൽ എല്ലാ ഷോപ്പുഘടകത്തിന്നുമുണ്ട് ഇതേ മാതിരിയുള്ള ഉല്പാദനക്കമ്മീഷൻ.

ഗ്രൂപ്പു ട്രേഡ് യൂനിയൻ സംഘടകന്മാർ മാസംതോറും ബ്രിഗേയ്ഡ് യോഗം വിളിച്ചു അമ്മാസത്തെ നേട്ടങ്ങളും കോട്ടങ്ങളും പരിശോധിക്കുന്നു. ഷോപ്പുകളിലെ ഫലം പരിശോധിക്കുന്നതു ഷോപ്പുകമ്മിററികളും, പൊതുവർക്കിലേതു വർക്ക് കമ്മിററിയുമാണ്.

ഉല്പാദനക്കമ്മീഷനുകൾ ഓരോ പടവിലേയും ഡാററാ സമർപ്പിക്കുന്നു. മത്സരത്തിൽ മുൻനിന്ന വ്യക്തികൾക്കും ഷോപ്പുകൾക്കും പതാക, ബാനർ, ഡിപ്ലോമ എന്നിവയേതെങ്കിലുമൊന്നു ലഭിക്കുന്നു; അല്ലെങ്കിൽ അവരുടെ നാമം പ്രത്യേക ബഹുമതിബോർഡിൽ കൊത്തിവെക്കപ്പെടുന്നു.

മേലേക്കിട തൊഴിലാളികളുടെ ഫോട്ടോകൾ ബഹുമതിസ്റ്റേൻററിൽ സ്ഥലം പിടിക്കും. ഷോപ്പിൻേറയോ വർക്കി

ൻേറയോ സവിശേഷയോഗങ്ങളിൽവെച്ചാണ് ബഹുമതി ച്ചടങ്ങു നിർവ്വഹിക്കുക.

ഇതെല്ലാംതന്നെടിഖനോവിൻെറമനസ്സിൽഒരുവല്ലാത്ത പ്രേരണ ചെലുത്തുകയായിരുന്നു. തൻെറ സഹപ്രവത്ത കൻ ബാൽഡിക്കിനെ തോല്പിക്കാനായി അയാൾ തൻെറ മുഴുവൻ കഴിവും എടുത്തുവിട്ടു. ഇതു കേവലം കുലിവദ്ധന വിൻെറ മാത്രം ഒരു കാര്യമല്ലല്ലൊ!

## മാനേജുമെണ്ടിലും പങ്കെടുക്കുന്നു

കുറേക്കാലത്തേക്കു ടിഖനോവിൻെറ ഉല്പാദനത്തോതു്, സാധാരണഗതിയിൽപ്പോലും നിശ്ചിതക്വോട്ട കവച്ചുവെക്കുന്ന പരിചയസമ്പന്നരായ ഗ്രൈൻറർമാരെയപേക്ഷിച്ചു, വളരെ താഴെയായിരുന്നു. ഈ നിലയിൽക്കിടന്ന വേറേയും പലരുമുണ്ടായിരുന്നു അവിടെ.

അതുകണ്ട ട്രേഡ്യൂനിയൻ സംഘടകൻ, ഏതായാലും അവരെയൊന്നു സഹായിക്കണമെന്നുറച്ചു. അയാൾ ഫോമ്മാനെവിളിച്ചു, ക്വോട്ടായുടെപുറകെക്കിടന്ന തൊഴിലാളികളെ എങ്ങിനെ രക്ഷിക്കാമെന്നാലോചിക്കണമെന്നും അക്കാര്യം അടുത്ത ഉല്പാദനസമ്മേളനത്തിൽ വിശദീകരിക്കണമെന്നും നിർദ്ദേശിച്ചു.

ഫാക്ടറിനടത്തിപ്പിലുള്ള ട്രേഡ്യൂനിയൻപങ്കിൻെറ ഒരു രൂപഭേദമാണ് ഈ ഉല്പാദനസമ്മേളനങ്ങൾ. ട്രേഡ് യൂനിയൻസംഘടനകൾക്കു ഉല്പാദനസമ്മേളനങ്ങൾ വിളിച്ചു കൂട്ടാനുള്ള അവകാശം കൂട്ടുടമ്പടിയിലുള്ളതാണ് ആ ഉട മ്പടിപ്രകാരംതന്നെ, മാനേജ്മെൻറു് പ്രസ്തുത സമ്മേളന ങ്ങളിൽ സംബന്ധിക്കുകയും അവിടെയുണ്ടാവുന്ന നിർദ്ദേശ

ങ്ങൾ ശ്രദ്ധിക്കുകയും പ്രായോഗികമായവ കഴിയുംവേഗം നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

അങ്ങിനെ ഏതാനും ദിവസത്തിനകം അവിടേയും ഒരു പ്രൊഡക്ഷൻ കോൺഫ്രൻസ് നടന്നു. അന്നേരം ഷിഫ്ററി ലല്ലാതിരുന്ന എല്ലാ തൊഴിലാളികളും അതിൽ സംബന്ധിച്ചു. ഗ്രൂപ്പ് ട്രേഡ് യൂനിയൻസംഘടകൻ അതു ഉൽഘാടനം ചെയ്തു ഫോർമാനെ പ്രസംഗിക്കാൻ ക്ഷണിച്ചു.

മാനേജ്മെൻറിൻെറ പ്രതിനിധി—ഫോർമാൻ— തൻെറ പ്രസംഗത്തിൽ, കഴിഞ്ഞ സമ്മേളനത്തിൻെറ നിർദ്ദേശങ്ങളിൽ എന്തെല്ലാം, എങ്ങിനെയെല്ലാം, നടപ്പിലാക്കിയിട്ടുണ്ടെന്നു വിവരിച്ചു; തൊഴിലാളികളുടെ ആവശ്യപ്രകാരം രണ്ടു ലേ-ഔട്ടു ബ്ളോക്കുകൾ റിപ്പയർ ചെയ്യുകയും അങ്ങിനെ സമയനഷ്ടം നീക്കുകയും ചെയ്തിരിക്കുന്നതായി അയാൾ ചൂണ്ടിക്കാണിച്ചു.

"ഫിറ്റർ യെഫിമോവിച്ചിൻെറ ആവശ്യപ്രകാരമുള്ള ബ്ലോക്കുറിപ്പയറിങ്ങ് തൃപ്തികരമായി നടന്നുകഴിഞ്ഞിരിക്കുന്നു. കൂടുതൽ അളവു-കണക്കു ഉപകരണങ്ങൾ വേണമെന്ന ആവശ്യവും സാധിച്ചിരിക്കുന്നു."

അതിപ്രധാനമായ മററു ചില നിർദ്ദേശങ്ങളെപ്പററിയും അയാൾ സൂചിപ്പിച്ചു. അക്കൂട്ടത്തിൽ, തൻെറ കടച്ചിൽ യന്ത്രം കൂടുതൽ വേഗത കിട്ടുന്ന തരത്തിലാക്കണമെന്ന ടർണർ സ്റ്റീഫൻ കൊടക്കോവിൻെറ ആവശ്യം നിറവേററിയിട്ടില്ലെന്നു അയാൾ സമ്മതിച്ചു.

പിന്നീടാണ് അദ്ദേഹം അന്നത്തെ കാര്യപരിപാടിയിലെ പ്രധാനപ്പെട്ട ഇനത്തിലേക്കു വന്നതു്. ഏതാനും തൊഴിലാളികൾ പിന്നണിയിൽക്കിടന്നുപോകുന്നതിൻെറ

ഒരു വലിയഭാഗമുത്തരവാദിത്വം തനിക്കാണെന്നു അയാൾ ഏററുപറഞ്ഞു. ആ പിന്നോക്കാവസ്ഥയ്ക്കുള്ള മുഖ്യകാരണങ്ങളിലൊന്ന് അവരുടെ പരിചയക്കുറവാണ്. ടിക്കണോവിനെ നോക്കി അയാൾ തുടൻറുപറഞ്ഞു:

"താൻ തുടന്നു പഠിക്കണമെന്നു ഞാൻ ശക്തിയായി ഉപദേശിക്കും. ഏതാനും ദിവസങ്ങൾക്കകം അഭിവൃദ്ധി കോഴ്സുകൾ ആരംഭിക്കുന്നുണ്ട്. ടിക്കനോവ് അതിൽ സംബന്ധിച്ചേ തീരൂ ടിക്കനോവു മാത്രമല്ല, ലൃഷ്ച്യയേവും സ്വല്പം അഭിവൃദ്ധിപ്പെടാനുണ്ട് അവിടെച്ചെന്നു്."

നിലവിലുള്ള സോവിയററുവ്യവസായനിയമപ്രകാരം ഫോർമാൻെറ നിർദ്ദേശങ്ങൾ ആ സെക്ക്ഷനിലുള്ള എല്ലാ തൊഴിലാളികളും അനുസരിക്കേണ്ടതാണ്. അതു ജോലി സമയത്തെ കാര്യമാണ്. പുറത്തിറങ്ങിയാൽ മാനേജുമെൻറുപ്രതിനിധിയും തൊഴിലാളികളും തമ്മിലുള്ള ബന്ധം വ്യത്യസ്തമാണ്.

നാമിപ്പറയുന്ന സമ്മേളനത്തിൽവെച്ചു പല വീഴ്ചകൾക്കുമായി ഫോർമാൻ നിശിതമായി വിമർശിക്കപ്പെട്ടു: പുള്ളി-ബ്ളോക്കുകൾ വൈദ്യുതീകരിക്കാഞ്ഞതിന്നും ഗ്രൈൻററിങ്ങിന്നു ആവശ്യമായ വജ്റം ലഭിക്കാഞ്ഞതിന്നും മററും മററും.

തൻെറ കടച്ചക്രത്തിൽ വദ്ധിച്ച ലോഹവിച്ഛേദവേഗത ഘടിപ്പിക്കാഞ്ഞതിൽ ടർണർ കൊടക്കോവിന്നു ശക്തിയായ പ്രതിഷേധമുണ്ടായിരുന്നു. മററു പല പ്രാസംഗികർക്കും പറയാനുണ്ടായിരുന്നതു പുതിയ ചില സാങ്കേതിക പ്രക്രിയകളെസ്സംബന്ധിച്ചാണ്. ചെറുപ്പക്കാരായ തൊഴിലാളികൾ പ്രായംചെന്നവരുടെ മാർഗ്ഗങ്ങളും രീതികളും

ഇനിയും കണ്ടു പഠിക്കേണ്ടിയിരിക്കുന്നു. ല്യഷ്ച്യയേവ് പറഞ്ഞു:

"ഉദാഹരണമായി ടിക്കനോവ്: അയാൾക്കു എൻെറ ചില വിദ്യകളറിയാം. പക്ഷെ എന്നേക്കാളും കഴിവും പഴക്കവുമുള്ള മററു പലരുമില്ലേ ഇവടെ."

ആ ആശയം എല്ലാവരും ഇഷ്ടപ്പെട്ടു. കോൺഫറൻസിനുശേഷം തൻെറ മാർഗ്ഗങ്ങൾ ചെറുപ്പക്കാരായ പുതിയ തൊഴിലാളികൾക്കു കാണിച്ചുകൊടുക്കാൻവേണ്ടി പ്രായംചെന്ന ഒരു ഗ്രൈൻറർ പല ദിവസവും ഷിഫ്ററു കഴിഞ്ഞു ഒന്നു രണ്ടുമണിക്കൂർവീതം ഷോപ്പിൽതന്നെ ചിലവഴിച്ചു: സൗഹാർദ്ദമാത്രപ്രേരിതമായ, പ്രതിഫലാകുലമാതെയുള്ള, സഹകരണം.

തൊഴിലാളികളുടെ നിർദ്ദേശവും മാനേജുമെണ്ടിൻെറ മറുപടിയും അതേസമയംതന്നെ ഒരു പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. ഏതെങ്കിലും ഒരു നിർദ്ദേശം അംഗീകരിക്കപ്പെട്ടുകയാണെങ്കിൽ അതെന്നു നടപ്പിലാക്കുമെന്നും, അല്ലാത്ത പക്ഷം അതിൻെറ കാരണമെന്തെന്നും അതിലെഴുതിയിരിക്കും.

ഓരോ നിർദ്ദേശത്തേയും അതിലുണ്ടായ വിധിയേയും അവയുടെ യഥാർത്ഥരൂപത്തിൽതന്നെ മനസ്സിലാക്കുവാനും വേണ്ടതു ചെയ്യുവാനും ഇതു ട്രേഡ്യൂനിയൻ സംഘടനക്കു കഴിവുണ്ടാക്കുന്നു.

ഇതര ട്രേഡ്യൂനിയൻ സംഘടകരും അവരുടെ സെക്ഷനുകളിലും ബ്രിഗേയ്ഡുകളിലുമെല്ലാം ഇമ്മാതിരി പ്രൊഡക്ഷൻ കോൺഫ്രൻസുകൾ കൂടാറുണ്ടു്. ഷോപ്പ്

പ്രൊഡക്ഷൻ കോൺഫറൻസുകൾ വിളിക്കുന്നതു ഷോപ്പ് ട്രേഡ്യൂനിയൻ കമ്മിററിതന്നെയാണ്.

ഇതുപോലെ വർക്സ് കമ്മിററിയും വർക്സിലെ മുഴുവൻ പേരേയും ഉദ്ദേശിച്ച് ഉല്പാദന–സാങ്കേതികസമ്മേളനങ്ങൾ വിളിക്കാറുണ്ട്. ട്രേഡ് യൂണിയൻ സംഘടന അതിൻെറ അവകാശങ്ങൾ സ്ഥാപിക്കുന്നതും മാനേജ്മെണ്ടിനെ സ്വാധീനിച്ചുകൊണ്ടുതന്നെ ഫാക്ടറി നടത്തിപ്പിൽ പങ്കുകൊള്ളുന്നതും ഇങ്ങിനെയാണ്.

## തൊഴിലാളികളുടെ മുൻകൈ

എന്നാൽ, സാങ്കേതികപ്രക്രിയയിലുള്ള തങ്ങളുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാനും നടപ്പിലാക്കാനും വർക്ക്സിലെ തൊഴിലാളികളും മററു ജോലിക്കാരും ഈ ഉല്പാദനസമ്മേളനത്തിന്നുവേണ്ടി എപ്പോഴും കാത്തിരിക്കാറില്ല. ഏതു സമയത്തും അവർക്ക് തങ്ങളുടെ അഭിപ്രായം അറിയിക്കാം: വാങ്മൂലമായും രേഖാമൂലമായും.

പലപ്പോഴും അവരുടെ ക്രമീകരണപരിപാടികൾ ശരിക്കുമുള്ള കണ്ടുപിടുത്തങ്ങൾതന്നെയാവും. അങ്ങിനെയുള്ള അവസരങ്ങളിൽ സർക്കാരിൻെറ പ്രത്യേകസമിതികൾ തന്നെ അതിലിടപെടുകയും അവരുടെ അവകാശം സംരക്ഷിക്കുകയും ചെയ്യുന്നു.

മൊളോട്ടോവ് മോട്ടോർ വർക്ക്സിലെ ഈ തൊഴിലാളികൾ മുൻകയ്യിൻെറ ഏററവും നല്ല തെളിവാണ്, 1954ൽ ഏതാണ്ടു മൂന്നിലൊരുഭാഗം തൊഴിലാളികളും ക്രമീകരണത്തെ സംബന്ധിച്ച എന്തെങ്കിലുമൊരു നിർദ്ദേശം സമർപ്പിച്ചുവെന്നത്. പുസ്തകങ്ങളിൽ രേഖപ്പെടുത്തി

യതോ എഴുതികൊടുത്തതോ ആയ നിർദ്ദേശങ്ങളേ ഇൗ കണക്കിൽ പെടുന്നുള്ളൂ, അല്ലാത്തവ വേറേയുമുണ്ട്.

ഇൗ നിർദ്ദേശങ്ങളിൽ ചിലതിനു തികച്ചും സ്വതന്ത്രമായ കണ്ടുപിടുത്തങ്ങളെന്ന നിലക്ക മന്ത്രിസഭയുടെ ഡിപ്ലോമ ലഭിക്കുകയുണ്ടായി. അങ്ങിനെ കണ്ടുപിടുത്തങ്ങളുടെ ഉടമകളാകുന്നവർക്കു പ്രത്യേക സാമ്പത്തികസമ്മാനങ്ങളും ലഭിക്കാറുണ്ട്; ഇതാകട്ടെ കൂടുതൽ കൂടുതൽ പുതിയ കണ്ടുപിടുത്തങ്ങൾക്ക് പ്രേരണയാവുകയും ചെയ്യുന്നു.

ലുഷ്ച്യയേവ് വിവിധരൂപത്തിലുള്ള പാർട്ടുകൾ ഗ്രൈൻറു ചെയ്യുന്ന ആളാണ്. അതുകൊണ്ട് ഇൗ പല ജാതി പാർട്ടുകൾ ഉറപ്പിച്ചുനിർത്താൻപററിയ ഒരു ഫിക്സ്ച്ചറും അയാൾക്കാവശ്യമാണ്. അങ്ങിനെയൊന്നു സംഘടിപ്പിക്കണമെങ്കിൽ കുറച്ചെങ്കിലും സമയം വേണ്ടേ? എന്നാൽ അതിനുവേണ്ടി സമയം കളയാൻ തയ്യാറില്ലാത്ത അദ്ദേഹം, എല്ലാവിധ പാർട്ടുകൾക്കും പററിയ, ഒട്ടും സമയം നഷ്ടം വരാത്ത, ഒരു പുതിയ ജാതി ഫിക്സ്ച്ചർ സ്വയമായങ്ങു ഉണ്ടാക്കി.

ഇതു അയാളുടെ ഉല്പാദനക്ഷമതയെ കാര്യമായി വർദ്ധിപ്പിച്ചു; അതിനൊത്തു കൂലിയും കൂടുതൽ കിട്ടി. പുറമെ ആ പുതിയ ഫിക്സ്ച്ചറുണ്ടാക്കിയതിന്നു പാരിതോഷികമായി മാനേജ്മെണ്ടിൽനിന്നു കുറെ പണവും.

ടിഖമോവും ഇൗ ഫിക്സ്ച്ചറുപയോഗിച്ചു. അതോടെ അയാളുടെ ക്വോട്ട നിറവേറി; അതറിഞ്ഞ ട്രേഡ്യൂണിയൻ സംഘടകൻ അതിലാഹ്ലാദിക്കുകയും.

ഇതിനെല്ലാമത്ഥം, ഈ സെക്ഷനിലുള്ള എല്ലാ കാൎയ്യങ്ങളും സുഗമമായി മുന്നോട്ടുപോയെന്നൊന്നുമല്ല. കൊടക്കോവിൻെറയും മററു ടർണ്ണർമാരുടേയും കടച്ചക്രങ്ങളിൽ ഹൈസ്പീഡ് കട്ടറുകൾ ഉറപ്പിച്ചുകൊടുക്കുന്നതിന്നായി ഷോപ്പ്പ്രൊഡക്ഷൻ കമ്മീഷനേയും കമ്മീഷൻ മാനേജുമെണ്ടിനേയും പിന്നേയും നിബ്ബന്ധിക്കേണ്ടിവന്നു.

കമ്മീഷൻചെയർമാൻവന്നു ഷോപ്പ്ടെക്കിനിഷ്യനെ സമീപിച്ചു. എന്നാൽ അതുകൊണ്ടും കാൎയ്യമുണ്ടായില്ല. ഒടുക്കം മാനേജുമെണ്ടിൻെറ ഈ പ്രതിനിധിയെ ഒരു കമ്മീഷൻയോഗത്തിന്നു വിളിക്കേണ്ടിവന്നു. പിന്നെ അധികംതാമസിയാതെ റിപ്പയർ—ഫിററർമാരും എലക്ട്രിഷ്യൻമാരും ആ പുതിയ ഉപകരണങ്ങളുറപ്പിക്കുന്നതു കാണായി അവിടെ.

എന്നാൽ, അതോടൊപ്പം, ടർണർമാർതന്നെ തങ്ങളുടെ ആ കടച്ചിൽ യന്ത്രങ്ങളുടെ അഴിച്ചുകൂട്ടലിൽ പങ്കെടുക്കണമെന്നു സജീവട്രേഡ്യൂനിയൻഅംഗങ്ങൾ അഭിപ്രായപ്പെട്ടു. ആ നിർദ്ദേശം തികച്ചും സ്വാഗതാർഹമായിത്തോന്നി അവൎക്ക്. എങ്കിലും, അതടക്കമുള്ള ഉല്പാദനസമ്മേളനത്തിൻെറ നിർദ്ദേശങ്ങൾ ഫലവത്താവാൻ അല്പം ചില ദിവസങ്ങളേ വേണ്ടിവന്നുള്ളു.

ഈ പുതിയ ഹൈ സ്പീഡ് ഫിററിങ്ങോടുകൂടി ടർണർമാരുടെ ഉല്പാദനം 20മുതൽ 30ശതമാനം ഉയൎന്നു. അതിനൊപ്പിച്ചു അവരുടെ കൂലിയും. 900 റൂബിളിന്നു പകരം ഇന്നു കൊടക്കോവിന്നു 1,100റൂബിൾ കിട്ടുന്നുണ്ടു്. സുശക്തമായ ഒരു മോട്ടോറിൻെറ സംസ്ഥാപനവും പുള്ളിയുടെ മാററവും കൂടിയായപ്പോൾ ആ വരുമാനം പിന്നേയും കുറേക്കൂടി വദ്ധിച്ചു.

ഇങ്ങിനെയുള്ള നിരവധി നടപടികൾവഴി, തൊഴിലാളികളുടെ ഉല്പാദനശേഷിയുംകൂടെ അവരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന്നായി വർക്ക്സ്കമ്മററി അതിന്റെ സകല കഴിവുകളും വിനിയോഗിക്കുന്നു. ഉല്പാദനവർദ്ധന വിലെപ്പോഴും താല്പര്യം കാണിക്കുന്ന മാനേജ്മെണ്ടും തൊഴിലാളികളുടെ ഈ മുൻകയ്യിനെയും ട്രേഡ്യൂനിയനാവശ്യങ്ങളേയും പരമാവധി നിറവേററാൻ ശ്രമിക്കുന്നു.

ചിലപ്പോൾ, മെഷീൻ-ടൂളുകളുടെ അഴിച്ചുകൂട്ടലോ ആ പുതിയജാതി ഫിക്സ്ച്ചറോ മാതിരി, പല സാങ്കേതിക ബുദ്ധിമുട്ടുകളും വന്നുചാടാറുണ്ട്. എങ്കിലും എല്ലാവരുടേയും സഹകരണവും ആവശ്യവുമുള്ള നിലക്കു അതൊന്നും ഒരു വലിയ പ്രശ്നമാകാറില്ല.

ഒററപ്പെട്ട ചില സംഭവങ്ങളിൽ മാനേജ്മെണ്ടിന്റെ താഴേക്കിടയിലുള്ള ഏതെങ്കിലുമൊരു പ്രതിനിധി നിർദ്ദേശങ്ങൾ നടപ്പിൽവരുത്തുന്നതിൽ വല്ല മാന്ദ്യവും കാണിക്കുകയാണെങ്കിൽ, വർക്ക്സ്കമ്മിററി ഉടനെ വർക്ക്-ഷോപ്പ് മാനേജർമാരോട് അതിലിടപെടാനാവശ്യപ്പെടും.

അങ്ങിനെ ഓരോ അവസരത്തിലും ഉപകരണങ്ങളുടെ മേന്മയുയർത്തുന്നതിന്നുവേണ്ടി ട്രേഡ്യൂനിയൻ സംഘടന മാനേജ്മെണ്ടിനെ നിർബ്ബന്ധിച്ചുകൊണ്ടിരിക്കുന്നു. ആ നിർബ്ബന്ധത്തിൻേറയും മാനേജ്മെണ്ടിന്റെ തയ്യാറിൻേറയും ഫലമാണ്, പുതിയ രൂപത്തിൽ ആ 3000 മെഷിനുകളും അഴിച്ചുകൂട്ടിയതു്. ഇതിന്റെ ഫലമോ, ടർണർമാർ, മില്ലിങ്ങ്-ഡ്രില്ലിങ്ങ മെഷീൻ ഓപ്പറേറർമാർ തുടങ്ങി 5000–6000 പേരുടെ ഉല്പാദനശേഷിയുടേയും കൂലിയുടേയും കാര്യത്തിൽ വലിയൊരു വർദ്ധനവും.

## കണ്ടുപിടുത്തങ്ങളുടെ അവകാശം

ഗ്രൈൻഡർ ലൃഷ്ച്യയേഖ് തൻെറ ആ പുതിയ ഉപകരണം കണ്ടുപിടിച്ചപ്പോൾ മാനേജ്മെണ്ട അതിനെ ശരിക്കും പിൻതാങ്ങുകയും അർഹിക്കുന്ന പാരിതോഷികം നൽകുകയും ചെയ്തു. പക്ഷെ തൻെറ പന്ഥാവിൽ എന്തെങ്കിലും തടസ്ഥങ്ങൾ വന്നാൽ തൊഴിലാളികളുടെ ഇടയിൽ നിന്നു വരുന്ന ആ കണ്ടുപിടുത്തക്കാരനെ ആരാണ് സഹായിക്കുക?

ലിഖനോഷിൻെറ അരികെനിന്നു ജോലിചെയ്യുന്ന ആ മെക്കാനിക്ക് അലക്സാണ്ടർകോവിൻ ഒരു പാർട്ടിൻെറ സൃഷ്ടിയിലുള്ള സാങ്കേതികപ്രക്രിയയിൽ ഒരു പുതിയ മാററം നിർദ്ദേശിച്ചു. പാർട്ടുകൾ നഷ്ടപ്പെടാതിരിക്കലായിരുന്നു അതിൻെറ ഉന്നം. തന്നെയുമല്ല ഈ പുതിയ വിദ്യയുപയോഗിച്ചു കേടായവ നേരെയാക്കാനും കഴിയുമായിരുന്നു. അങ്ങിനെ അയാളുടെ ഉല്പാദനവും വരവും വർദ്ധിച്ചു.

പക്ഷേ, കോഷിൻ അതിനൊരു പ്രത്യേക സമ്മാനംകൂടി പ്രതീക്ഷിച്ചിരുന്നു. ആ പ്രത്യേക പാർട്ടു വളരെ ചുരുക്കമായേ ഉല്പാദിപ്പിക്കപ്പെടേണ്ടതുള്ളു, പ്രസ്തുത കണ്ടുപിടുത്തം കൊണ്ടുള്ള സാമ്പത്തികവിജയം പെട്ടെന്നു കണക്കാക്കാനും പ്രയാസമുണ്ട് എന്ന കാരണം പറഞ്ഞു മാനേജ്മെണ്ട് ഒഴിഞ്ഞുമാറി.

അങ്ങിനെ അതൊരു തക്കവിഷയമായി. ആവശ്യമായ കണക്കുകൂട്ടലുകൾ നടത്താനുള്ള ഷോപ്പ് ടെക്ക്നോളജിസ്റ്റിൻേറയും സാമ്പത്തികവിദഗ്ദ്ധൻേറയും ഉദാസീനത നിമിത്തം ഒരു കണ്ടുപിടുത്താവകാശത്തിൽ കയ്യേററം നടത്തിയിരിക്കുന്നുവെന്നതായി, ഫലത്തിൽ, ആ കേസ്സ്. പക്ഷേ

ട്രേഡ്യൂണിയൻസംഘടനയുടെ നിർബ്ബന്ധപ്രകാരം ആദ്യം ഉപേക്ഷ കാണിച്ചവർക്ക് തന്നെ അതു രണ്ടാമതു പരിശോധിക്കേണ്ടിവരികയും കോവിനു അയാളർഹപ്പെട്ടതു കിട്ടുകയും ചെയ്തു.

വർക്ക്സ് കമ്മററിയുടെ കീഴിൽ ഒരു ക്രമീകരണ–കണ്ടുപിടുത്തക്കമ്മീഷനുണ്ടെന്നു മുമ്പെ പറഞ്ഞുവല്ലോ 19അംഗങ്ങളടങ്ങുന്ന അതിൽ ഫിററർ ആൻടിഡൊറോണിച്ചേവ്, ടർണർ അലക്സാണ്ടർ ക്രൊട്ടോവ് ഫിററർഐവാൻഷ്മർമിൻ എന്നിവരെല്ലാമുണ്ട്. ഇവരെല്ലാം തങ്ങളുടെ എണ്ണമററ ക്രമീകരണനിർദ്ദേശങ്ങൾവഴി വർക്ക്സിൽ പ്രസിദ്ധരുമാണ്.

ക്രമീകരണജോലിക്കാരുടേയും ഗവേഷകരുടേയും കാര്യത്തിൽ ട്രേഡ്യൂണിയൻ സംഘടന നടത്തിയ ജോലികൾ പരിശോധിക്കുന്നതു് ഈ കമ്മീഷനാണ്.

വർക്സ് കമ്മിററി ചെയർമാൻെറ ആപ്പീസ്സിൽവെച്ചു കൂടിയ ഈ കമ്മീഷൻെറ ഒരു യോഗത്തിൽ ഞങ്ങളും സംബന്ധിച്ചിരുന്നു. അന്നു ലാവ്റിനോവാണ് കാര്യപരിപാടി അവതരിപ്പിച്ചതു്: അടുത്ത മാസത്തേക്കുള്ള അപേക്ഷകളെക്കുറിച്ചുള്ള ചർച്ചയും അംഗീകാരവും.

മെററൽകോട്ടിങ്ങ് ഷോപ്പിലെ ഫിററർ എ. ഗ്ലാഡസ്കോവിൻെറ പ്രധാനമായ ഒരു റേഷണലൈസേഷൻ പദ്ധതിയെപ്പററി പര്യാലോചിക്കാൻ മാനേജ്മെണ്ട് വിസമ്മതിച്ചതായി ഒരു മെമ്പർ പരാതിപ്പെട്ടു. പ്രെഷർ കാസ്റ്റിങ്ങിനുള്ള ഒരു പഴയ വിദേശ എഞ്ചിൻ ആ നിർദ്ദേശപ്രകാരവും ഗ്ലാഡസ്കോവിൻെറ സഹകരണത്തോടുകൂടിയും പരി

ഷ്ക്കരിക്കുകയുണ്ടായി. പക്ഷെ അതു ചെയ്തതു രേഖാമൂലം അപേക്ഷിക്കുന്നതിന്നു മുമ്പായിരുന്നു.

കേവലം ഔപചാരികമായ പരിഗണനകൾമാത്രം നോക്കി മാനേജ്മെണ്ട് അതിൻെറ സ്രഷ്ടാവിനോട്ട് നീതി കാട്ടാൻ മറന്നുവെന്നു കമ്മീഷൻ അഭിപ്രായപ്പെട്ടു. കമ്മീഷ ൻെറ അഭിപ്രായത്തോട്ട് തികച്ചും യോജിക്കാൻ ഷോപ്പ് മാനേജക്ക് മടിയുണ്ടായിരുന്നു. പക്ഷെ അതിൻെറ ന്യായം തക്കമെററതും സ്ഥാനം അന്തസ്സുററതുമാകകൊണ്ടു് ഒട്ടക്കം എ ന്തായാലും ഗ്ലാസ്സോവിന്നു തൻെറ അവകാശവും അവാർഡും അംഗീകരിച്ചുകിട്ടി.

ഒരു ടെക്കനിക്കൽ ഇൻസ്പക്ടരും രണ്ടു ടെക്കനോളജി സ്റ്റുകളും തമ്മിലുള്ള തക്കമായിരുന്നു കമ്മീഷൻെറ അടുത്ത ആലോചനാവിഷയം. ഏതൊ ഒരു കണ്ടുപിടുത്തത്തിലുള്ള ഇൻസ്പക്ടരുടെ ഉടമാവകാശം മറേറ കൂട്ടർ ചോദ്യംചെയ്തു വെന്നതായിരുന്നു ആ കാര്യം. അതിൻെറ വസ്തുത ഇതാണ്: രണ്ടു കൂട്ടരും പരസ്പരം അറിയാതേയും സ്വതന്ത്രമായും ഒരേ ആശയത്തിൽ ഒരേ സമയം പ്രവത്തിച്ചു. രണ്ടും പുറത്തു വന്നപ്പോൾ അവ ഫലത്തിലൊന്നായിരുന്നു.

രണ്ടു മണിക്കൂറിലധികം സമയംപിടിച്ചു കമ്മീഷൻ ഇതിലൊരു തീരുമാനത്തിലെത്താൻ. ചില അംഗങ്ങൾ മണിക്കൂറും മിനിട്ടും കണക്കാക്കി—ആക്കാണ് മുൻഗണനയെന്നു നിശ്ചയിക്കാൻ. പക്ഷേ ലാഖ്റിനോവ് അഭിപ്രായപ്പെട്ടതു അതു രണ്ടു കൂട്ടരുടേയും കൂട്ടായ നിർദ്ദേശമായി കണക്കാക്കണമെന്നാണ്.

ഇൻസ്പക്ടരായിരുന്നു അതു ആദ്യം സമ്മതിച്ചതു്. താമസിയാതെ മറേറ കക്ഷിയും. ഒട്ടക്കം രണ്ടു കക്ഷികളും കൂട്ടായാണ് അവാർഡു സ്വീകരിച്ചതു്.

അടുത്ത മാസത്തെ പ്രവത്തനപരിപാടിയിൽ പ്രധാനമെന്ന നിലക്ക ക്രമീകരണപ്രവത്തകരുടേയും കണ്ടുപിടുത്തക്കാരുടേയും ഒരു യോഗം വിളിക്കുക, ഗവേഷണം ആവശ്യമായ പ്രശ്നങ്ങളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് കമ്മീഷനന്നു പിരിഞ്ഞതു്.

തൊഴിലാളികളുടെ മുൻകയ്യിന്റെ കാര്യത്തിലുള്ള ഈ അസാധാരണ ശ്രദ്ധ, ശരിക്കും അതിന്റെ ഫലം കാണിക്കുന്നുണ്ടു്. ഡസൻകണക്കിൽ റേഷണലൈസേഷൻ പദ്ധതികളുടെ കത്താക്കളായ പഴക്കംചെന്ന പല തൊഴിലാളികളും അവിടെയുണ്ടു്. ഗണ്യമായ പല പാരിതോഷികങ്ങളും അവർക്കു ലഭിച്ചിട്ടുമുണ്ടു്.

നാലുകൊല്ലങ്ങൾക്കിടക്കു ആൻട്രി ഡൊറോണിച്ചേവ് 10,000 റൂബിൾ നേടി; ഫിററർഅലക്സാണ്ടർസോലിൻ 3000. 1954ൽ മാത്രം വർക്കു് കണ്ടുപിടുത്തക്കാർക്കും ക്രമീകരണക്കാർക്കുമായി 12,05,000 റൂബിൾ നൽകിയിട്ടുണ്ടു്

## 15,000പേർ പഠിച്ചുകൊണ്ടിരിക്കുന്നു

ഉല്പാദന-സമ്മേളനത്തിൽവെച്ചു തന്റെ കീഴ്ജീവനക്കാരുടെ വിമർശനമെല്ലാം ക്ഷമയോടെ ശ്രദ്ധിച്ചിരുന്ന ഫോർമ്മാന്റെ അടുക്കലേക്കുതന്നെ നമുക്കു് തിരിച്ചുപോവുക. തികച്ചും ന്യായമായി അദ്ദേഹം പറഞ്ഞു.

"ഉല്പാദനം വദ്ധിക്കണമെങ്കിൽ കേവലം കണ്ടുപിടുത്തങ്ങളും പദ്ധതികളുംമാത്രം പോരാ, തൊഴിലാളികളുടെ വിജ്ഞാനവും അവരുടെ സാമത്ഥ്യവുമാണ് അതിലേററവും പ്രധാനമായ സംഗതി".

ഫോർമാണെ ഏററവും നിശിതമായി വിമർശിച്ച തൊഴിലാളികൾപോലും ആ ശരിയായ ഉപദേശം തികച്ചും സ്വീകരിച്ചു.

കൂടുതൽ തഴക്കവും പഴക്കവുമുള്ള തൊഴിലാളികൾ ചെറുപ്പക്കാരുടെ മുമ്പിൽ അതിൻെറ മാതൃകകാണിച്ചു. കൊൺസ്ററാൻററിൻ ലൃഷ്ച്യേവായിരുന്നു ഗ്രൈൻറർമാക്ക് ഉള്ള അഭിവൃദ്ധികോഴ്സിൽ ആദ്യം ചേൎന്നതു്. തുടൎന്നു ടിഖനോവും ആ മാൎഗ്ഗം പിന്തുടൎന്നു.

ആ അഭിവൃദ്ധിപദ്ധതിയുടെ ആവശ്യങ്ങൾക്കെല്ലാം പററിയ ഒരു പ്രത്യേക കെട്ടിടത്തിലായിരുന്നു ക്ലാസ്സുകൾ നടത്തിയിരുന്നതു്. വർക്സിലെ മേലെക്കിട സാങ്കേതികവിദഗ്ദ്ധന്മാരുടെ പ്രസംഗങ്ങൾ, റഷ്യനും വിദേശിയുമായ വിവിധ മെഷിൻടൂളുകളുടെ പ്രയോഗം, രൂപചിത്രങ്ങളുടെ (ഡ്രായിങ്ങ്സ്) പഠനം, ഇതരഷോപ്പുകളിലെ ഉപകരണങ്ങളും അവയുടെ പ്രവൎത്തനവുമായുള്ള പരിചയം—ഇതെല്ലാം അവിടെ അവക്ക് ലഭിച്ചു.

ഇതൊന്നും ലൃഷ്ച്യേവിനോ, ടിഖനോവിനോ അതുപോലുള്ള ഏതാനും പേൎക്കോ മാത്രമുള്ള സൌകൎയ്യമല്ലായിരുന്നു. മൊളോട്ടോവ് മോട്ടോർ വൎക്ക്സിലെ എല്ലാവർക്കും അവരുടെ ദൈനംദിനജോലികളോടൊപ്പംതന്നെ സൌജന്യമായ ഉപരിപരിശീലനവും ലഭിക്കുന്നതാണ്

ഇങ്ങിനെ പഠിക്കാനാഗ്രഹിക്കുന്ന എല്ലാവർക്കും ട്രേഡ്യൂനിയൻ സംഘടന കഴിവുള്ള സകല സഹകരണവും ചെയ്തുകൊടുക്കും. ജോലിമുടങ്ങാതെ ക്ലാസ്സുകളിൽ പങ്കെടുക്കാൻ കഴിവുണ്ടാക്കുമാറ് തൊഴിലാളികളുടെ ഷിഫ്ററിൽ

മാററം വരുത്തുക തുടങ്ങി എല്ലാവിധ ഒത്താശകളും ചെയ്തു. കൊടുക്കാൻ അതു മാനേജ്മെണ്ടിനെ പ്രേരിപ്പിക്കും.

തൊഴിലാളികളെ ഉദ്ദേശിച്ചു പല വിഷയങ്ങളെക്കുറിച്ചും അവിടെ ചർച്ചകൾ സംഘടിപ്പിക്കപ്പെടുന്നു. പകത്തിയെടുക്കാനും പഠിക്കാനുമുള്ള സകല പുസ്തകങ്ങളും മററു സാമഗ്രികളും തൊഴിലാളികൾക്കു സൗജന്യമായി ലഭിക്കുന്നു. കൂട്ടടമ്പടിപ്രകാരം മാനേജ്മെണ്ട് 1,00,000 റൂബിളിൻെറ സാങ്കേതികഗ്രന്ഥങ്ങളാണു തൊഴിലാളിവായനശാലയിലേക്കുവേണ്ടി വാങ്ങിച്ചുകൊടുത്തതു്.

മോട്ടോർ വർക്ക്സിലെ തൊഴിലാളികളും മററുള്ളവരും ഈവക അനുകൂലസാഹചര്യങ്ങളെ അവയുടെ പരമാവധി ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതു കേവലം സ്വാഭാവികമാണല്ലോ. 1954-ൽ മാത്രം അവരിൽ 10,000 പേർ ഇമ്മാതിരി വിവിധ കോഴ്സുകളിൽ പങ്കെടുക്കുകയുണ്ടായി. വൈകിട്ടുള്ള സെക്കണ്ടറിസ്കൂളിൽ പഠിക്കുന്ന 2500 യുവതീയുവാക്കളുടെ കാര്യം വേറെ. ബോറിസ് ടിഖനോവും അതിലാണുൾപ്പെടുക.

## ആരാണെന്നോ?—ചീഫ് എഞ്ചിനീയർ

വൈകിട്ടുള്ള മെഷിൻ-ബിൽഡിങ്ങ് ടെക്കനിക്ക് സ്കൂളിൽ ആയിരത്തോളം പേർ സംബന്ധിക്കുന്നു. ഗോർക്കി പോളിടെക്കനിക്ക് ഇൻസ്റ്റിററ്യൂട്ടിലും 330പേരുണ്ടു്, വൈകിട്ടു്. വേറെ 300പേർ യു. എസ്. എസ്. ആറിലെ വിവിധ കലാലയങ്ങളിൽനിന്നു പോസ്റ്റൽട്യൂഷനെടുക്കുന്നു.

ഈ പഠിത്തങ്ങളുടേയും പരിശീലനങ്ങളുടേയും പ്രഥമവും പ്രധാനവുമായ പ്രതിഫലനം, അവരുടെ കൂലിയിലാണെന്നു പറയേണ്ടതില്ലല്ലോ. പരിശീലനത്തിനുശേഷം

ഖളരെ പെട്ടെന്നായിരുന്നു മിഖനോവിൻെറ ജോലിക്കയററം. ഇന്നയാളുടെ ഖരുമാനമെത്രയാണെന്നോ?—800 മുതൽ 900 വരെ റൂബിൾ.

വർക്ക്സിലെ ഈ ഖിദ്യാഭ്യാസസംഘടന, തൊഴിലാളികളുടെയും മററു ജീവനക്കാരുടേയും വിജ്ഞാനവൈദഗ്ദ്ധ്യവും അത്ഭുതാവഹമായ വിധത്തിലാണു വൎദ്ധിപ്പിക്കുന്നതു്. ഇതിൻെറ ഏററവും നല്ല ഉദാഹരണമാണു് വർക്ക്സിലെ ചീഫ് എഞ്ചിനീയരായ ഐവാൻ കിസിലിയോവ്. തൻെറ ദൈനംദിനജോലികൾക്കു മുടക്കംവരാതെയാണു അയാൾ തൻെറ ഉന്നതവിദ്യാഭ്യാസവും ഉയർന്ന വിജ്ഞാനവും നേടിയതു്.

വർക്ക്സിലുള്ളവരുടെ പൊതുവായ സാങ്കേതികനിലവാരമുയർത്തുന്ന കാൎയ്യത്തിൽ അവിടത്തെ ട്രേഡ്യൂനിയൻ സംഘടന വമ്പിച്ച പ്രാധാന്യമാണു നൽകുന്നതു്. വെറുതെയല്ല വർക്ക്സ് ട്രേഡ്യൂനിയൻ കമ്മിററി ചെയർമാൻ, ക്രെംലിനിൽ ചേർന്ന ട്രേഡ്യൂനിയനുകളുടെ 11–ാം കോൺഗ്രസ്സിൽവെച്ചു ചെയ്ത തൻെറ പ്രസംഗത്തിൽ അധികഭാഗവും ഇതിനുവേണ്ടി ഖിനിയോഗിച്ചതു്.

## കൂലിയുടെ മേൽനോട്ടം

തൊഴിലാളികളുടെ ജീവിതത്തിൽ വ്യക്തിപരവും ഭൗതികവുമായ ഉത്സാഹവും പ്രേരണയും വളർത്തുന്നതരത്തിലുള്ള ഒരു കൂലിവ്യവസ്ഥ(വേജ്സിസ്റ്റം)യാണു ട്രേഡ്യൂനിയൻസംഘടന അവിടെ പ്രോത്സാഹിപ്പിക്കുന്നതു്. തൊഴിലാളികളിൽ 25ശതമാനവും സമയക്കൂലി(ടയിംവേജ്)ക്കാരാണു്; വിശേഷിച്ചും സെററിങ്ങ്–ടക്ക്–ക്രെയിൻ

ഓപ്പറേററർമാരും റിപ്പെയർ തൊഴിലാളികളും. പക്ഷേ ഈ നില നിത്യേന കുറഞ്ഞുകുറഞ്ഞുവരികയാണു്.

തൊഴിലാളികളുടെതന്നെ അപേക്ഷപ്രകാരവും ഖർക്ക്സ്കമ്മിററിയുടെ അംഗീകാരത്തോടുകൂടിയും, റിപ്പെയർ ജോലിയിൽപെട്ട ചില വിഭാഗങ്ങളിൽ പീസ്വർക്കുസമ്പ്രദായം നടപ്പാക്കിയിട്ടുണ്ടു്. സപ്ലൈവകുപ്പിലും ചില ഷോപ്പുകളിലും, വർദ്ധനവേതനവ്യവസ്ഥ (പ്രോഗ്രസ്സീവ് ബോണസ്സ്സിസ്റ്റം) പ്രയോഗത്തിലുണ്ടു്: കോട്ടപ്രകാരമുള്ള ജോലിക്കു ഒരു നിശ്ചിതകൂലിയും കവിഞ്ഞുള്ള ഉല്പാദനത്തിനു ക്രമപ്രവൃദ്ധമായ വർദ്ധനക്കൂലിയും.

എലക്ക്ഷൻ കോൺഫറൻസു കഴിഞ്ഞു അധികം താമസിയാതെ തൊഴിലാളികളുടെ കൂലിനിരക്കു പരിശോധിക്കുന്നതിന്നായി, യെഫിംനിക്കിഫറോവും മറെറാരു കമ്മിഷനംഗവും ഒന്നാംനമ്പർ ഫൌണ്ടറി സന്ദർശിച്ചു. അവരെ സ്വീകരിക്കാൻ വാസിലി ടെൽക്കോവ് അവിടെത്തന്നെയുണ്ടായിരുന്നു.

കോൺഫറൻസിൽവെച്ചു വാസീലി പറഞ്ഞ വാക്കുകളാണ് തങ്ങളെയങ്ങോട്ടു നയിച്ചതെന്നും കൂലിക്കൊട്ടപ്പിൽ എന്താണ് കുഴപ്പമെന്നറിയണമെന്നും അവരയാളോടു പറഞ്ഞു

ആ വക്ക്സ്കമ്മിററിയംഗങ്ങൾ, അവിടെ തൊഴിലാളികളേയും ഷോപ്പുമാനേജരേയും കണ്ടു സംസാരിച്ചു. ക്ലീനിങ്ങ്കാസ്റ്റിലുള്ള തൊഴിലിനു കുറഞ്ഞ കൂലിതന്നെയാണ്. ഫൌണ്ടറിത്തലവന്മാർ തൊഴിലാളികളുടെ ആക്ഷേപങ്ങൾ ശ്രദ്ധിക്കാതിരിക്കുകയും.

ടെൽക്കോവിൻെറ കോൺഫറൻസുപ്രസംഗം തികച്ചും ശരിയായിരുന്നെന്നു അവർക്കു ബോദ്ധ്യമായി. ഒഴിവുകാലഖണ്ഡനവുസംബന്ധിച്ച മോൾഡർമാരുടെ ആവശ്യവും ന്യായമായിരുന്നു.

തുടന്നു് നിക്കിഫറോവിൻെറ നിർദ്ദേശപ്രകാരം ഷോപ്പ് കമ്മിററിയുടെ കൂലികമ്മിഷൻ വ്യക്തമായ ചില തീരുമാനങ്ങളെടുക്കുകയും മാനേജ്മെണ്ടു അതിൻെറ തെററു തിരുത്തുകയും ചെയ്തു. ഉളിപ്പണിക്കാക്ക് അവരുടെ കമ്പൻസേഷനും മോൾഡർമാർക്കു പന്ത്രണ്ടെന്നതിനു പകരം പതിനെട്ടു ദിവസം അവധിയും അനുവദിക്കപ്പെട്ടു.

## തക്കപരിഹാരത്തിനും ഒരു കമ്മീഷൻ

മാനേജ്മെണ്ടംഗങ്ങളും തൊഴിലാളികളൊററയ്ക്കും തമ്മിൽ തക്കമുളവാകുന്ന സ്ഥിതിയും അസാധാരണമല്ല. സോവിയററു തൊഴിൽനിയമത്തെക്കുറിച്ചുള്ള ഏതെങ്കിലുമൊരു കക്ഷിയുടെ ധാരണക്കുറവോ തെററായ വ്യാഖ്യാനമോ ആയിരിക്കും ആ തക്കത്തിന്നടിസ്ഥാനം.

ഉദാഹരണമായി വിററുലിൻ, ലിസി, വിൽക്കോവ് തുടങ്ങിയ ടണ്ണർമാർ ഒരിസ്കുലുണ്ടാക്കിവെച്ച ഏതാനും പാർട്ടുകൾ നിലവാരം താണവയായി. സോവിയററു വ്യാവസായികസ്ഥാപനനിയമപ്രകാരം ശമ്പളനിർണ്ണയത്തിന്നടിസ്ഥാനം, ഉല്പാദനമേന്മയിലുള്ള തൊഴിലാളിയുടെ ഉത്തരവാദിത്വമാണു്. തൊഴിലാളി നിരപരാധിയാണെങ്കിൽ അയാൾക്കു ശരിക്കുള്ള കൂലി ലഭിക്കുന്നു; അല്ലെങ്കിൽ നഷ്ടത്തിൻെറ തോതനുസരിച്ചു അയാളുടെ നിരക്കു താഴുന്നു.

ഉല്പാദനമേന്മ നഷ്ടപ്പെട്ടതിനുത്തരവാദികൾ ആ ടണ്ണർമാരാണെന്നു ഫോർമാൻ വിധിച്ചു. അതനുസരിച്ചു അട്ടത്ത

ശമ്പളത്തിൽ അവരുടെ കൂലിയിൽ ഒരു സംഖ്യ കുറയ്ക്കുകയും ചെയ്യു.

ടർണ്ണർമാരുടെ നോട്ടത്തിൽ തങ്ങൾ നിരപരാധികളും തങ്ങളുടെ ഭാഗംപിടിക്കാൻ ഷോപ്പ്കമ്മിററി നിർബ്ബന്ധിതവുമാണ്. ഏതായാലും കമ്മിററി ചെയർമാൻ പറഞ്ഞു, തർക്കം തർക്കകമ്മീഷനയക്കാൻ.

ഫാക്ടറിയിലും ഷോപ്പുകമ്മിററികളുള്ളടത്തു അവയിലും നേരിട്ടു സംഘടിപ്പിക്കപ്പെട്ടുന്ന ഒരു പ്രത്യേകസമിതിയാണു പ്രസ്തുത തർക്കകമ്മീഷൻ. അവയുടെ ലക്ഷ്യം ഇമ്മാതിരി തർക്കങ്ങൾ തീർക്കൽതന്നെ. മാനേജുമെണ്ടിൻേറയും ട്രേഡ്യൂനിയൻ ഘടകത്തിൻേറയും പ്രതിനിധീകളിതിൽ തുല്യമായിരിക്കും. (പാരിററി പ്രിൻസിപ്പ്ൾ)

ടർണ്ണർമാർ തങ്ങളുടെ ആക്ഷേപം ബോധിപ്പിച്ച അന്നുതന്നെ കമ്മീഷൻ അതിൻെറ യോഗം വിളിച്ചു. തൊഴിലാളികളെ പ്രതിനിധീകരിച്ച ട്രേഡ്യൂനിയൻകമ്മിററിയിലെ ഒരംഗവും മാനേജുമെണ്ടിൻെറ പ്രതിനിധിയായി ഷോപ്പുമാനേജരും അതിലുൾപ്പെട്ടിരുന്നു. സെക്ഷനിലെ ഫോർമാൻ, കക്ഷികളായ തൊഴിലാളികൾ, അവരുടെ കടച്ചക്രത്തിൻെറ സെററിങ്ങ് ഓപ്പറേററർ എന്നിവരെല്ലാം സ്വാഭാവികമായും അവിടെയുണ്ടാവുമല്ലോ.

ഈ പ്രത്യേകയോഗത്തിൽ ഷോപ്പ്മാനേജരായിരുന്നു അദ്ധ്യക്ഷൻ. സിക്രട്ടരി, ഷോപ്പുകമ്മിററിയംഗവും. തുല്യാധികാരശപ്രമാണപ്രകാരം അവർ ഇടവിട്ടു മാറിമാറിവരും.

ആ പ്രത്യേകതരത്തിലുള്ള പാർട്ടു കടയാൻപററിയതായിരുന്നില്ല. തങ്ങളുടെ യന്ത്രങ്ങൾ; വിവരം ഫോർമാനെ

കാലേക്കൂട്ടി അറിയിച്ചിരുന്നു; എന്നാലും തുടന്നു പണിചെയ്യാൻ പറയുകയായിരുന്നു ചെയർമാൻ; ഫലമോ പാർട്ടുകളിൽ പന്ത്രണ്ടെണ്ണം കൊള്ളരുതാത്ത തരത്തിലായി—ഇതായിരുന്നു ആ ടണ്ണർമാരുടെ പ്രസ്താവന.

"പക്ഷേ അന്നു ചെയ്തുതീർത്ത ബാക്കി എഴുപത്തെട്ടെണ്ണവും കൊള്ളാമായിരുന്നില്ലേ?" ഫോർമാൻ ചോദിച്ചു. ടണ്ണർമാരും അതു സമ്മതിച്ചു.

"അപ്പോൾ, ആ പന്ത്രണ്ടെണ്ണവും നന്നാക്കാമായിരുന്നു, വേണമെങ്കിൽ" ഫോർമാൻ ഉപസംഹരിച്ചു.

പക്ഷെ ഷോപ്പുകമ്മിററിയംഗം അതു സമ്മതിച്ചില്ല. ആ പ്രത്യേക പാർട്ട് ശരിയായുണ്ടാക്കാൻ സഹായകമായ മാററങ്ങൾ ആ കടച്ചക്രങ്ങളിലിനിയും വരുത്തേണ്ടതായിട്ടില്ലേ ഇരിക്കുന്നതെന്നു അദ്ദേഹം ചോദിച്ചു.

അങ്ങിനെ അക്കാര്യത്തിൽ ഒരു ധാരണയിലെത്താൻ ഇരുകൂട്ടർക്കും കഴിഞ്ഞില്ല; കമ്മീഷനും ഒരു തീരുമാനത്തിലെത്തിയില്ല.

ടണ്ണർമാർ തങ്ങളുടെ കേസ്സ് വർക്ക്‌തക്പെരിഹാര കമ്മീഷനെത്തിച്ചു. പ്രസ്തുത കമ്മീഷൻെറ യോഗത്തിൽ നിക്കിഫറോവ് അദ്ധ്യക്ഷനും. മാനേജുമെണ്ടു പ്രതിനിധി സിക്രട്ടറിയുമായിരുന്നു. നിക്കിഫറോവ് കൂട്ടടമ്പടിയിലെ ഒരു വകുപ്പുദ്ധരിച്ചാണു അന്നു സംസാരിച്ചതുതന്നെ.

ആ ഉടമ്പടിപ്രകാരം, തൊഴിലാളികളുടെ വിഷമം കുറക്കുന്നതും ശരിയ്ക്കുള്ളതുമായ യന്ത്രോപകരണങ്ങൾ ഘടിപ്പിച്ചുകൊടുക്കാൻ മാനേജുമെണ്ടു നിർബ്ബന്ധിതമാണു്. തങ്ങ

ളുടെ കടച്ചിൽയന്ത്രങ്ങളുടെ അപര്യാപ്തതയെക്കുറിച്ചുള്ള തൊഴിലാളികളുടെ ആക്ഷേപം അവഗണിക്കുകയാണു ഇവിടെ ഫോർമാൻ ചെയ്തിരിക്കുന്നതു്.

ഏതായാലും ഒട്ടക്കം വർക്സ്മാനേജ്മെണ്ടിൻെറ പ്രതിനിധികൾക്കു തൊഴിലാളികളുടെ പേരിലുള്ള കുററം ശരിക്കു സ്ഥാപിയ്ക്കപ്പെട്ടിട്ടില്ലെന്നും അതുകൊണ്ടു പിടിച്ചുവെയ്ക്കപ്പെട്ട കൂലി അവർക്കു തിരിച്ചുകൊടുക്കേണ്ടതാണെന്നും കമ്മീഷൻെറ മുമ്പിൽ സമ്മതിയ്ക്കേണ്ടിവന്നു.

വേറൊരു കേസുകൂടി: തൊഴിലച്ചടക്കം ലംഘിച്ചുവെന്നും മേലുദ്യോഗസ്ഥനായ മെക്കാനിക്കിനെ ധിക്കരിച്ചുവെന്നുമുള്ള പേരിൽ ക്രെയിൻ ഓപ്പറേററായ വ്ലാഡിമർ ബുലാവെറോവിനെ തൻെറ ഷോപ്പ് മാനേജർ പിരിച്ചുവിട്ടതായിരുന്നു അതു്.

ഒരു പ്രൊഡക്ഷൻ കോൺഫറൻസിൽവെച്ച് താനയാളെ വിമർശിച്ചതിൻെറ പേരിൽ ആ മെക്കാനിക്കു തൻെറ പേരിൽ ഒരു പക വെച്ചുപുലർത്തുകയായിരുന്നു ഇതുവരേയുമെന്നു് കാണിച്ചുകൊണ്ടു്, ക്രെയിൻ ഓപ്പറേറർ മാനേജ്മെണ്ടിനെ കുററംചാർത്തി, കമ്മിഷനെ സമീപിച്ചു. ഇവിടെയും ഷോപ്പ്കമ്മിററിയംഗങ്ങൾക്കു ബുലാവെറോവിനെയാണ് അനുകൂലിക്കേണ്ടിവന്നതു്. അച്ചടക്കലംഘനക്കുററം നിശ്ചയമായും അയാളുടെ പേരിലുണ്ടു്; പക്ഷേ പിരിച്ചുവിടപ്പെടാൻ മാത്രം കട്ടപ്പമില്ല അതിനു്.

മാനേജ്മെണ്ടു് ഇതംഗീകരിക്കാൻ കൂട്ടാക്കാഞ്ഞതുമൂലം, തർക്കം വർക്സ് കമ്മിഷനിലെത്തി.

ഷോപ്പ് മാനേജരുടെ കല്പനയ്ക്കുടിസ്ഥാനമില്ലെന്നും ബുലാവെറോവിനെ തിരിച്ചെടുക്കണമെന്നുമാണ് അവിടെ

തീരുമാനിക്കപ്പെട്ടതു്. പക്ഷേ, അതേസമയംതന്നെ, അച്ച ടക്കം പാലിക്കേണ്ടതിൻെറ അത്യാവശ്യകതയെപ്പററി ആ തൊഴിലാളിയും താക്കീതുചെയ്യപ്പെട്ടു.

വിമശിക്കപ്പെട്ടതിൻെറ പേരിൽ തെററായ സ്വഭാവം വെച്ചുപുലർത്തുന്ന മെക്കാനിക്കിൻെറ കാര്യത്തിൽ മാനേജ് മെൻറു് കരുതിയിരിക്കേണ്ടതാണെന്നും പ്രസ്തുത യോഗം തീരുമാനിച്ചു.

തൊഴിലാളിക്കെതിരായാണ വർക്ക്സ്തർക്കക്കമ്മീ ഷൻെറ വിധി ഉണ്ടായതെങ്കിൽ, പ്രസ്തുത തൊഴിലാളിക്ക് അക്കാര്യം ട്രേഡ്യൂണിയൻെറ കേന്ദ്രസമിതിയുടെ മുമ്പിലെ ത്തിക്കാൻ അവകാശവും അവസരവുമുണ്ടു്. സെൻട്രൽകമ്മി ററിയുടെ പ്രസീഡിയം പലപ്പോഴും വർക്ക്സ് തക്കകമ്മീ ഷൻെറ തീരുമാനം തിരുത്താറുണ്ടു്; വേറെ ചിലപ്പോൾ, സ്ഥലത്തെ ജനകീയകോടതിയെ സമീപിക്കാനും തൊഴിലാ ളിയെ ഉപദേശിക്കുകയും അതു ചെയ്യാറുണ്ടു്.

ഷോപ്പുമാററം, പിഴ, വഷംന്തഅവധി തുടങ്ങിയ വേറെയും പല പ്രശ്നങ്ങളും തർക്കപരിഹാരകമ്മിഷനിലെ ത്താറും അതു തീരുമാനമെടുക്കാറുമുണ്ടു്.

# കൂലിയേക്കാളും വേഗത്തിൽ ജീവിതനിലവാരവർദ്ധനവ്

## സാധനങ്ങളുടെ വില കുറയുന്നു

മുമ്പു കണ്ടപോലെ, യു. എസ്. എസ്. ആറിലെ മറെറല്ലാ തൊഴിലാളികളേയുംപോലെ സോവിയററു കാറു നിർമ്മാതാക്കളും കെട്ടിയിരിക്കുന്ന കൂലി (ഫ്രോസൺ വേജസ്) എന്താണെന്നറിയുന്നില്ല. അവരുടെ പരോക്ഷവും പ്രത്യക്ഷവുമായ കൂലി (ഒടുവിൽ പറഞ്ഞതു വിശേഷിച്ചും) നിത്യേന വർദ്ധിക്കുകയാണ്.

താല്ക്കാലികവകുപ്പുകളിലോ ആഫീസ്സുജീവനക്കാരുടെ കാര്യത്തിലോ ചിലപ്പോൾ പെട്ടെന്നുയർച്ചയുണ്ടായില്ലെന്നു വരാം. പക്ഷെ അവരുടേയും ജീവിതനിലവാരം കൊല്ലം തോറും ഉയർന്നുകൊണ്ടേയിരിക്കും.

ഇതിൻേറയും കാരണം വളരെ വ്യക്തമാണ് 1947-നു ശേഷം സോവിയററുയൂനിയനിൽ ഭക്ഷ്യസാധനങ്ങളുടേയും മററുപഭോക്തവസ്തുക്കളുടേയും വില ഏഴുതവണ ഗണ്യമായി കുറവുചെയ്തിട്ടുണ്ട്. തന്മൂലം ഓരോ റൂബിളിൻേറയും സാധനങ്ങൾ വാങ്ങാനുള്ള കഴിവിൻെറ വില ശരാശരി രണ്ടര ശതമാനത്തോളം ഉയൎന്നിരിക്കുന്നു. ഇതു രണ്ടരശതമാനം കൂലിവർദ്ധനവിന്നു തുല്യമാണല്ലോ.

1947-ൽ ഗോൎക്കി മോട്ടോർവർക്സിലെ തൊഴിലാളികൾ ഒരു കിലോഗ്രാം അപ്പത്തിന്നു കൊടുത്തിരുന്ന കാശുകൊണ്ട്, ഇന്നവർക്കു മൂന്നു കിലോഗ്രാം അപ്പം വാങ്ങാം. അതുപോലെ തന്നെ രണ്ടിരട്ടി പഞ്ചസാരയും, മൂന്നിരട്ടി ഇറച്ചിയും വെണ്ണയും. മുമ്പു ഒരു മോട്ടോർസൈക്കിളും ഗ്രാമഫോണും വാങ്ങിയ്ക്കാൻ വേണ്ടിവന്നിരുന്ന പണംകൊണ്ടു ഇന്നതും അതുകൂടാതെ ഒരു അലക്കുയന്ത്രവും വാക്വംക്ലീനറും സമ്പാദിയ്ക്കാം.

## സൎക്കാർചിലവിൽ വീടുകെട്ടുന്നു

കൂലിവർദ്ധനവുതന്നെയാണ്, മൊളോട്ടോവ് മോട്ടോർ വർക്സിലെ തൊഴിലാളികളുടെ സുഖജീവിതത്തിൻേറയും ക്ഷേമത്തിൻേറയും അടിസ്ഥാനം പക്ഷെ അതു മാത്രമല്ല, ഈ വർദ്ധിച്ച കൂലിക്കു പുറമെ, തൊഴിലാളികളുടെ ജീവിതനിലവാരമുയർത്തുന്നതിന്നായി സൎക്കാരിൽനിന്നു വമ്പിച്ച തുകകൾ വേറെയും ചിലവുചെയ്യാറുണ്ട്. അതെന്തെല്ലാമാണ്?

തൊഴിലാളികൾക്കും ആഫീസ്സുജീവനക്കാർക്കും മററും സ്വന്തമായി വീടു പണിയുന്നതിന്നുവേണ്ടി നല്കുന്ന ചിലവാണു അതിൽ പ്രധാനം. കഴിഞ്ഞ കാൽ ശതാബ്ദത്തിന്നി

ടക്കു വളർന്നുവന്ന മോട്ടോർവർക്സിന്നു ചുററുമുള്ള ഈ നഗരം അങ്ങിനെ ഉണ്ടായതാണ്.

1954-ൽ, ഭവനനിർമ്മാണത്തിന്നും സാംസ്കാരികവികാസത്തിന്നുംവേണ്ടി, ഓരോ തൊഴിലാളിക്കുംവേണ്ടി ശരാശരി 800 റൂബിൾ ചിലവു ചെയ്യപ്പെട്ടിട്ടുണ്ട്. ഇതു 1954ൻെറ ഒരു പ്രത്യേകതയല്ലതാനും.

ദേശീയ സാമ്പത്തികപദ്ധതിപ്രകാരം, തൊഴിലാളികൾക്കും മററും താമസസ്ഥലങ്ങളും സാംസ്കാരികസ്ഥാപനങ്ങളും പണിയുന്നതിന്നായി പണമാവശ്യമുള്ള ഓരോ ഫാക്ടറിക്കും പ്ലാൻറിന്നും, സർക്കാരതു നൽകുന്നതാണ്. പക്ഷേ, അങ്ങിനെ അനുവദിക്കപ്പെടുന്ന തുകയുടെ ആധിക്യം, അതാതു സ്ഥലത്തെ ട്രേഡ്യൂണിയൻസംഘടനയെ ആശ്രയിച്ചിരിക്കുന്നു.

തങ്ങളുടെ ആവശ്യം മന്ത്രിസഭയെ ബോദ്ധ്യപ്പെടുത്തുന്നതിന്നും ഭവനനിർമ്മാണത്തിനുള്ള നീക്കിവെപ്പിൻെറ തുക്കം വർദ്ധിപ്പിക്കുന്നതിന്നുമായി മാക്കീമോവും വർക്ക്സ് ഡയറക്ടറും രണ്ടുതവണ മോസ്കോവിൽ പോവുകയുണ്ടായി, 1954-ൽ. അങ്ങിനെ അനുവദിച്ച സംഖ്യയിൽ ഒരു വലിയ വർദ്ധനവും മുൻകൊല്ലത്തേക്കാൾ 35 കെട്ടിടങ്ങൾ കൂടുതലും അവർക്കു ലഭിച്ചു.

## ട്രേഡ്യൂനിയൻെറ വകയായി പരിശോധന

അവസരമുണ്ടായതുകൊണ്ടുമാത്രം കാര്യമായില്ല; നിശ്ചിതസമയത്തിനുള്ളിൽ നിശ്ചിതകടമ നിറവേററാൻ തക്കവിധം ആ മാർഗ്ഗം ശരിക്കുപയോഗപ്പെടുത്തുകകൂടി വേണം. ഇതു പരിശോധിക്കുന്നതും ട്രേഡ്യൂനിയൻസംഘടനയുടെ കടമയാണ്.

സാമ്പത്തികകാര്യവിദഗ്ദ്ധൻെറ മാത്രം ചുമതലയല്ല ഈ ജോലി. ഭവനനിർമ്മാണ–ക്ഷേമാന്വേഷണകമ്മിഷനും അതിൻെറ തലവനായ അഫനാസി ബാസലയേവും ഇതിൽ മുൻനിന്നു പ്രവർത്തിക്കുന്നു.

പ്രസ്തുത കമ്മിഷനിൽ 21 ട്രേഡ്യൂനിയൻ പ്രവർത്തകരുണ്ട്. അവരുടെ നിയന്ത്രണത്തിനു കീഴിൽ, 40–ൽപരം ഭവനനിർമ്മാണകേന്ദ്രങ്ങളും. ഷോപ്പു ട്രേഡ്യൂനിയൻസംഘടകന്മാരുണ്ടാവും ഇവരെ സഹായിക്കാൻ.

ഒരു വീട്ടിൻേറയോ കെട്ടിടത്തിൻേറയോ ശരിയ്ക്കുള്ള പണി തുടങ്ങുന്നതിന്നും വളരെ മുമ്പുതന്നെ ഇവരുടെ ചുമതലയാരംഭിക്കുന്നു. പണിയാനിരിക്കുന്ന കെട്ടിടങ്ങളുടേയും മററും പ്ലാനും ഡിസൈനുകളുമായി ഭവനനിർമ്മാണകമ്മീഷൻ സിനിമാ–കൺസർട്ടഹാളിലേക്കു ചെല്ലുന്നു. അവയിൽ താമസിക്കാനോ അവയുപയോഗപ്പെടുത്തുവാനോ പോകുന്ന ആളുകളുടെ സുഖസൌകര്യം അടിസ്ഥാനമായി കണ്ടുകൊണ്ട്, അവരതു സശ്രദ്ധം പഠിക്കുന്നു. മുററത്തിൻേറയും കെട്ടിടത്തിൻേറയും അതിൻെറ ഓരോ മുറിയുടെ പോലും പണിയെ സംബന്ധിച്ചു അവരഭിപ്രായങ്ങൾ പറയുന്നു. ശില്പവിദഗ്ദ്ധന്മാർ അതിനനുസരിച്ചു തങ്ങളുടെ രൂപരേഖകളിലും പ്ലാനുകളിലും മാററങ്ങൾ വരുത്തുന്നു.

ഒഴിവുള്ള എല്ലാ സമയത്തും ഈ കമ്മീഷനംഗങ്ങൾ ഭവനനിർമ്മാണരംഗത്തായിരിക്കും. പററാനിടയുള്ള കുററങ്ങളും കുറവുകളും അഖരവിടെവെച്ചുതന്നെ ചൂണ്ടിക്കാണിക്കും. നിർമ്മാണസൂപ്രണ്ടുമാരതു അവഗണിക്കുകയാണെങ്കിൽ, അവർ നേരെ കമ്മീഷനിലോ വർക്കു്കമ്മിററിയിലോ ചെന്നു ആക്ഷേപം ബോധിപ്പിക്കും.

സൂപ്രണ്ടുമാരുമായി താനെപ്പോഴും യുദ്ധമാണെന്നാണ് ശ്മാശയായാലും, അഫനാസ്സി ബാസലയേവു പറയുന്നത്. നിശ്ചിതസമയത്തു പണി തീർക്കുക, കുററമററ കരവിരുതു കിട്ടുക— ഇതിലയാൾക്കു വിട്ടുവീഴ്ചയില്ല.

## നേരെ മന്ത്രിയുടെ അടുക്കലേക്കു്

1954ൽ കമ്മീഷനു വലിയ തിരക്കായിരുന്നു. ഭവന നിർമ്മാണരംഗത്തു വേണ്ടത്ര തൊഴിലാളികളില്ലായിരുന്നു. തൻമൂലം ആദ്യത്തെ ആറുമാസത്തിൽ കാറുനിർമ്മാതാക്കൾക്കു പുതിയ ഒരൊററ കെട്ടിടംപോലും കിട്ടിയില്ല.

വർക്കു് മാനേജുമെണ്ടിനേയും ഭവനനിർമ്മാണ സൂപ്ര ഡണ്ടുമാരെയും സ്വാധീനിക്കാനും വിമർശിക്കാനും വേണ്ടി നടത്തിയ യാതൊരു ശ്രമവും ഫലം കായ്ച്ചില്ല. അയാൾ അവരെപ്പററി സ്ഥലത്തെ പത്രത്തിലെഴുതുകവരെ ചെയ്തു. എന്നിട്ടും മെച്ചമില്ല. അവസാനം വർക്ക്സ്ക മ്മിററി അയാളെ മോസ്കോവിലേക്കു പോകാൻ അനുവ ദിച്ചു.

അവിടെ ട്രേഡ്യൂനിയനുകളുടെ സെൻട്രൽകമ്മിററി യുടെ അദ്ധ്യക്ഷസമിതി, പ്രസ്തുത ഘടകത്തിൻെറ പരാതി ഗൌരവപൂർവ്വം പരിശോധിച്ചു. കേന്ദ്രക്കമ്മിററിയുടെ ചെയർമാൻതന്നെ കൂടെചെന്നു, ബാസലയേവിനു മന്ത്രിയെ ക്കാണാൻ.

മന്ത്രിയെ കണ്ടുകിട്ടാൻ അവരധികം കാത്തുനില്ക്കേണ്ടി വന്നില്ല. മന്ത്രി ബാസലയേവിൻെറ കൂടെ അരമണിക്കൂർ ചിലവഴിച്ചു; ഉടനെ ആവശ്യമായ നടപടികളെടുത്തു കൊള്ളാമെന്നു ഉറപ്പും കൊടുത്തു.

എഡ്യകേഷൻകോൺഫ്രൻസിൽവെച്ച് വർക്ക്സ്കമ്മിററിയെ ഇക്കാര്യത്തിൽ നിശിതമായി വിമർശിച്ച ഫിററർ അലെക്സി സിർക്കോവിനുകൂടി, തൻെറ അഭിപ്രായം മുഴവൻ മാറിയിട്ടില്ലെങ്കിൽപോലും, സ്ഥിതിഗതികൾ മെച്ചപ്പെട്ടുവരുന്നുണ്ടെന്ന വസ്തുത നിഷേധിക്കാനായില്ല. മൊളോട്ടോവ് മോട്ടോർവർക്ക്സിലെ തൊഴിലാളികൾക്കും മററു ജോലിക്കാർക്കും 1954ൽ പുതിയതും സുഖസൌകര്യങ്ങൾ നിറഞ്ഞതുമായ കെട്ടിടങ്ങളിൽ 530 ഫ്ളേററുകൾ കിട്ടി. ഇതാകട്ടെ 1953 ലേക്കാൾ 31 എങ്കിൽ 31 അധികവുമാണു്. നൂറുകണക്കിനാളുകൾക്കുള്ള പുതിയ പാർപ്പിടസൌകര്യമെന്നർത്ഥമല്ലേ 530 ഫ്ളേററുകളെന്നുവെച്ചാൽ?

കാസ്റ്റ്—അയേൺ ഫൌണ്ടറിയിലെ ഒരു ഇരുമ്പുരുക്കൽകാരനും (മെൽടർ) ഉപരിപരിശീലനസ്കൂളിലെ വിദ്യാർത്ഥിയുമായ ഐവാൻആൻട്രസോവായിരുന്നു അതിലൊന്നു്. വർക്ക്സിലെത്തിയിട്ടു ചുരുക്കം വർഷങ്ങളേ ആയിരുന്നുള്ളു എങ്കിൽപ്പോലും അയാളിന്നൊരു വിദഗ്ദ്ധതൊഴിലാളിയാണ്. ഈയ്യിടെ കല്യാണം കഴിഞ്ഞു. അതോടെ പററിയ ഒരു ഫ്ളാററു കിട്ടണമെന്നു ഫൌണ്ടറിമാനേജരോടു അപേക്ഷിക്കുകയും ചെയ്തു.

ഒരു പുതിയ കെട്ടിടം അടുത്തു കിട്ടാനിരിക്കുന്നുണ്ടെന്നും അന്നേരം ആൻട്രസോവിൻെറ കാര്യത്തിൽ ആവുന്നതെല്ലാം ചെയ്യാമെന്നും മാനേജരും സമ്മതിച്ചു.

പറഞ്ഞപോലെ നവമ്പർ 4–ാംനു, ഒക്ടോബർ സോഷ്യലിസ്റ്റ്‌വിപ്ലവത്തിൻെറ 37-ാം വാർഷികമാഘോഷിക്കുന്നതിൻെറ ഏതാനും ദിവസം മുമ്പു്, ഒരു നാലുയിലക്കെട്ടിടം കുടിപാർക്കാൻ തക്കവിധം ഒരുങ്ങിക്കിട്ടി. വലിയ

രണ്ടും മൂന്നും മുറികളുമൊക്കെയുള്ളതായിരുന്നു അതിലെ ഓരോ ഫ്ളേററും. അങ്ങിനത്തെ 60 ഫ്ളേററുകളും 2,176 ചതുരശ്ര മീററർ തറയും. അതിനും പുറമെയാണ് 300 ചതുരശ്ര മീററർ സ്ഥലമെടുക്കുന്ന വായനശാല.

വർക്കു് ട്രേഡ്യൂനിയൻ കമ്മിററിയുടെ ആഗ്രഹമനുസരിച്ച് വേണം മാനേജ്മെണ്ടു് വീട്ട വിതരണം ചെയ്യുകയെന്നു കൂട്ടുടമ്പടിയിലുണ്ടു്. ആദ്യം ഷോപ്പുകൾക്ക് അവയുടെ വിഹിതം ലഭിക്കുന്നു; പിന്നെ ഷോപ്പ്മാനേജരും ഷോപ്പ്ട്രേഡ്യൂനിയൻ കമ്മിററിയുംചേന്നു അതു് തൊഴിലാളികൾക്കിടയിൽ വിതരണം ചെയ്യുന്നു.

ഷോപ്പുകമ്മിററി ആൻടസോവിനെ അനുകൂലിച്ചു. ട്രേഡ്യൂണിയൻ ഷോപ്പുകമ്മിററി യോഗത്തിൽ സംബന്ധിച്ചിരുന്ന ഷോപ്പ് മാനേജരും അതിനോടു യോജിച്ചു.

മദ്ധ്യവയസ്കനായ ഫൌണ്ടറിക്കാരൻ ഫിയോഡർ ഗോർബിനും ഒരു നല്ല രണ്ടുമുറി ഫ്ളേററു വേണമായിരുന്നു. മുമ്പ് താമസിച്ചിരുന്ന സ്ഥലം പോരാ, നാലംഗങ്ങളുള്ള തൻെറ കുടുംബത്തിന്നു ഇന്നു്. ചിസലർ അനിസിം ഷെൽടോവിന്നും വേണം കുറച്ചു വലിയ സ്ഥലം; കുടുംബം വലുതായിരിക്കുന്നു.

ഇമ്മാതിരിയുള്ള മിക്ക ആവശ്യങ്ങളും നിറവേററിക്കൊടുക്കാൻ ഷോപ്പ്കമ്മിററിക്കും മാനേജ്മെണ്ടിനും അന്നു കഴിഞ്ഞു.

## സ്വന്തമായി വീടുവേണ്ടവരുടെ കാര്യം

ഭവനനിർമ്മാണപ്രവത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും ഉള്ള വീടുകൾ ന്യായമായി വിതരണം നടത്തുകയും

ചെയ്യുകയെന്നതിന്നു പുറമെ ബാസലയേവിനും കമ്മീഷനും മററു പലതുംകൂടി ശ്രദ്ധിക്കാനുണ്ടായിരുന്നു.

വക്ക്ഷോപ്പിലുള്ള പല തൊഴിലാളികളും പൂന്തോട്ടങ്ങളോടും പൂമുഖങ്ങളോടും മററുംകൂടി സ്വന്തമായി വീട്ടുവെക്കാറുണ്ട്. തന്റെ സമ്പാദ്യംകൊണ്ടു വീട്ടുകൾ സ്വന്തമാക്കാനും തൽസംബന്ധമായ സ്വത്തവകാശത്തിന്നും ഓരോ തൊഴിലാളിക്കും ഭരണഘടനമുഖേനതന്നെ യു. എസ്. എസ്സ്. ആർ. അവകാശം നൽകിയിട്ടുമുണ്ട്. അതോടൊപ്പംതന്നെ, ഈ അവകാശം ആർക്കും വിപുലമായ തോതിൽ ഉപയോഗിക്കാൻ തക്ക ഭൗതികസാഹചര്യവും അവിടുണ്ടല്ലോ.

മൊളോട്ടോവ് മോട്ടോർവർക്ക്സിലുള്ളവരിൽ 4000 പേർ ഇങ്ങിനെ സ്വന്തമായി വീട്ടു പണിതിട്ടുണ്ട്. ഗോർക്കിനഗരത്തിലെ ഒരു ജില്ലയാണത്. യുദ്ധത്തിന്നുശേഷം തന്നെ ഇമ്മാതിരി 1,100 വീട്ടുകൾ പൊന്തിവന്നിരിക്കുന്നു.

1954ൽ തൊഴിലാളികളുടേയും ആഫീസ്സുജീവനക്കാരുടേയും ഇടയിൽനിന്നു 80പേർ വീട്ടുവെച്ചു. ഇവരിൽ പലർക്കും അതിന്നാവശ്യമായത്ര മിച്ചംവെപ്പില്ലായിരുന്നു. പക്ഷേ സഹായത്തിന്നു ട്രേഡ് യൂനിയൻസംഘടനയെത്തി.

ഇമ്മാതിരിയുള്ള കുടുംബസ്ഥരായ വ്യക്തികൾക്കു വേണ്ടി മാനേജ്മെണ്ടും വർക്ക്സ് കമ്മററിയുംകൂടി 1,00,000 റൂബിൾ ബാങ്കിൽനിന്നു കടമെടുത്തു. കൂട്ടുടമ്പടിപ്രകാരം മേല്പറഞ്ഞ 80പേർക്കും അവരുടെ വീടിന്നുവേണ്ട സാമാനങ്ങൾ നൽകാൻ മാനേജ്മെണ്ടു അതല്ലാതെതന്നെയും ബാദ്ധ്യസ്ഥമായിരുന്നു. മരം, ഇഷ്ടിക, മേൽക്കൂരക്കുവേണ്ട ഇരുമ്പു മുതലായി ആവശ്യമുള്ള സാധനങ്ങളുടെ കണക്കു

പോലും ഉടമ്പടിയിൽ വിശദമാക്കിയിരുന്നു. അവ പണി സ്ഥലത്തു എത്തിച്ചുകൊടുക്കേണ്ട ചുമതലയും മാനേജ്മെണ്ടിൻേറതാണെന്നുവരെ അതിലുണ്ടായിരുന്നു.

കൂട്ടുടമ്പടിപ്രകാരമുള്ള ഇതെല്ലാം ഓരോരുത്തർക്കും വേണ്ടവിധത്തിലും വേണ്ട സമയത്തും മാനേജ്മെണ്ടു പണിസ്ഥലത്തെത്തിച്ചു കൊടുക്കുന്നുണ്ടല്ലോയെന്നു നോക്കാൻ ബാസലയേവും ഭവനനിമ്മാണകമ്മീഷനും അടിക്കടി വന്നു.

കാലേക്കൂട്ടിത്തന്നെ ആ വീടുകളെല്ലാം ഒന്നിച്ചൊരേ സ്ഥലത്തു് പണിയാനുള്ള അനുവാദം ട്രേഡ്‌യൂനിയൻ സംഘടന ടൌൺ സോവിയററിൽനിന്നും സമ്പാദിച്ചിരുന്നു. അങ്ങിനെയായാൽ ക്രമേണ മറെറാരു തൊഴിലാളിജില്ല കൂടി അവിടെ പൊന്തിവരുമല്ലോ.

കമ്മീഷൻേറ നിർദ്ദേശമനുസരിച്ചു അവിടെ ഒരു വാട്ടർസപ്ലൈ ഏർപ്പാടു്, സ്കൂൾ, ആവശ്യമായ കച്ചവടസ്ഥലങ്ങൾ, അവിടവും വർക്‌സുംതമ്മിൽ ബന്ധപ്പെടുത്തുന്ന ബസ്‌ലയിൻ ഇതെല്ലാം സംഘടിപ്പിക്കാൻ വർക്‌സ് കമ്മിററി മാനേജ്മെണ്ടിനോടു് ഖേറേയും ആവശ്യപ്പെട്ടിരുന്നു.

1954 ജൂണിൽ, തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും പഴയ വീടുകൾ റിപ്പയർചെയ്യുന്നതിന്നുള്ള സാധനങ്ങൾ സംഭരിക്കാൻ വർക്‌സിൻേറ ഭവനനിമ്മാണവകുപ്പ് ഒരു ഫണ്ടു് സംഘടിപ്പിച്ചു. ഓരോ വീട്ടുടമസ്ഥനും തനിക്കാവശ്യമുള്ള സാധനങ്ങളുടെ കണക്കു സമർപ്പിച്ചാൽ മതി; താമസിയാതെ ഏററവും ചുരുങ്ങിയ വിലമാത്രം കണക്കാക്കി അതയാളുടെ വാതില്ക്കലെത്തിക്കുന്നു. പണിസാധനങ്ങൾ മാത്രമല്ല കൂടെ പണിക്കാരും വരും.

തിരഞ്ഞെടുപ്പ് സമ്മേളനത്തിൽ ഇതേപ്പററി ഏററവും ഉറച്ചുസംസാരിച്ച ഡിസൈനർ ടൊപോർക്കോവ് അതെല്ലാം കഴിഞ്ഞപ്പോൾ തികച്ചും സംതൃപ്തനായിരുന്നു. വേനൽക്കാലം അവസാനിക്കുംമുമ്പുതന്നെ തന്റെ വീട്ട് ശരിപ്പെടുത്തപ്പെട്ടു.

ഇമ്മാതിരി പല നിലക്കും പലപ്പോഴും വീട്ടുടമസ്ഥക്ക് ലഭിക്കുന്ന സ്റ്റേറുസഹായത്തെ ശരിക്കു വിലയിരുത്തുക പ്രയാസമാണ്. ചുരുക്കിപ്പറയാം: അതു് സാരവത്തും സമൃദ്ധവുമാണ്.

## കൂടെ തോട്ടങ്ങളും വേണ്ടേ?

ഇങ്ങിനെ വീടുവെച്ചു കഴിയുന്ന തൊഴിലാളികളിലും മററുള്ളവരിലുംനിന്നു പലരും വേനൽക്കാലമന്ദിരങ്ങളും പച്ചക്കറിതോട്ടങ്ങളുംകൂടി ഉണ്ടാവണമെന്നു ആഗ്രഹിക്കുന്നു. വർക്ക്സും വർക്ക്സ് ട്രേഡ് യൂനിയൻ കമ്മിററിയും അവരെ ഇക്കാര്യത്തിലും സഹായിക്കുന്നു.

കാറുനിർമ്മാതാക്കളിൽ 2000പേർ ഓക്കായുടെ തീരത്ത് തങ്ങൾക്കു പതിച്ചുകിട്ടിയ സ്ഥലത്തു പൂന്തോട്ടങ്ങളും കായ്കനിത്തോപ്പുകളും വെച്ചുപിടിപ്പിച്ചിരിക്കുന്നു.

തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുന്നതിലും ട്രേഡ് യൂനിയൻ കമ്മററിയുടെ കയ്യുണ്ട്. തോട്ടങ്ങളും പച്ചക്കറിത്തോപ്പുകളും വളർത്താനാഗ്രഹിക്കുന്നവരുടെയെണ്ണം വർദ്ധിച്ചുവന്നതോടെ അതിനും ഒരു പ്രത്യേക കമ്മീഷൻ സംഘടിപ്പിക്കപ്പെട്ടു, തോട്ടപ്രിയന്മാരുടെ ഉററബന്ധുവായ ഒരു കൃഷികാര്യവിദഗ്ധന്റെ സഹകരണത്തോടെ.

ഇതിനെസംബന്ധിച്ചുമുണ്ടു കൂട്ടമ്പടിയിൽ ഒരു വകുപ്പ്. നിലമുഴാൻവേണ്ട ട്രാക്ടർ, വിത്തുസംഭരണം, വേ

ലികെട്ട്, ആവശ്യമായ ഒഴുക്കുവെള്ളം മുതലായി പലതും മാനേജുമെന്റ് സംഘടിപ്പിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

കുറച്ചുകൊല്ലം മുമ്പു വർക്ക്സിലെ ജോലിക്കാരാരംഭിച്ച ഇമ്മാതിരി വാടികകളുമട ഒട്ടാകെ വിസ്താരമെത്രയാണെന്നോ? 160ഹെക്ടർ! ഈ പുഷ്പവനങ്ങളുടേയും പച്ചക്കറിത്തോപ്പുകളുടേയും ഇടയ്ക്കു തൊഴിലാളികൾ വേനൽക്കാലം സസുഖം കഴിക്കുന്ന കൊച്ചുകൊച്ചു പർണ്ണശാലകളാണ്.

വേനൽക്കാലത്തെ ഏററവും നല്ല ഒരു വിനോദംകൂടിയായ ഈ തോട്ടംവളർത്തൽ, പൂക്കളും കായ്കനികളുംവഴി നല്ലൊരു ആദായമാർഗ്ഗംകൂടിയാണ്. തൊഴിലാളികളിൽപ്പലരും, മഞ്ഞുകാലത്തേക്കുവേണ്ടി അവയിൽ പലതും ഗണ്യമായ തോതിൽ കരുതിവെക്കാറുമുണ്ട്.

ഈ തോട്ടപ്രിയന്മാരുടെ എണ്ണവും പ്രവർത്തനവും പെരുകിവരികയാണ്. കാറുനിർമ്മാതാക്കളുടെ നഗരമായ ആഗോക്കിക്കു ചുററും, താമസിയാതെതന്നെ പച്ചപ്പരപ്പിൻേറതായ ഒരു പരിവേഷം വന്നുവീഴുമെന്നു ട്രേഡ്യൂണിയൻ നേതാക്കൾ വിശ്വസിക്കുന്നു.

## ലാഭത്തിൻേറ ലാഭവും തൊഴിലാളിക്കുതന്നെ

കൂലിക്കുപുറമെ ആ കാറുനിർമ്മാതാക്കൾക്കു കിട്ടുന്ന നിരവധി നേട്ടങ്ങളിൽ അവരുടെ സാംസ്കാരികസാഹചര്യങ്ങൾ വികസിപ്പിക്കാനും ഉല്പാദനപ്രക്രിയ കൂടുതൽ പുരോഗമിപ്പിക്കാനും വേണ്ടിയുള്ള ഒരു പ്രത്യേകഫണ്ടിനെപ്പററി പ്രത്യേകം പറഞ്ഞേ ഒക്കൂ.

സ്ഥേററുപ്ലാനനുസരിച്ചാണ് ഏതു സോവിയററുവ്യവസായവും പ്രവർത്തിക്കുന്നതെന്നു ഇതിനകം അറിഞ്ഞിരിക്കുമല്ലോ. നിശ്ചിതസംഖ്യയിൽ കവിഞ്ഞുപോകരുതു് അവി

ട്ടത്തെ ഉല്പാദനച്ചിലവ്. പക്ഷേ അതു ആ നിശ്ചിതതുക യില്ലും കുറഞ്ഞുവരാം.

തൊഴിലാളികളുടെ ഉല്പാദക്ഷമത ഉയന്നിരിക്കുകയും വസ്തുനഷ്ടം കുറഞ്ഞിരിക്കുകയും ചെയ്യുന്ന സുസംഘടിതമായ പല വ്യവസായസ്ഥാപനങ്ങളിലും ഈ ചിലവുകുറവു സാധാരണമാണ്.

ഇങ്ങിനെ കിട്ടുന്ന ആദായത്തിലും ഒരു നല്ല ശതമാനം അങ്കിട്ടത്തെ ജോലിക്കാർക്കുള്ളതാണ്. 42,00,000 റൂബിളായിരുന്നു 1954ൽ ഈ വകയിൽ തൊഴിലാളികൾക്ക് കിട്ടിയതു്.

സ്പെഷൽ ഫണ്ടായി പരിഗണിക്കപ്പെടുന്ന ഈ തുക ഡയരക്ടരുടെ അനുമതിപ്രകാരമായിരിക്കും ചിലവുചെയ്യുക. പ്രധാനമായി ജോലിക്കാരുടെ സാംസ്കാരിക–സുഖക്ഷേമകാര്യങ്ങൾക്കായും പ്രത്യേകബോണസ്സായും മററുംതന്നെ. എന്നിരുന്നാലും വക്ക്സ് കമ്മിററിയുടെകൂടി അംഗീകാരം നോക്കും അയാളിതു ചിലവുചെയ്യുമ്പോൾ.

ഈ പണം അനാവശ്യമായി കെട്ടിക്കിടക്കാതിരിക്കാൻ ട്രേഡ്യൂണിയൻ പ്രത്യേകം മനസ്സിരുത്തുന്നു. ഈ പണം ചിലവുചെയ്യുന്നതിനെപ്പററി പല കമ്മീഷനുകൾക്കും പല അഭിപ്രായങ്ങളും കാണും, ചെയർമാൻെറ അട്ടത്തു കൊണ്ടുവരാൻ. മിസ്റ്റർ വാറും എല്ലാദിവസവുംതന്നെ മാക്സിമോവ് ഇതു സംബന്ധിച്ച ഡയരക്ടരുമായി സംസാരിക്കുകയും ചെയ്യുന്നു.

സ്കൂൾകുട്ടികൾക്കുവേണ്ടി ഒരു ശരൽക്കാലസാനിട്ടോറിയംകൂടി വേണ്ടിയിരിക്കുന്നു; ആ താമസസങ്കേതത്തിലുള്ള സ്പോർട്ട്സ്സ്റ്റേഡിയം ഒന്നു പുനഃസജ്ജീകരിക്കണം; കാക്കാ

നടിയിലെ തൊഴിലാളികളുടെ സ്വാസ്ഥ്യസങ്കേതം പരിഷ്കരിക്കാതെ തരമില്ല; മോട്ടോർ–സൈക്കിളിസ്റ്റ്മാർക്കു തങ്ങളുടെ ഗാരേജു ഖല്പപ്പം പോരാപോലും; തൊഴിലാളിയുങ്ങാക്കൾക്കുള്ള ഹോസ്റ്റലിൽ പുതിയ ഫർണിച്ചറില്ലാതെ പററില്ല; ട്രേഡ്യൂനിയൻഘടകം പറയുന്നു, നമുക്കൊരു കടലിൽ പൊന്തിക്കിടക്കുന്ന സുഖവാസകേന്ദ്രം വേണമെന്ന്— ഇങ്ങിനെ പലതും പലതും.

ഇപ്പറയുന്നതിലധികവുംതന്നെ മാക്സിമോവ് നേരിട്ടെടുക്കാറുമുണ്ട്.

1954–ൽ മിഖെയിൽ·മൊറോസോവിൻെറ അഭിപ്രായപ്രകാരം ഹോട്ട്–ഷോപ്പിൽ പണിയെടുക്കുന്ന തൊഴിലാളികളെ സുഖവാസകേന്ദ്രത്തിലേക്കയക്കാൻ ഈ ഫണ്ടിൽ കുറെ ഉപയോഗിക്കണമെന്നു് ഡയരക്ടറെ അറിയിക്കാൻ വർക്സ് കമ്മിററി തീരുമാനിച്ചു. ഫോർജ്–പ്രസ് ഓപ്പറേററർ കോളോട്ടനിസ്കിയുടെ കോൺഫറൻസിൽവെച്ചു പ്രകടിപ്പിച്ച ആഗ്രഹത്തിൻെറ അംഗീകാരംകൂടിയായിരുന്നു ഇതു്.

പക്ഷേ ഇതു ഇതേപടി അനുവദിക്കുക ഇമ്മാതിരിയുള്ള മററു ജോലികൾ ചെയ്യുന്ന തൊഴിലാളികളോടു് ഒരു പക്ഷപാതം കാട്ടലാവുമെന്നു സോഷ്യൽ ഇൻഷുറൻസ്കൌൺസിൽ പറഞ്ഞു. എല്ലാവർക്കും തുല്യാവകാശവും അവസരസമത്വവും ഉറപ്പിക്കുകയെന്നതല്ലേ സോവിയററു ട്രേഡ് യൂനിയൻസംഘടനയുടെ ഒരലംഘനീയമായ നിയമം.

അവസാനം ഈ തുക സോഷ്യൽ ഇൻഷുറൻസു ഫണ്ടുമായി കൂട്ടിച്ചേർത്തു. അപ്പോൾ അഞ്ചാൾക്കു ഒന്നുവീതമെന്ന നിലക്കു എല്ലാ ഫോർജ്–പ്രസ്സ്ഓപ്പറേറർമാരേയും ഫൌണ്ടർമാരേയും സാനട്ടോറിയത്തിലയക്കാൻ കഴിഞ്ഞു. കഴിഞ്ഞകൊല്ലത്തേക്കാളും കൂടുതലായിരുന്നു ഇതും.

ഖക്ക്സ്കമ്മിററിയും അതിൻെറ വിവിധ കമ്മിഷനു കളും ട്രേഡ്യൂണിയൻസംഘടന പൊതുവേയും ഈ പ്രത്യേക ഫണ്ടിനെ കാണുന്നതു്. കാറുതീർമ്മാതാക്കളുടെ സഹജീവിതത്തെ ഒരു പടികൂടി മുന്നോട്ടുനീക്കുന്ന ഒന്നായിട്ടാണു്. അങ്ങിനെ കണക്കാക്കാൻ നിയമാനുസൃതവും ധാർമ്മികവുമായി അവർക്കവകാശമുണ്ടു്.

കാരണം മുഴവൻ തൊഴിലാളികളുടേയും അദ്ധ്വാനവിശേഷമാണ് അതും ഉണ്ടാക്കുന്നതു്. തന്മൂലം അതവർക്കുവേണ്ടിത്തന്നെ ചിലവഴിക്കണമെന്നു ട്രേഡ്യൂനിയൻ ന്യായമായും വാദിക്കുന്നു; അങ്ങിനെതന്നെ ചെയ്യുന്നു.

---

# തൊഴിലാളിക്ഷേമത്തിലുള്ള ഉല്ക്കണ്ഠ

തൊഴിലാളികളുടെ സുഖജീവിതത്തിലേററവുമധികം താല്പര്യവും ഉല്ക്കണ്ഠയുമുള്ള ട്രേഡ്‌യൂനിയൻ സംഘടന, അവരുടെ ആരോഗ്യവിഷയത്തിനു അങ്ങേയററത്തെ പ്രാധാന്യമാണു നല്കുന്നതു്.

കാൽ ശതാബ്ദംമുമ്പു പണിതതാണെങ്കിലും സോവിയററുയൂനിയനിലെ മററെല്ലാ വ്യാവസായികസ്ഥാപനങ്ങളേയുംപോലെ ഈ മോട്ടോർവർക്സും ശാസ്ത്രീയമായ എല്ലാവിധ എടപ്പാടുകളോടും തൊഴിലാളിരക്ഷാനടപടികളോടും കൂടിയാണു നിർമ്മിക്കപ്പെട്ടിട്ടുള്ളതു്.

പൊബേഡായും സിംകാറും അസംബ്ൾചെയ്യുന്ന ഷോപ്പിനുചുററും താലമരങ്ങളും മററുംകൊണ്ടു സുന്ദരമായ ഒരന്തരീക്ഷം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

അതിനും പുറമെ ആവശ്യമായേടത്തെല്ലാം സുശക്തങ്ങളായ വെൻറിലേററർസൌകര്യങ്ങളും എയർ-കണ്ടിഷനറുകളും (അന്തരീക്ഷത്തിലെ ചൂടും തണുപ്പും നിയന്ത്രിക്കാനുള്ള ഏർപ്പാട്) സംഘടിപ്പിച്ചിരിക്കുന്നു.

പകലെല്ലാം നല്ല സൂര്യപ്രകാശത്തിൻെറ പ്രവാഹമാണവിടെ. രാത്രിയാണെങ്കിലോ പകൽവെളിച്ചത്തെപ്പോലും തോല്പിക്കുന്ന ലൂമിനിഷൻറുലാമ്പുകളടക്കം എണ്ണമററ വൈദ്യുതദീപങ്ങളും.

## 'ആററംകയ്യ്' കണ്ടിട്ടുണ്ടോ?

ഷോപ്പുകളുടെ പുറമേനിന്നുള്ള കാഴ്ച മാത്രമല്ലല്ലോ കാര്യം. മനുഷ്യാദ്ധ്വാനത്തെ ആവുന്നത്ര ലഘൂകരിയ്ക്കാനും ഖമ്പിച്ച ഭാരം സഹിക്കുന്നതിൽനിന്നു തൊഴിലാളിയുടെ ശരീരാവയവങ്ങളെ സ്വതന്ത്രമാക്കാനും കഴിയുന്ന നിരവധി സാങ്കേതികോപകരണങ്ങൾ ഓരോ ഷോപ്പിലുമുണ്ട്.

ഓരോ കൊല്ലംതോറും പുതിയ പുതിയ 'ആറേറാമിക്കയുണിററു'കൾ അവിടെ സ്ഥലംപിടിക്കുകയാണ്. 'ആറേറാമിക്ക് ഫോർജ്-പ്രസ്സ് ഓപ്പറേററർ'മാരും 'ആററംകയ്യ്'കളും അമ്മാതിരി മററു പല മെഷിനുകളും.

യന്ത്രങ്ങളുടെ കൂടുതൽ പരിപൂർണ്ണതയ്ക്കുവേണ്ടി, തൊഴിലാളിയുടെ അദ്ധ്വാനം കൂടുതൽ ലഘൂകരിക്കുന്നതിനുവേണ്ടി, കൂടുതൽ ഉല്പാദനവർദ്ധനവിന്നും അതുവഴി തൊഴിലാളിയുടെ കൂടുതൽ വരുമാനത്തിന്നുംവേണ്ടി, ഇമ്മാതിരി പരിഷ്കൃതരീതികളാവിഷ്കരിക്കുന്ന കാര്യത്തിൽ ട്രേഡ്‌യൂനിയൻ ഘടകങ്ങൾക്കു നിർബ്ബന്ധംതന്നെയുണ്ട്.

ഉല്പാദനപ്രവൎത്തനത്തിലെ ഈ യന്ത്രവല്ക്കരണം ആവുന്നത്ര വികസിപ്പിക്കുന്നതോടൊപ്പംതന്നെ, ഷോപ്പുകളിലെ

ആരോഗ്യസംരക്ഷണകാര്യങ്ങളും കൂടുതലഭിവൃദ്ധിപ്പെടുത്തണമെന്നു ട്രേഡ്‌യൂണിയൻ മാനേജുമെണ്ടിനെ പ്രേരിപ്പിക്കുന്നു. മാനേജുമെണ്ടു ഇതിനുവേണ്ടിയും ഖമ്പിച്ച തുക നീക്കിവെക്കാറുണ്ട്.

എലക്ക്ഷൻ കോൺഫറൻസിൽ സമർപ്പിച്ച തൻെറ റിപ്പോർട്ടിൽ ചെയർമാൻ ഈ വസ്തുത പ്രത്യേകം പറഞ്ഞിരുന്നു. തൊഴിലാളിരക്ഷാനടപടികൾക്കുള്ള 1954-ലെ വീതം 40,00,000 റൂബിളായിരുന്നു.

ഓരോ തവണയും കൃത്യമായി ഇന്നിന്ന തൊഴിൽരക്ഷാനടപടികൾ എടുക്കണമെന്നു് ട്രേഡ്‌യൂനിയൻ മാനേജ്മെണ്ടുമായി വ്യക്തമായ ധാരണകളിലെത്തുന്നു. കൂട്ടടമ്പടയുടെ ഒരഭേദ്യഭാഗവുമായിരിക്കും അതു്. ഷോപ്പുകളിലെ ശ്ലോക്ക്റൂം പരിഷ്കരണം, കൂടുതൽ നല്ല വിളക്കുകളുടേയും വെൻറിലേററുകളുടേയും സംസ്ഥാപനം—ഇങ്ങിനെ പലതിനും 1954-ൽ പണം ചിലവിടുകയുണ്ടായി.

## 4000 പേരുണ്ടു് ആ പ്രവർത്തനത്തിൽ

പാവൽ ആർട്ടമൊണോവും അയാളുടെ കമ്മീഷനും ഈ കാര്യത്തിൽ കാണിക്കുന്ന ഉത്സാഹവും ചുട്ടും അസാധാരണമാണ്.

18 അംഗങ്ങളുണ്ടു് പ്രസ്തുത കമ്മീഷനിൽ. അതിൻെറ തലവനായ ആർട്ടമൊണോവാണെങ്കിലോ, ഒരെഞ്ചിനീയറും വർക്കു് ട്രേഡ്‌യൂനിയൻ കമ്മിററി സ്റ്റാഫുമാണ്.

ഷോപ്പുകൾ സന്ദർശിക്കുക അയാളുടെ ഒരു മുഖ്യതൊഴിലാണ്. തൊഴിലാളിരക്ഷയെക്കുറിച്ചുള്ള ഒരുപാടു കാര്യങ്ങൾ ആ ഘടകസമയങ്ങളിലെല്ലാം തൊഴിലാളികൾ അയാളെ അറിയിക്കുന്നു.

തന്നെയുമല്ല, കമ്മീഷനംഗങ്ങളിൽ മിക്കപേരും നേരിട്ടുള്ള ഉല്പാദനപ്രവത്തനത്തിൽ പങ്കെടുക്കുന്നവരാകകൊണ്ട്, എന്തുവീഴ്ചയും അവരായിരിക്കും ആദ്യം കണ്ടുപിടിക്കുക ഉടനെതന്നെ അവരതെല്ലാം ഫോർമാന്മാരുടേയോ മററു സെക്ക്ഷനധികാരികളുടേയോ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യും.

പക്ഷേ, ഇത്രയും വലിയ ഒരു പ്ലാൻറിൽ ഇക്കാര്യത്തിൽ 18 പേരുടെ പ്രവത്തനം മാത്രം മതിയാവില്ലല്ലോ. അതുകൊണ്ടു ഓരോ ഷോപ്പു ട്രേഡ്‌യൂനിയൻകമ്മിററിയും അതിൻേറതായ തൊഴിലാളിരക്ഷാകമ്മിഷനുകൾ സംഘടിപ്പിക്കുന്നു. അതിന്നുംപുറമേ ഓരോ ഗ്രൂപ്പിന്നും ഓരോ പൊതു തൊഴിലാളിരക്ഷാ ഇൻസ്പക്ടരുമുണ്ട്.

അങ്ങിനെ, ഈ തൊഴിലാളിരക്ഷാ നടപടിപ്രവത്തനത്തിലൊട്ടാകെ 4000 സജീവ ട്രേഡ്‌യൂനിയനംഗങ്ങളുടെ സഹകരണമുണ്ട്. വക്ക്സിലെ ഓരോ വകുപ്പിലും അവിടെയുള്ള ഓരോ യന്ത്രത്തിലും തൊഴിലാളിയിലും, തങ്ങളുടെ ശ്രദ്ധയർപ്പിക്കാൻ ഇതുവഴി ട്രേഡ്‌യൂനിയൻസംഘടനക്കു കഴിയുന്നു.

സെക്ക്ഷനുകളിലെ പുതിയ തൊഴിലാളികൾക്കു ആവശ്യമായ രക്ഷാനിർദ്ദേശങ്ങൾ ഫോർമാൻ യഥാസമയം തന്നെ നൽകുന്നുണ്ടോ; ഉപകരണങ്ങളും യന്ത്രങ്ങളും ശരിക്കുള്ള ആർഡറിൽത്തന്നെയല്ലേ; വായുസഞ്ചാരത്തിന്നും വെളിച്ചത്തിന്നും വേണ്ട ഏർപ്പാടുകളിൽ കുഴപ്പമൊന്നുമില്ലല്ലോ; ജോലിസ്ഥലങ്ങളിൽ വേണ്ടത്ര വെടിപ്പും വൃത്തിയുമുണ്ടോ; യാതൊന്നും കൊണ്ടുവന്നിട്ടു വഴി അടച്ചിട്ടിട്ടുമില്ലല്ലോ; ഓരോ സെക്ക്ഷനിലും തൊഴിലാളികൾക്കാവശ്യമുള്ള വെള്ളമോ സോഡയോ കിട്ടാതിരിക്കുന്നുണ്ടോ; പ്രാഥ

മികച്ചശുശ്രൂഷക്കുള്ള മരുന്നുണ്ടോ അവിടെയെല്ലാം; നിയമ പ്രകാരമുള്ള കുറഞ്ഞ ജോലിസമയം മാനേജ്മെണ്ടു നിർബ്ബന്ധപൂർവ്വം പരിപാലിക്കുന്നുണ്ടോ; കൃത്യമായ വിശ്രമദിവസങ്ങളും അവധികളും തൊഴിലാളിക്കു കിട്ടാതിരിക്കുന്നില്ലല്ലോ; വേലയുടുപ്പ്, ബൂട്ട്, മഞ്ഞുറ, പാലും വെണ്ണയും എന്നിവ സമയത്തിനുതന്നെ വിതരണം ചെയ്യുന്നുണ്ടോ—ഇങ്ങിനെ പ്രധാനവും അപ്രധാനവുമായ നൂറുനൂറുകാര്യങ്ങൾ കാണും. സജീവട്രേഡ്യൂനിയൻ അംഗങ്ങൾക്കു അനുനിമിഷം ശ്രദ്ധിച്ചുകൊണ്ടിരിക്കാൻ.

## മാനേജർക്കു പിഴ

ഏതെങ്കിലുമൊരു മാനേജ്മെണ്ടംഗം മേല്പറഞ്ഞ കാര്യങ്ങളിൽ അല്പമെങ്കിലും അവഗണനയോ അനാസ്ഥയോ കാണിച്ചാൽ ഈ നാലായിരം പേരിലാരെങ്കിലുമതു കണ്ടുപിടിക്കുമെന്നതു നിശ്ചയമല്ലേ.

വലിയ തിരക്കും തലമ്പു ച്ചൂട്ടംപിടിച്ചിരിക്കുന്ന മാനേജർ ചിലപ്പോൾ തൊഴിലാളികൾക്കു വേണ്ടത്ര ചെവികൊടുത്തില്ലെന്നും വരാം അതുസംബന്ധിച്ചു ഒരു ഉദാഹരണമിതാ:

ഒരു സെക്ക്ഷൻതലവനായ നിക്കളായ് യെഗരോവ്, രക്ഷാനടപടികളെപ്പററിയുള്ള ശരിയായ വിവരം കൊടുക്കാതെയാണ ഒരിക്കൽ ഒരു വിഭാഗം പുതിയ തൊഴിലാളികളെ പണിയ്ക്കുനുവദിച്ചതു്

അതിന്നുംപുറമേ, നിർബ്ബന്ധപൂർവ്വം നിരോധിക്കപ്പെട്ടിരുന്നിട്ടും, തീപ്പിടിക്കുന്ന ഏതാനും ചില വസ്തുക്കൾ ജോലിസ്ഥലത്തിരിക്കാനിടവെക്കുകയും ചെയ്തു അയാൾ.

ഇതുസംബന്ധിച്ചു ഷോപ്പ് ലേബർ–പ്രൊട്ടക്ഷൻ ചെയർമാൻ നിക്കൊളോയി റാഷ്ചെപ്പോവ് ഒന്നില

ധികം തവണ അയാളോട്ട പറഞ്ഞു. അതു ചെയ്യാമെന്നേററ തല്ലാതെ അയാൾ തൻെറ വാക്ക പാലിച്ചില്ല

തുടന്നു തൊഴിലാളിരക്ഷാകമ്മീഷൻ, അതുസംബന്ധിച്ചു ഒരു പ്രമേയംവഴി ഈ സെക്ഷൻ തലവൻെറ ശ്രദ്ധയാകഷിച്ചു, ആ വീഴ്ചകളിലേക്കു്.

എന്നിട്ടും മാററമില്ല. ഉടനെ റാഷ്ചെപ്പോവ് ആട്ട മൊണോവിനെ ചെന്നു കണ്ടു്, ഈ യെഗറോവിൻെറ പ്രശ്നം വർക്കു് ലേബർ–പ്രൊട്ടക്ഷൻ കമ്മീഷനിലോ വർക്കു് കമ്മിററിയിൽതന്നെയുമോ കൊണ്ടുവരണമെന്നാവശ്യപ്പെട്ടു.

അവിട്ടത്തെ ട്രേഡ്യൂനിയൻ ഘടകത്തിൻെറ സ്വാധീനവും മേന്മയും എത്തുമാത്രമുണ്ടെന്നു സംശയംതോന്നിയ ആട്ടമൊണോവ് അതിനുമുമ്പായി മററു ചില മാർഗ്ഗങ്ങൾ പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ചു.

വർക്കു്കമ്മിററി കെട്ടിടത്തിൽതന്നെ ഒരു മുറിയിൽ വാസിലി പാർഫൻെറയേവുണ്ടു്; ഗോക്കി ഫാക്ടറിയിലെ കേന്ദ്ര ട്രേഡ്യൂനിയൻ സംഘടനയുടെ ടെക്കനിക്കൽ ഇൻസ്ട്രക്ടർ.

ഗണ്യമായ ആധികാരികശക്തിയുണ്ടു് ആ മനുഷ്യനു്. സ്ഥാപനത്തിലെ തൊഴിൽരക്ഷയുടെ നിയന്ത്രണം ടെക്കനിക്കൽ ഇൻസ്ട്രക്ടർക്കാണു്. മാനേജുമെണ്ടു നിയമം ലംഘിക്കുകയാണെങ്കിൽ ജോലി നിത്തിയ്ക്കാൻപോലും അയാൾക്കധികാരമുണ്ടു്.

ഇൻസ്ട്രക്ടർ തൻെറ അധികസമയവും ഗോക്കിയിലെ ഏററവും വലിയ സ്ഥാപനമായ മൊളോട്ടോവു മോട്ടോർ വർക്കിലായിരിക്കും ചിലവഴിക്കുകയെന്നതു സ്വാഭാവികമാണല്ലോ. ആർട്ടമൊണോവു തൻെറ പരാതിയുമായി നേരിട്ട അങ്ങോട്ട ചെന്നു.

പാർഫൻററയേവ് ആ പരാതി ശരിക്കു പരിശോധിക്കുകയും തുടന്നു യെഗറോവിനെ പിഴയിടാൻ തീരുമാനിക്കുകയും ചെയ്തു. പ്രതീക്ഷിച്ചതിലും വലിയ ഫലമുണ്ടായിരുന്നു ഇതിന്ന്. ട്രേഡ്‌യൂനിയൻ മുമ്പാവശ്യപ്പെട്ടതെല്ലാം അയാൾ ഒന്നടക്കം നിറവേററി.

എന്നിരുന്നാലും യെഗറോവ് വിട്ടില്ല, തൻെറ ഭാഗം. അയാൾ ടെക്കനിക്കൽ ഇൻസ്പെക്ടരുടെ നടപടിയെപ്പററി ട്രേഡ്‌യൂനിയനുകളുടെ കേന്ദ്രസമിതിയിൽ ആക്ഷേപം കൊടുത്തു. പക്ഷെ അതിൻെറ വിധിയും അയാൾക്കനുകൂലമായിരുന്നില്ല.

## തൊഴിലാളികൾക്കുള്ള മെഡിക്കൽ എയ്ഡ്

തൊഴിലാളികളുടെ ആരോഗ്യസർവ്വീസുകളുടെ കാര്യത്തിൽ ട്രേഡ്‌യൂനിയന് പലതും ശ്രദ്ധിക്കാനുണ്ട്.

ജില്ലാ സോവിയററിൻെറ എക്സിക്യൂട്ടീവ് കമ്മീററിയുടെ ഹെൽത്തു ഡിപ്പാർട്ടുമെണ്ട് മോട്ടോർ വർക്ക്സിൽ സ്ഥാപിച്ചിട്ടുള്ള ആരോഗ്യകേന്ദ്രം 83 ഡോക്ടർമാരും അവരുടെ 165 അസിസ്റ്റാണ്ടുമാരുമടങ്ങുന്നതാണ്. അതിലേക്കു വേണ്ട സ്ഥലസൌകര്യങ്ങളും ഉപകരണങ്ങളും വർക്ക്സിൽ നിന്നു് കൊടുത്തു.

നാലു വലിയ കെട്ടിടങ്ങളിലായാണ്, വർക്ക്സ് ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ എല്ലാ ശുശ്രൂഷകളും മരുന്നുകളും ലഭിക്കുന്ന ആ ആസ്പത്രിയിലും പലമാതിരി പോളിക്ലിനിക്കുകളും സ്ഥിതി ചെയ്യുന്നതു്.

ഇതിനും പുറമേ ഓരോ ഷോപ്പിലും അവയുടേതായ "ഹെൽത്തു സെൻററു"കളുണ്ട്—ഒട്ടാകെ 26.

കാറു നിർമ്മാതാക്കളുടെ ആരോഗ്യം അവിടെ മററ പലതിലും പ്രധാനമായി കണക്കാക്കപ്പെട്ടുന്നു. ആരോഗ്യ കേന്ദ്രങ്ങളിലായാലും ശരി, തങ്ങളുടെ താമസസ്ഥലങ്ങളി ലായാലും ശരി, എല്ലാവിധ വൈദ്യസഹായവും പരിപൂർണ്ണ മായും സൌജന്യമാണു്, അവർക്കു്.

## സാമൂഹ്യ ഇൻഷ്വുറൻസിന്നു 6,10,00,000 റൂബിൾ

സർക്കാരിൻെറ ചിലവിലാണു്, സോവിയററു യൂണിയ നിൽ സകല സ്ഥാപനങ്ങളിലേയും തൊഴിലാളികളുടെ സോഷ്യൽ ഇൻഷ്വുറൻസ്. വർക്ക്സിലെ ജീവനക്കാരെ സംബന്ധിച്ചും അങ്ങിനെതന്നെ. തൊഴിലാളികൾ യാ തൊന്നുംതന്നെ കൊടുക്കേണ്ടതില്ല ആ കണക്കിൽ.

അങ്ങിനെ, വമ്പിച്ച ഒരു തുക ആവശ്യമായിവരുന്ന സ്റ്റേററുചിലവിലുള്ള ഈ സാമൂഹ്യ ഇൻഷ്വുറൻസും ഫല ത്തിൽ തൊഴിലാളികളുടേയും മററു ജോലിക്കാരുടേയും ശമ്പളത്തിലുള്ള ഒരു വർദ്ധനവാണു്. മൊളോട്ടോവ് മോട്ടോർവർക്ക്സിലെ സാമൂഹ്യ ഇൻഷ്വുറൻസിനുള്ള ബജററ് 1954 ൽ 5,90,00,000 റൂബിളായിരുന്നു. 1955-ൽ 6,10,00,000വും.

യു. എസ്. എസ്. ആറിൽ മറെറല്ലായിടങ്ങളിലുമെ ന്നപോലെ മൊളോട്ടോവ് മോട്ടോർവർക്ക്സിലും ഈ തുക ട്രേഡ്‌യൂണിയൻ സംഘടനയുടെ നിയന്ത്രണത്തിലാണു്. ഈ ഫണ്ടിൽനിന്നു വർക്ക്സ്കമ്മിററി, സുഖമില്ലാതാവുകയോ മറെറതെങ്കിലും നിലക്കു ക്ഷീണിക്കുകയോ ചെയ്യുന്ന തൊഴി ലാളികൾക്കും ആഫീസ്സുജോലിക്കാർക്കും ആവശ്യമായ സഹായം നൽകുന്നു.

എന്നാൽ, സോഷ്യൽ ഇൻഷൂറൻസിനുള്ള ഈ ഫണ്ടിൻെറ വിനിമയത്തിൽ ശ്രദ്ധിക്കുന്ന സംഗതി, രോഗത്തിന്നുള്ള ചികിത്സയേക്കാളേറെ രോഗം തടയാനുള്ള നടപടികൾക്കായുപയോഗിക്കുകയെന്നതാണ്. ഇതെങ്ങിനെയാണു സാധിക്കുക?

## ഫൌണ്ടറിക്കാരൻ കോബ ആരോഗ്യസങ്കേതത്തിലേക്കു്

ഡോക്ടർമാർ തൊഴിലാളികളെയെല്ലാം, വിശേഷിച്ചും വിഷമംപിടിച്ച ജോലിയിലുള്ളവരെ, സ്ഥിരമായും ക്രമമായും പരിശോധിച്ചുകൊണ്ടിരിക്കണമെന്നു ട്രേഡ്യൂനിയൻ നിർബ്ബന്ധിക്കുന്നു.

അതനുസരിച്ചു ഡോക്ടർമാരും അവരുടെ സഹായകരും ഷോപ്പുതോറും ചുററിനടന്നു പരിശോധനയ്ക്കായി, തൊഴിലാളികളെ ആരോഗ്യസങ്കേതങ്ങളിലേക്കു നയിക്കുന്നു. അങ്ങിനെ എളുപ്പം ചികിത്സിച്ചു മാററാവുന്ന പ്രാഥമികാവസ്ഥയിൽതന്നെ തൊഴിലാളികളുടെ രോഗം കണ്ടുപിടിക്കുകയും ചെയ്യുന്നു.

1954 ശരൽക്കാലത്തു്, മോട്ടോർവക്ക്സിലെ ചികിത്സകന്മാർ ഇൻറസ്ട്രിയൽ ഹൈജിൻഇൻസ്റ്റിററ്യൂട്ടിൻെറ സഹായത്തോടെ ഒന്നാംനമ്പർ ഫൌണ്ടറിയിലെ എല്ലാ തൊഴിലാളികളേയും പരിശോധിച്ചു. വെറും പരിശോധനയല്ല; കൂടെ എക്സ്റേ–ലേബറട്ടറി പരീക്ഷണങ്ങളുമുണ്ടു്.

ആ പരിശോധനയുടെ ഫലമായി ഏതാനും പേർ ആരോഗ്യം ക്ഷീണത്തിലാണെന്നു കണ്ടു. ഉടൻതന്നെ മാനേജ്മെണ്ടു് അവരെ കൂടുതൽ എളുപ്പമുള്ള ജോലികളിലേക്കു്

മാററി. പക്ഷേ, ഡോക്ടർമാർ അവരുടെമീതെ തുടർച്ചയായ, സവിശേഷമായ, ഒരു ശ്രദ്ധ കേന്ദ്രീകരിക്കുകയായിരുന്നു. അവരിൽപ്പലരും, അധികം കഴിയും മുമ്പേതന്നെ, ആരോഗ്യ സങ്കേതങ്ങളിലേക്കയക്കപ്പെട്ടു.

അങ്ങിനെ ആരോഗ്യസങ്കേതത്തിലേക്ക് പോയവരിൽ ഒരാളായിരുന്നു പോററർ നിക്കോളായ് കോബോ. വയററിൽ നീരിറക്കമായിരുന്നു അയാൾക്കു രോഗം. ഇതു കൂടുതൽ ഗൌരവതരമായ കുഴപ്പത്തിന്നിടയാക്കരുതെന്ന നിർബ്ബന്ധത്തോടെ, ഡോക്ടർമാരയാളെ കാക്കസസ്സിലെ ഷെൽഡ്നഭോക്ക് സാനിട്ടോറിയത്തിലേക്കയച്ചു.

അതിൻെറ ചിലവിൽ 30 ശതമാനമൊഴിച്ച് ബാക്കിയെല്ലാം സോഷ്യൽ ഇൻഷ്വറൻസ് ഫണ്ടാണ് വഹിച്ചതു്. ഷോപ്പ് കമ്മിററി അയാളുടെ റെയിൽവെച്ചാർജ്ജും കൊടുത്തു.

തികച്ചും സുഖമായി അയാൾ പുറത്തുവന്നു. ഒരു മാസമേ അയാൾക്കവിടെ താമസിക്കേണ്ടിവന്നുള്ളു. അതിൽപിന്നെ അയാൾക്കു് ഡോക്ടർമാരുടെ ആവശ്യവും വേണ്ടിവന്നില്ല.

1953–ൽ എട്ടിലൊന്നുകണ്ടു എല്ലാ കാറുതിൽത്താതാക്കളും സാനട്ടോറിയങ്ങളിലോ മററു സുഖവാസമന്ദിരങ്ങളിലോ ആണു അവരുടെ അവധികാലം കഴിച്ചതു്. 1954–ൽ അതു ഏഴിലൊന്നായി. ആരോഗ്യസങ്കേതത്തിലേക്കയയ്ക്കപ്പെട്ട അവരിൽ പലരുടേയും മുഴവൻ ചിലവും നടത്തിയതു സോഷ്യൽ ഇൻഷ്വറൻസുഫണ്ടിൽനിന്നുമായിരുന്നു.

## ഫാക്ടറിക്കടുത്തുതന്നെ സ്വന്തം സാനിട്ടോറിയം

വർക്സിന്നടുത്തുതന്നെ വർക്സ്കമ്മിററിയുടെ വകയായി അതിൻെറ സ്വന്തം നൈററ് സാനിട്ടോറിയമുണ്ടു്. മുമ്പു

വർക്കു് ആഫീസ്സായിരുന്ന ഈ വലിയ കെട്ടിടം വർക്കു് കമ്മിററി മാനേജ്മെണ്ടിൽനിന്നു വിട്ടുവാങ്ങിക്കുകയാണുണ്ടായതു്.

അതിഥികൾക്കുള്ള അനവധി മുറികളും ഫിസിയോതെറാപ്പിയടക്കമുള്ള സകലവൈദ്യശാലകളും ഇന്നവിടെയുണ്ടു്.

ചിലർ 30 ശതമാനം ചിലവുകൊടുക്കേണ്ടിവരും; പക്ഷെ അതിലെത്രയോ അധികംപേർ യാതൊന്നും കൊടുക്കേണ്ടാത്തവരായിരിക്കും. ഭക്ഷണം, ഉല്ലാസസൌകര്യം, ആവശ്യമായിവരുന്ന വൈദ്യസഹായം—ഇതെല്ലാം സാനിട്ടോറിയംതന്നെ വഹിക്കുന്നു. പല തൊഴിലാളികളും പണികഴിഞ്ഞു നേരെ ആ ബൈററ് സാനിട്ടോറിയത്തിലേക്കു കയറിവരികയും ഒഴിവുസമയം മുഴുവൻ അവിടെ കഴിക്കുകയുമാണു പതിവ്.

1954-ൽ ഇങ്ങിനെ 2500 പേർക്കു് അവിടെ അവസരം കിട്ടി. അവരെല്ലാംതന്നെ തങ്ങളുടെ ആരോഗ്യകാര്യത്തിൽ ഗണ്യമായ തോതിൽ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു.

തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി അഹോരാത്രം പ്രവൎത്തിക്കുന്ന മറെറാരു സ്ഥാപനംകൂടിയുണ്ടു അവിടെ; ഡോക്ടർമാരുടെ കുറിപ്പനുസരിച്ചുള്ള പ്രത്യേക ഭക്ഷണം നൽകുന്ന ആഹാരശാല.

ഇതിൻേറയും നടത്തിപ്പിന്നും പുരോഗതിക്കുംവേണ്ടി സോഷ്യൽ ഇൻഷ്വറൻസ് നല്ലൊരു തുക നീക്കിവെക്കുന്നു. 1954-ൽ 3000 പേർക്കു ഇവിടെ വന്നു ഭക്ഷണംകഴിക്കാൻ വർക്കു്കമ്മിററി അവസരം നല്കി. ഡോക്ടർമാരുടെ കുറിപ്പനുസരിച്ചാണു പാസ്സുകൊടുക്കുക.

'ഗാസ്ട്രിക്ക് ട്രബിള്'കാരുടെ എണ്ണം ഗണ്യമായതോതിൽ വെട്ടിക്കുറയ്ക്കാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ടെന്നു വർക്കു്

കമ്മിററിയുടെ പ്രത്യേക ഡോക്ടർ കണക്കുകളുണ്ടാക്കിച്ചു എടുത്തു പറയുന്നു.

## സോഷ്യൽ ഇൻഷുറൻസ് പ്രതിനിധി

രോഗികളും ക്ഷീണിതരും വലിയ കുടുംബങ്ങളുള്ളവരുമായ വർക്ക്സ് ജീവനക്കാരുടെ കാര്യത്തിൽ ട്രേഡ്യൂണിയൻ സംഘടകന്മാർ ഒരു പ്രത്യേകശ്രദ്ധതന്നെ കാണിക്കുന്നു.

എന്നാൽ സോഷ്യൽ ഇൻഷുറൻസ് കൌൺസിലിൻെറ ഡിപ്യൂട്ടിചെയർമാനായ മോറോസോവിനും മററംഗങ്ങൾക്കും ഫാക്ടറിയിലുള്ള 10,000 തൊഴിലാളികളിൽ എല്ലാവരേയും നേരിട്ടറിയാൻ കഴിയുകയില്ലല്ലോ. അതുകൊണ്ടു ഓരോ ട്രേഡ്യൂണിയൻ ഘടകവും അതിൻേറതായ ഒരു പ്രത്യേക സോഷ്യൽ ഇൻഷുറൻസു പ്രതിനിധിയെ തിരഞ്ഞെടുക്കുകയാണ് പതിവ്. അയാൾ സ്വാഭാവികമായും കൂടെയുള്ളവരുടെ കാര്യമറിയുമല്ലോ. ഈ നിലയിൽ ഓരോ തൊഴിലാളിക്കും വേണ്ടതായ, ഫലപ്രദമായ, സഹായം യഥാസമയം ലഭിക്കുന്നു.

ഫൌണ്ടറിലെ മോൾഡേഴ്സ് ബ്രിഗേഡിൻെറ പ്രതിനിധിയായ വീരാഫേഡൊററാഷിയകയ എട്ടത്തോളു: തൻെറ സഹപ്രവർത്തകരിലും സഖാക്കളിലും ആരെയെങ്കിലും അവിടെ കാണാതായാൽ അവരുടയെ അറിയില്ലേ അതു്. തുടർന്നു് അയാളെ കണ്ടുപിടിക്കലും അവർക്കു വലിയൊരു ശ്രമമാവില്ല.

രോഗിയായ തൊഴിലാളി തനിച്ചാണു താമസിക്കുന്നതെങ്കിൽ വേഗം പോയി ഡോക്ടറെ വിളിച്ചുകൊണ്ടുവരുന്നതും രോഗിക്കു സഹായത്തിനാളെ നിർത്തുന്നതും ഒക്കെ

അവരാണ്. ഇനി അതല്ല കുടുംബത്തോടുകൂടിയാണ അയാളുടെ താമസമെങ്കിൽ കുടുംബത്തിന്നെല്ലാമാവശ്യമുണ്ടെന്നാവും അവരുടെ അന്വേഷണം. പണം വേണോ— എങ്കിൽ ഇതാ വരുന്നു വർക്ക്സ് കമ്മിററിയിൽനിന്നു അതും.

ഏതുനിലയ്ക്കു നോക്കിയാലും സോഷ്യൽ ഇൻഷുറൻസ് പ്രതിനിധി ചുററുമുള്ള എല്ലാവരുടേയും ആദരകേന്ദ്രമാവും.

## ശിശുസംരക്ഷയിൽ ഏററവും ശ്രദ്ധ

വർക്ക്സിലെ പകുതിയിലധികംപേരും കുഞ്ഞുങ്ങളുള്ളവരാണ്. ആ കുഞ്ഞുതലമുറയുടെ എണ്ണമാണെങ്കിലോ, കൊല്ലംതോറും അധികരിക്കുകയുമാണ്.

ഇക്കൂട്ടത്തിലുള്ള സ്കൂൾകുട്ടികളുടെ എണ്ണവും വദ്ധിച്ചുംകൊണ്ടിരിക്കുമല്ലോ. ഏഴുവഷ പാഠശാലാവിദ്യാഭ്യാസം മുഴമിച്ചവരെല്ലാം നേരെ പത്തു വഷക്ലാസ്സുകളിലേക്ക് ചെല്ലുന്നു.

സ്കൂൾവയസ്സെത്താത്തവരും അല്ലാത്തവരുമായ എല്ലാകുട്ടികളുടേയും കാര്യം ട്രേഡ്യൂനിയൻ സംഘടന ഏററവും പ്രധാനമായ ഒരു ജോലിയായി കണക്കാക്കുന്നു. ഇയ്യിടെയാണ് വർക്ക്സ്കമ്മിററി ഒരു പ്രത്യേക ശിശുകമ്മിഷൻ സംഘടിപ്പിച്ചതു്. അതേററവുമധികം ജോലിത്തിരക്കിലുമാണ്

3000-ത്തിലധികം കുഞ്ഞുങ്ങൾ 'കിൻറർഗാർഡൻ' കേന്ദ്രങ്ങളിലുണ്ട്. ജോലിക്കാരായ അമ്മമാർക്കും തൊഴിലാളികളുടേയും മററും ഭാര്യമാർക്കും തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുന്ന കാര്യത്തിൽ ഇതൊരു വലിയ സഹായമാണ്. അതിന്നും പുറമേ, നന്നേ ചെറുപ്പം മുതല്ക്കുതന്നെ പാട്ടിലും

ന്നത്തിലും മററുമുള്ള കുഞ്ഞുങ്ങളുടെ കലാപരമായ കഴി വുകൾ കണ്ടറിഞ്ഞ് അവരെ ആ നിലക്ക് വളർത്തുകയും ചെയ്യുന്നു, തികഞ്ഞ പരിശീലനമുള്ള അദ്ധ്യാപകവൃന്ദം.

ഇതിൻെറ ചിലവ് നിസ്സാരമാണ്; കൂടുതൽ 'കിൻറർ ഗാർഡ'നുകൾക്കുവേണ്ടി വർക്സ്കമ്മിററി മാനേജുമെണ്ടിനെ നിർബ്ബന്ധിക്കുകയുമാണ്.

വേനൽക്കാലത്ത് വർക്സ്കമ്മിററിയുടെതന്നെ ആഭി മുഖ്യത്തിൽ, നാട്ടിൻപുറങ്ങളിൽ സ്കൂളിൽ പോകുന്നവരും അല്ലാത്തവരുമായ കുട്ടികൾക്കുവേണ്ടി പ്രത്യേക സുഖവാസ മന്ദിരങ്ങൾ സംഘടിപ്പിക്കുന്നു. പ്രകൃതിരമണീയമായ സെൽ ടയാണി ഗൊറോഡ് (പച്ചനഗരം) ലും ഒറാനോക്കാ ഗ്രാമത്തിലും ഓക്കായുടെ തീരത്തിലുമൊക്കെ ഇതിന്നായി പ്രത്യേകം കോട്ടേജുകൾ കെട്ടിയിട്ടുണ്ട്

വിവിധതരം കളികളും സാങ്കേതികവും സാംസ്കാരിവ മായ പഠനവും നദിയിലെ കുളിയും സമീപപ്രദേശങ്ങളി ലേക്കുള്ള ഉല്ലാസയാത്രയും മററും മററുമായി കാറ്ഖാനിമ്മാതാ ക്കളുടെ 6,000ത്തോളം കുഞ്ഞുങ്ങൾ വേനൽക്കാലം മുഴുവൻ ഇവിടെ കഴിച്ചുകൂട്ടുന്നു; അഥവാ കളിച്ചുകൂട്ടുന്നു.

ഉത്സാഹപൂർവ്വംതന്നെ രക്ഷിതാക്കൾ കുഞ്ഞുങ്ങളെ അങ്ങോട്ടയക്കുന്നു. പലർക്കും ചുരുക്കനിരക്കനുവദിച്ചുകിട്ടാ റുണ്ട്. ഇതിന്നാവശ്യമായിവരുന്ന ചിലവ മാനേജുമെണ്ടും (സ്പെഷൽഫണ്ട്)വർക്ക്സ്കമ്മിററിയും കൂടിയാണു വഹി ക്കുക.

പട്ടണപ്രാന്തങ്ങളിലുള്ള ഈ കുഞ്ഞുങ്ങളുടെ സുഖവാ സകേന്ദ്രങ്ങൾ ഇന്നു തീരെ പോരാതിരിക്കുകയാണ്. അതു കൊണ്ട് പട്ടണത്തിലെ വലിയ പാർക്കുകളിലും തോട്ടങ്ങ

ളിലുമായി വർക്ക്സ്കമ്മിററി ഏഴ് വേനൽക്കാല-വെക്കേഷൻ സെൻററുകൾ സ്ഥാപിച്ചിരിക്കുന്നു.

വർക്ക്സ്കമ്മിററിതന്നെ, മുതിർന്ന കുട്ടികൾക്കു വോൾഗാ മുതൽ ആസ്ട്രഖാൻവരേയും അവിടുന്നിങ്ങോട്ടുമുള്ള ദീർഘയാത്രയും അതിനുവേണ്ട കപ്പൽ-ബോട്ടുകളും സംഘടിപ്പിക്കുന്നു. ഈ ഒഴുകുന്ന ഒഴിവുദിവസങ്ങളുടെ ചിലവും സ്പെഷൽഫണ്ടിൽനിന്നു കിട്ടും.

വേനല്ക്കാലത്തു മാത്രമല്ല വർക്ക്സ്കമ്മിററി കുഞ്ഞുങ്ങളെ കുറിച്ചോർക്കുന്നതു്. സ്കൂളുകളിൽ പല സാങ്കേതിക-പഠന കേന്ദ്രങ്ങളും അവിടെ വേണ്ട ഉപകരണങ്ങളും സംഘടിപ്പിച്ചിട്ടുണ്ടു് അതു്. എല്ലാ ഞായറാഴ്ചയും രാവിലെ കുട്ടികൾക്കായി മാത്രമുള്ള കൺസർട്ടുകളും സിനിമയും, ക്ലബ്ബുകൾതോറും 'കുഞ്ഞുങ്ങൾക്കുള്ള മുറി'യും ഇതിന്നുപുറമേയാണു്. കുഞ്ഞുങ്ങൾ തങ്ങളുടെ ഒഴിവുസമയങ്ങളിൽ ഒരു നല്ല ഭാഗം ഈ ക്ലബ്ബുകളിൽ ചിലവഴിക്കുന്നു.

ന്യൂ ഇയർ മരങ്ങളും മറ്റലങ്കാരങ്ങളുംകൊണ്ടു നിറഞ്ഞ സിനിമാ-കൺസർട്ടുഹാളിലും ക്ലബ്ബുകളിലും നടക്കുന്ന നവവഷസന്ധ്യാ സമ്മേളനങ്ങളിലും പാർട്ടികളിലുംവെച്ചു് പാതിരിയച്ചൻ അവർക്കു പാരിതോഷികങ്ങൾ വിതരണം ചെയ്യും.

## ഒരു തൊഴിലാളിയുടെ വീട്ടിൽ

നമ്മുടെ ഈ വർക്ക്സ്ജീവിതകഥയുടെ ആരംഭത്തിൽ ഒരു പഴയ തൊഴിലാളിയായ ഫിററർ സിഡോറെങ്കോവിനെപ്പററി പറകയുണ്ടായല്ലോ. ഞങ്ങൾക്കു അയാളുമായി ഒന്നു വിസ്തരിച്ചു സംസാരിക്കണമെന്നുണ്ടായിരുന്നു. ജോലിസമയം നഷ്ടപ്പെടുത്താൻ തയ്യാറാവാത്ത അയാൾ, അതേസ

മയം അങ്ങേയററത്തെ ആദരപൂർവ്വം, ഞങ്ങളെ തൻെറ വീട്ടിലേക്കു ക്ഷണിച്ചു.

"ഞാൻ താമസിക്കുന്നതു കിറോവ്നിരയുടെ 42-ാം കെട്ടിടത്തിലാണ്. നാളെ, ഞായറാഴ്ച, ഉച്ചതിരിഞ്ഞു ദയവായൊന്നു വരാമോ അവിടെ?"

മൊളോട്ടോവ് മോട്ടോർവർക്സിലെ ഒരു സാധാരണ തൊഴിലാളിയുടെ കുടുംബജീവിതത്തെ നേരിട്ടു കാണാനുള്ള ആ ക്ഷണം ഞങ്ങൾ ഉത്സവപൂർവ്വം സ്വീകരിച്ചു.

പുതിയ പട്ടണത്തിലെ ഒരു ഊക്കൻ അഞ്ചുനിലക്കെട്ടിടമാണ് അതു്. വല്യ നടക്കാവും ക്രസ്നോഡൻറിസി തെരുവും തമ്മിൽ കൂട്ടിമുട്ടുന്ന സ്ഥലത്താണ് അതിമനോഹരമായ ആ നിരക്കെട്ടിടം.

നാലാം നിലയിലാണ് നിഡോറെങ്കോവിൻെറ ഫ്ളാററ്. വാതില്ക്കലുള്ള മണിത്തട്ടിൽ ഞങ്ങൾ വിരലമർത്തിയ ഉടനെത്തന്നെ ഉല്ലാസവതിയും അദ്ധ്വാനശീലയുമായ ഒരു സ്ത്രീയുടെ യുവത്വം നിറഞ്ഞ മുഖം വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു.

"ദയവായി അകത്തുവരണം"

പുറകിൽ നാലഞ്ചു വയസ്സുവരുന്ന ഒരു കൊച്ചുബഹളക്കാരനുമായി ഗൃഹനാഥൻ ഞങ്ങളെ സ്വീകരിക്കാൻ വ്യഗ്രതപ്പെട്ടു.

വിശാലമായ ഒരു വരാന്തമുറിയിലേക്കാണ് ആദ്യമായി ഞങ്ങൾ ആനയിക്കപ്പെട്ടതു്. ജനാലയില്ലായിരുന്നുവെങ്കിലും, ഗ്ലാസിട്ട വാതിലുകൾവഴി മുറിനീളെ പ്രകാശം പരന്നിരുന്നു.

പിന്നെ ഞങ്ങൾ സ്വീകരണമുറിയിലേക്കു ചെന്നു. വീട്ടുചെടികൾ വളർന്നുമുററിയ, നിറയെ വീട്ടുസാമാനങ്ങ

ളുള്ള, ഒരു മുറി. ഈ ചെടികളിൽ പലതും തട്ടിൻപുറത്തോളം പടന്നുകേറി അവിടെ ഒരു ലതായികുഞ്ജത്തിൻെറ പ്രതീതിയുളവാക്കി.

അട്ടത്തതു തീൻമുറിയും അതിനപ്പുറത്തതു കിടപ്പറയുമായിരുന്നു. എല്ലാററിലും വലിയ മുറിയതായിരുന്നു: മൂന്നു കട്ടിലും ഒരു സോഫയും, ഉട്ടപ്പലമാരയും മററുമുണ്ടു അവിടെ

"ഞങ്ങളുടെ ഈ ഫ്ളേററ് 60 ചതുരശ്രമീററാണ്." ആതിഥേയൻ പറഞ്ഞു: "പുറമെ ഒരു കലവറയും വരാന്തയും ബാത്ത്റൂമുമൊക്കെയുണ്ട്. എൻെറ കുട്ടംബത്തിനു ധാരാളമാണിതു്."

"വാടകയെന്താ?" ഞങ്ങളാരാഞ്ഞു

"എൻെറ ശമ്പളത്തിൻെറ ആറുശതമാനത്തിലും അല്പം കൂട്ടതൽ".

1200മുതൽ 1300 റൂബിൾവരെ അദ്ദേഹം മാസംതോറും നേടിയിരുന്നുവെന്നു ഞങ്ങൾ മനസ്സിലാക്കി. നാലു മക്കളുണ്ട്. അതിൽ മൂത്ത വിദാനു് (ഞങ്ങളാദ്യം സൂചിപ്പിച്ചിരുന്നല്ലോ) സ്വന്തം നിലക്കു 800 റൂബിൾ വരവുണ്ടു മാസം.

ഇതിനെല്ലാം പുറമെ, തൻെറ മാതൃകായോഗ്യമായ സേവനത്തിന്നു, വർക്കിലെ സ്പെഷൽഫണ്ടിൽനിന്നു പലതവണ ആ കുട്ടംബനാഥനു പ്രീമിയവും ബോണസ്സും ലഭിക്കുന്നു. 1954ൽ 500റൂബിൾ പ്രീമിയം കിട്ടി

"കുടുംബത്തിന്നാവശ്യമായത്ര വരുമാനമായോ അപ്പോൾ?" ഞങ്ങൾ ചോദിച്ചു.

"ആരും എത്ര കിട്ടിയാലും അതുകൊണ്ടു തൃപ്തിപ്പെട്ടകയില്ലല്ലോ. ഒന്നു ഞാൻ സമ്മതിക്കാം. ഇക്കൊല്ലം കഴിഞ്ഞ കൊല്ലത്തേക്കാളും ഏറെ നന്നായിരുന്നു; കഴിഞ്ഞകൊല്ലം

അതിൻെറ മുമ്പത്തെക്കൊല്ലത്തേക്കാളും. ഭാവിയിലും ഇങ്ങിനെതന്നെ പോകും. അതുപോരെ?"

ആ വീട്ടിന്നകത്തിരുന്ന സാധനങ്ങളിലേക്കു പൊതുവേ ഒന്നു കണ്ണോടിച്ചാൽ മാത്രം മതി, അവരെന്തു മാത്രം ഉയർന്നൊരു സുഖജീവിതമാണ് അവിടെ നയിക്കുന്നതെന്നു മനസ്സിലാക്കാൻ.

അവിടെ വരാന്തയിൽ രണ്ടു സൈക്കിളും അകത്തെ സ്റ്റാൻഡിൽ വിലപ്പെട്ട പല കോട്ടുകളും ഞങ്ങൾ കണ്ടു. ഇഷ്ടത്തിനൊത്തും തികച്ചും പരിഷ്കൃതമായും ഇരുന്നു അവരുടെ വസ്ത്രധാരണം. അതിഥിമുറിയിലെ പച്ചപ്പട്ടർപ്പുകൾക്കുള്ളിലിരുന്നു റേഡിയോ ഒലിഞ്ഞുനോക്കി. ഞങ്ങളെ സ്വീകരിക്കാനെത്തുന്നവരേയും ഇരുന്നു തയ്ക്കുകയായിരുന്ന കുടുംബനാഥയുടെ തയ്യൽയന്ത്രം അതേ നിലയിലിരിപ്പുണ്ടായിരുന്നു, ഡൈനിങ്ങ്റൂമിൽ.

ഒരു കായ്കനിത്തോട്ടമുണ്ടാക്കാൻ വേണ്ട സ്ഥലത്തിനപേക്ഷിക്കാനിരിക്കയായിരുന്നു സിഡോറെങ്കോവ്. തോട്ടവും വേനൽക്കാലകോട്ടേജും അതു കിട്ടുമെന്നതും തീർച്ചയാണ്. അതെങ്ങിനെ ഒരുക്കണമെന്നതാണ് പുള്ളിയുടെ ആലോചനയിപ്പോൾ.

അയാൾ പറഞ്ഞു. "ഞാനിതുവരെ അതിനപേക്ഷിച്ചില്ല. കാരണം, എൻെറ ആരോഗ്യത്തെപ്പററി എനിക്കു വലിയ തീർച്ചയില്ലായിരുന്നു."

1952 ൽ സിഡോറെങ്കോവ് തീരെ കിടപ്പിലായി: ന്യൂമോണിയാ. വീട്ടിലും വർക്ക്സ്ഹോസ്പിററലിലുമായി ആറാഴ്ച കിടന്നു. ഈ കാലമത്രയും ചികിത്സ സൌജന്യമായിരുന്നു.

സുഖക്കേടായിരുന്ന സമയത്തു് അത്രയും കാലത്തെ വരുമാനത്തിനു തുല്യമായ ഒരു സംഖ്യ 1700 റൂബിൾ, സോ

ഷ്യൽ ഇൻഷ്വറൻസ് ഫണ്ടിൽനിന്നു അയാൾക്കനുവദിച്ചു കിട്ടി. സുഖക്കേടു മാറിയ ഉടനെ സൌജന്യമായിത്തന്നെ അയാൾ സാനിട്ടോറിയത്തിലേക്കയക്കപ്പെട്ടു. പിന്നീടും അയാൾ സാനിട്ടോറിയത്തിലേക്കു പോയി. അപ്പോഴും എഴുപതുശതമാനം ഇളവും യാത്രാച്ചിലവും അയാൾക്കു കിട്ടി.

"ഇക്കഴിഞ്ഞ മൂന്നു കൊല്ലത്തിനിടക്ക് എൻെറ ആരോഗ്യവിഷയത്തിൽ സ്റ്റേററിൽനിന്നും ട്രേഡ്യൂനിയനിൽനിന്നുമായി എനിക്കു കിട്ടിയ തുക ഒട്ടാകെ നോക്കുകയാണെങ്കിൽ 10,000 റൂബിളാവും." സിഡോറെങ്കോവ് തുടന്നു: "ആറാഴ്ചത്തെ ആസ്പത്രിച്ചിലവ്, താല്ക്കാലിക കഴിവില്ലായ്മ വേതനം, മൂന്നു തവണത്തെ സാനിട്ടോറിയച്ചിലവ്, എൻെറ യാത്രാകൂലി—അതെ 10,000 റൂബിൾ—എൻെറ 8 മാസത്തെ വരുമാനം."

ഈ സംഖ്യ ഞങ്ങളെ ശരിക്കും ഒന്നു ചിന്തിപ്പിക്കുക തന്നെചെയ്തു. സിഡോറെങ്കോവും അതു കണ്ടു: "എൻേറയും ഇന്നത്തെ ഈ ചുററുപാടിൻേറയും സ്ഥാനത്തു, ആരും ശ്രദ്ധിക്കാനില്ലാത്ത ഒരു സാധാരണ തൊഴിലാളിയും അമ്മാതിരി ചുററുപാടുമായിരുന്നെങ്കിൽ ഞാനും എൻെറ കുടുംബവും ഇന്നു വല്ലാതെ വിഷമിച്ചേനെ.... ഇന്നു ഞാൻ തികച്ചും 'ഷിററായി' തോന്നുന്നു. ഇനി സമയം കളയാതെ ആ തോട്ടത്തിൻെറ പണിതുടങ്ങണമെന്നും."

"എല്ലാം പറഞ്ഞില്ല, അലക്സാണ്ടർ" അദ്ദേഹത്തിൻെറ ഭാര്യ ഓർമ്മപ്പെടുത്തി. "നാലാം ഗ്രെയ്ഡിലായ ഞങ്ങളുടെ കുട്ടി അൽബിനാ എല്ലാ വേനൽക്കാലത്തും കുഞ്ഞുങ്ങളുടെ സുഖവാസസ്ഥലത്തു പോകുന്നു. ഒരിക്കലും ചിലവിൻെറ മൂന്നിലൊന്നല്ലാതെ ഞങ്ങൾ കൊടുത്തിട്ടില്ല."

അതിലിടക്കുതന്നെ കുടുംബനാഥ കാപ്പി കാലാക്കി വന്നു. "എന്തെങ്കിലും പാകം ചെയ്യാൻ എലക്ട്രിക്ക് സ്റ്റൌ

ആവുമ്പോൾ വലിയ നേരംവേണ്ട. ഇനിയിപ്പോൾ ഉടനെ തന്നെ ശ്വാസ് ഖരുമെന്നല്ലെ പറയുന്നെ?"

"വെറുതെ പറയുകയല്ല." കൂടുതൽ വിവരമുള്ള ഭർത്താവ് ഇടയിൽ കയറിപ്പറഞ്ഞു. "അതു നേരാണ്. പൈപ്പുലയിൻ ഇട്ടു തുടങ്ങി".

സിഡോറെങ്കോവ് ഷോപ്പ്കമ്മിററിയംശമായിരുന്നു. ഭവനനിർമ്മാണ-ക്ഷേമാന്വേഷണ കമ്മീഷനിലായിരുന്നു അദ്ദേഹത്തിൻെറ ഉത്തരവാദിത്വം. ആ സ്ഥിതിക്ക് പുതിയ പട്ടണത്തിൻെറ ജീവിതനിലവാരത്തിൽ വരുന്ന അഥവാ വരുത്തേണ്ട മാറ്റങ്ങളെപ്പററി മററാരേക്കാളുമധികം അയാളായിരിക്കുമല്ലോ അറിയുക.

മൂന്നു കൊല്ലം മുമ്പ്, തങ്ങൾ താമസിക്കുന്ന ആ നിരക്കെട്ടിടത്തിൽ ഒരു പുതിയ പലവ്യഞ്ജനക്കടയും ഡിപ്പാർട്ടുമെണ്ടുസ്റ്റോറും വരാൻ പോകുന്നുണ്ടെന്നു വീട്ടിലും അയൽപക്കങ്ങളിലും ആദ്യം പറഞ്ഞതു് അയാൾതന്നെയായിരുന്നു. പിന്നെ അധികം താമസമുണ്ടായില്ല. അതിൻെറ പ്രവർത്തനമാരംഭിക്കാൻ.

തുടർന്നു അവിടെത്തന്നെ പച്ചക്കറിക്കട, ചെരിപ്പുകട, തുണിപ്പീടിക, ഫലവർഗ്ഗഷാപ്പ്, കളിക്കോപ്പുകട ഇങ്ങിനെ പലതും ആരംഭിക്കപ്പെട്ടു. തൊട്ടടുത്തു കുട്ടികൾക്കുള്ള ഒരു സംഗീതവിദ്യാലയവും പോസ്റ്റാഫീസുംകൂടി അവിടെ തുറക്കപ്പെട്ടു, നൗൺ അധികൃതരുടെ വക.

സിഡോറെങ്കോവ് സാധാരണയായി തൻെറ ഒഴിവുദിവസം കുടുംബത്തിൻെറ കൂടത്തന്നെയാണ് കഴിച്ചുകൂട്ടുക.

പക്ഷെ അതു വീട്ടിൽതന്നെയായിരിക്കണമെന്നില്ല. ഞങ്ങളവിടെ ചെന്നു കേറിയ ദിവസം താൻ കുടുംബാംഗങ്ങളേയും കൊണ്ടു പാർക്കിലേക്കു പുറപ്പെടാതിരിക്കയായിരുന്നു. ഭീമമായ ആ കെട്ടിടത്തിന്റെ അടുത്തുനിന്നാരംഭിച്ചു ടൌണും വിട്ടു വളരെ ദൂരം നീണ്ടുകിടക്കുന്ന ആ പാർക്കിലേക്ക്.

ഉല്ലാസപ്രദമായ ഒരൊഴിവുദിവസമാശംസിച്ചുകൊണ്ടു ഞങ്ങളാകുടുംബത്തോട് വിടവാങ്ങി.

---

# വിസിലൂതി—ഇനി

## ഷോപ്പുകളിലും സാംസ്കാരികകേന്ദ്രങ്ങൾ

ട്രാംസ്റ്റോപ്പിൽവെച്ച പരസ്യം കണ്ട അങ്ങോട്ട ചെന്ന മിഖനോവിനെ മൊളോട്ടോവ് മോട്ടോർവർക്കിൻെറ പ്രസിദ്ധി മാത്രമല്ലായിരുന്നു അന്നേരം ആകഷിച്ചതു്. സുഖകരവും സംസ്കാരപൂർണ്ണവുമായ ഒരു ജീവിതമാണ് അവിടെയുള്ള തൊഴിലാളികൾ മുമ്പുതന്നെ നയിച്ചിരുന്നതെന്നു പത്രദ്വാരാ അയാളറിഞ്ഞിരുന്നു. അവരുടെ നാടകപരിപാടികൾ, കലാപ്രദർശനങ്ങൾ, ഫുട്ബോൾടീമുകൾ, മോട്ടോർ—സൈക്കിൾചാമ്പിയന്മാർ തുടങ്ങി പലതും അയാളെ ആകർഷിച്ചു. അങ്ങേയററം അതിൽ ഭ്രമിച്ചു വശായി...... മൊളോട്ടോവ് മോട്ടോർവർക്സ് തന്നെ തിരഞ്ഞെടുത്ത അയാൾക്കു അതെല്ലാം സത്യവും സാദ്ധ്യവുമാണെന്നു ബോദ്ധ്യമാകാൻ അധികസമയം വേണ്ടിവന്നില്ല.

ഒരു ഗിയർ–കട്ടറും അതേസമയംതന്നെ യുവാവും പുതിയൊരതിഥിയുമായ ലേവ്ബാൾഡിക്കിനുമായി അവൻ വളരെ വേഗം ചങ്ങാതിത്തംകൂടി. തങ്ങൾ പണിയെടുക്കുന്ന ഷോപ്പിൻെറതന്നെ ഭാഗമായി ചതുരംഗം, ബില്ല്യാർഡ്സ്, സോമിനസ് തുടങ്ങി മിക്കളും കളിക്കാവുന്ന റിക്രിയേഷൻറൂമുകളും ഏതു പത്രവും പുസ്തകവും ചൂടോടെ വായിക്കാൻ കിട്ടുന്ന ട്രേഡ്യൂനിയൻലൈബ്രറികളുമുണ്ടെന്നറിയുക ആ യുവസഖാക്കൾക്കു ഏററവുമധികം ആഹ്ലാദകരമായിരുന്നു.

ഷോപ്പുകളിലും തൊഴിലാളിയുവാക്കൾ താമസിക്കുന്ന വീടുകളിലുമായി നൂറോളം വിനോദ–സാംസ്കാരികകേന്ദ്രങ്ങളുണ്ട്, വക്ക്സിൻെറ വകയായിട്ട്.

പക്ഷേ ആ ചെറുപ്പക്കാർക്കു മററു ചിലതുകൂടി വേണമായിരുന്നു. അതിനായി അവർ തങ്ങളുടെ ഡിസ്ട്രിക്ടിൽപ്പെട്ട മററു ക്ലബ്ബുകളിലെ 'നിത്യ'രായി പുതിയ സിനിമാഫിലിമുകളും യുവതൊഴിലാളികൾക്കായുള്ള സായംകാലവിരുന്നുകളുമായിരുന്നു അവിടത്തെ ആകർഷകത്വം.

ടിഖനോവിനു ഡാൻസിഷ്ടമായിരുന്നു. അതനുസരിച്ചു അയാൾ നൃത്തംചെയ്യുന്നതിന്നായി വർക്കു് പാർക്കിലേക്കു പോയി. നേരെമറിച്ചു ബാൾടികിനാവശ്യം സ്പോർട്ട്സായിരുന്നു. ക്ലബ്ബിനെ അപേക്ഷിച്ചു കുറച്ചു ദൂരെയായിരുന്നു ആ സ്പോർട്ട്സ്ഗ്രൌണ്ടെന്നിരുന്നാൽപോലും, ബാൾസിക്കിനു ക്രമമായി അവിടെയെത്തണമായിരുന്നു.

ഷോപ്പ് ട്രേഡ്യൂണിയൻകമ്മിററി ഏർപ്പെടുത്തുമായിരുന്ന ഉല്ലാസയാത്രയിലെല്ലാം ആ രണ്ടു കൂട്ടാളികളും ഒരുപോലെ പങ്കെടുത്തു. തൊഴിലാളികൾ കൂട്ടംകൂട്ടമായി, നിരവധി ബസ്സുകളിലായി നാട്ടിൻപുറങ്ങളിലേക്കു പോയി.

വേറെ ചിലർ റോ—ബോട്ടുകളിലും ആവിക്കപ്പലിലും കയറി കടലിലേക്കും.

മറ്റുചിലയവസരങ്ങളിൽ ടിഖനോവും ബാൾഡിക്കിനും കൂടി, മററു നൂറുകണക്കിൽ തൊഴിലാളികൾ തങ്ങളുടെ ഒഴിവുദിവസം ചിലവഴിച്ചിരുന്ന ഓക്കായുടെ വക്കത്തുള്ള ഒററദിവസസുഖവാസമന്ദിരത്തിലേക്കു പോയി. അവിടത്തെ ഭക്ഷണം, വിനോദം തുടങ്ങിയ ആവശ്യങ്ങൾക്കെല്ലാം അവരുടെ നിത്യവരുമാനത്തിന്റെ നാലിലൊന്നുപോലും വേണ്ടിവന്നില്ല. കാരണം സോഷ്യൽ ഇൻഷുറൻസ് ഫണ്ടിൽനിന്നു് വർക്ക്സ്കമ്മിററിയാണ് അതിന്റെ ചുമതല വഹിക്കുന്നത്.

ഈ സ്ഥിതിവിശേഷം, കൂടുതൽക്കൂടുതൽ തൊഴിലാളികളെ, പലപ്പോഴും അവരുടെ കുടുംബാംഗങ്ങളേയും കൂട്ടി അധികമധികം തവണ ഇങ്ങിനെ പുറത്തുപോവാൻ സഹായിക്കുന്നു, പ്രേരിപ്പിക്കുന്നു.

ചുരുക്കത്തിൽ ഞായറാഴ്ചകളിലും ഫാക്ടറിയിൽ വിസിലടിച്ചതിനുശേഷമുള്ള സമയങ്ങളിലും കാർനിർമ്മാതാക്കൾക്കു പുറത്തു പോകാനുള്ള പല സ്ഥലങ്ങളുമുണ്ടു്.

കൺസർട്ട്—സിനിമാഹാളിനു പുറമെ ഏഴ ക്ലബ്ബുകൾ വേനല്ക്കാലമണ്ഡപങ്ങളോടും മറെംകൂടിയ വിശാലമായ തണൽനിറഞ്ഞ പാർക്ക്, കെഫെകളും നൃത്തശാലകളും നാലു സ്പോർട്ട്സ് സ്റ്റേഡിയങ്ങൾ, ജലക്രീഡാസൌകര്യം, എഞ്ചിനിയറിങ്ങുമന്ദിരം തുടങ്ങി പലതും പലതും അവരുടെ നിയന്ത്രണത്തിലാണ്.

മഞ്ഞുകാലത്തു പാർക്കുകളും സ്റ്റേഡിയങ്ങളും സ്കേറിങ്ങ് (മഴതിയോട്ടം) സെൻററുകളായി മാററുന്നു. അതുപോലെ

തന്നെയാണ് ജലാശയവും പട്ടണപ്രാന്തത്തിലുള്ള വിനോദസ്ഥലങ്ങളും.

## വായനക്കാരുടെ ഒരു പുതിയ ലോകം

വായനയിൽത്തന്നെ മുഴുകിയിരിക്കാം വേണമെങ്കിൽ ഒരാൾക്കു തന്റെ മുഴുവൻ ഒഴിവുസമയവും. ക്ലബ്ബുകളിലും ഷോപ്പുകളിലും വലിയ കെട്ടിടങ്ങളിലുമായി 35 ബ്രാഞ്ചുകളുള്ള നാലു വലിയ ലൈബ്രറികൾ വർക്കേഴ്സ് ട്രേഡ്യൂനിയൻ കമ്മിററി നടത്തുന്നുണ്ട്. ദശലക്ഷക്കണക്കിലാണ് ഇവയിലുള്ള പുസ്തകങ്ങൾ.

റീഡിങ്ങ്റൂമുകളിൽ നടക്കുന്ന കൂടക്കൂടെയുള്ള കോൺഫറൻസുകളിൽ പുതിയ നോവലുകളേയും മററുംപററി വായനക്കാർ ചൂടുപിടിച്ച വാദപ്രതിവാദം നടത്തുന്നു. ഷ്യക്കാരും വിദേശീയരുമായ പ്രസിദ്ധ സാഹിത്യകാരന്മാരുടെ വാർഷികദിനങ്ങളിൽ പഠിച്ചുനടത്തുന്ന പ്രസംഗങ്ങളുമുണ്ടാവാറുണ്ട്.

ഒരിക്കൽ ടിഖനോവും ബാൽഡിക്കിനുംകൂടി ഒരു സാഹിത്യമൊറി (കാപ്പിക്കു ചുററുമിരുന്നുള്ള സാഹിത്യസല്ലാപം) കുപോവുകയും അവിടെ ഫീൽഡിങ്ങിനെക്കുറിച്ചുള്ള വിശേഷങ്ങൾ ശ്രദ്ധിക്കാനിടയാവുകയും ചെയ്തു. അതുകഴിഞ്ഞ ഉടനെതന്നെ രണ്ടുപേരും ലൈബ്രേറിയന്റെ അടുത്തുചെന്നിരിക്കയാണ്. ഫീൽഡിങ്ങിന്റെ ഗ്രന്ഥങ്ങൾ അതിനുമുമ്പ് വായിച്ചിട്ടില്ലെന്നു ഏററുപറയാനും അതു സമ്പാദിക്കാനും.

ലൈബ്രറിയിലെ വായനക്കാരുടെ കാർഡുകളൊന്നു മറിച്ചുനോക്കാം നമുക്ക്. അതിൽനിന്നറിയുന്നതെന്താണ്? ടിഖനോവ് സ്ഥിരമായി റഷ്യൻക്ലാസ്സിക്കുകൾ വായിക്കുന്നു—പുഷ്കിൻ, ടർജിനീവ്, ഗൊഗോൾ മുതലായവ.

ബാൾഡിക്കിൻെറ നോട്ടം കുറേക്കൂടി വിശാലമാണ്. അയാൾക്കു സോവിയറ്റെഴുത്തുകാരുടെതിനും പുറമെ റോമ യിൻ റോളണ്ട്, ജോർഗെഅമാഡോ, തിയോഡർ ഡ്രൈ സർ തുടങ്ങിയവരുടേയും ഗ്രന്ഥങ്ങൾ വേണം.

## കായികാഭ്യാസികളുടെ എണ്ണം പെരുകുന്നു

ഒരു വലിയ അദ്ധ്വാനത്തിൻെറ അകമ്പടിയോട്ടുകൂടി താനൊരു നല്ല കായികാഭ്യാസികൂടിയാണെന്നു ബാൾഡി ക്കിൻ തെളിയിച്ചിരിക്കുന്നു: കുറച്ചുമാസത്തെ സ്ഥിര പരിശീലനം, അയാളെ വക്ക്സ്ബ്രാഞ്ചിലുള്ള ടോർപ്പീ ഡോസ്പോർട്ട്സ് സൊസൈററിയിലെ മേലേക്കിട അഭ്യാ സികളിലൊരാളായുയർത്തി.

1954ലെ ശരൽക്കാലത്തു, ഗോർക്കിനഗരത്തിലെ പ്രാ ദേശികപത്രസമിതിയുടെ സമ്മാനത്തിന്നുവേണ്ടി നടത്ത പ്പെട്ട സ്പോർട്ട്സ്മൽസരത്തിന്നു അവിടെയുള്ള എല്ലാവരും തന്നെ സാക്ഷികളായിരുന്നു. ആരംഭിച്ചു 20 മിനുട്ടു തികയു ന്നതിന്നു മുമ്പെ വെളുത്ത സ്പോർട്ട്സ് ഷർട്ടു ധരിച്ചു ദൃഢ കായവും വെയിൽകാഞ്ഞ മുഖവുമായി വന്ന ആ ഓട്ടക്കാരൻ സമാപ്തരേഖയിലെത്തുന്നതു കാണായി. മൊളോട്ടോവ് മോട്ടോർവർക്കിലെ ഗീയർകട്ടർ ബാൾഡിക്കിനല്ലാതെ മററാ രുമായിരുന്നില്ല അതു്.

റിലേരേയ്സിലും അയാൾ ഒന്നാമനായിരുന്നു. അയാ ളുടെ സാമർത്ഥ്യമായിരുന്നു അന്നു ആ ടീമിൻെറ വിജയത്തിന്ന ടിസ്ഥാനം. അതു കണ്ടുനിന്ന ടിഖനോവാകട്ടെ മതിമറന്നു ഹസ്തതാഡനം നടത്തുകയും കൂട്ടുകാരനെ ആലിംഗനം ചെയ്യു കയുമുണ്ടായി.

പിന്നീടധികം കഴിയുന്നതിന്നു മുമ്പെ ബാൾഡിക്കിൻ 800 മീററർ ടോർപ്പിഡോ ചാമ്പ്യനായി. എന്തിന്നു തൻെറ

കൂട്ടുകാരൻെറ സ്പോർട്ടുവിരോധത്തെപോലും അയാൾ കീഴടക്കി. ടീഖനോവ് സ്പെട്ടയിങ്ങാരംഭിക്കുകയും വർക്ക്സ് സ്പെട്ടടീമിലെ മിടുക്കനായ ഒരംഗമാവുകയുംചെയ്തു.

തൊഴിലാളികളുടെ ഈ ഒഴിവുസമയപ്രവർത്തനങ്ങൾ ആരാണ് സംഘടിപ്പിക്കുന്നതു്? ആദ്യമായും, നിക്കളോയ് കെസ്സ്ലോവും അദ്ദേഹത്തിൻെറ നിയന്ത്രണത്തിലുള്ള സാംസ്കാരിക കമ്മീഷനുംതന്നെ.

ഓരോ ഷോപ്പിലുമുണ്ടു് കർച്ചറൽ കമ്മീഷൻ, ഓരോ ട്രേഡ്യൂണിയൻ ഗ്രൂപ്പിന്നുമുണ്ടു് അതിൻേറതായ സാംസ്കാരിക സംഘടകൻ. ഓരോ ഷോപ്പിന്നുമുണ്ടു് അതിനെ സഹായിക്കുന്ന സ്പോർട്ട് സംഘടകൻ. സജീവട്രേഡ്യൂനിയൻ പ്രവർത്തകരടങ്ങുന്ന ബോർഡാണ് ക്ലബ്ബുകൾ നയിക്കുന്നതു്.

സാംസ്കാരിക–വിദ്യാഭ്യാസപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാവരുംതന്നെ ട്രേഡ്യൂണിയൻ സംഘടനയും വക്ക്സും അനുവദിച്ചിരിക്കുന്ന വമ്പിച്ച സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നവരാണ്.

അപ്പോൾ ബോറിസ് ടിഖനോവിനെ മൊളോട്ടോവ് മോട്ടോർവക്ക്സ് തിരഞ്ഞെടുത്തതു് ബുദ്ധിപൂർവ്വമായി. പക്ഷെ അയാളെ മറേറതു സ്ഥാപനം തിരഞ്ഞെടുത്താലും അതൊരു ബുദ്ധിശൂന്യതയാകുമായിരുന്നുമില്ല. കാരണം സോവിയററുയൂനിയനിലുള്ള ഏതു ഫാക്ടറിയിലും ഈ സൗഹചര്യങ്ങളെല്ലാം നിലവിലുണ്ടു.

---

## ട്രേഡ്യൂനിയൻപണം

---

### മുഖ്യമായും അംശവരിസംഖ്യ

നമ്മുടെ കഥ അവസാനിക്കാനടുക്കുകയാണ്. സോവിയറ്റുവ്യാവസായികസ്ഥാപനങ്ങളിലെ ട്രേഡ്യൂനിയൻ പ്രവത്തനം വിവിധവും ബഹുമുഖവുമാണെന്നു് ഓരോ വായനക്കാരനും സമ്മതിക്കുമല്ലോ. എന്നാൽ, അതോടൊപ്പംതന്നെ, അദ്ദേഹം അന്വേഷിക്കാം: ഇതിനെല്ലാം വേണ്ടതായ പണമെവിടെനിന്നു കിട്ടുന്നു?

മാനേജുമെണ്ടിൽനിന്നു തികച്ചും സ്വതന്ത്രമായ ട്രേഡുയൂനിയൻ സംഘടന അതിൻെറ ആവശ്യങ്ങൾക്കുള്ള പണത്തിനുവേണ്ടി സ്വന്തം വരുമാനമാർഗ്ഗങ്ങളെത്തന്നെയാണു് പൂർണ്ണമായും ആശ്രയിക്കുന്നതു്. വെറും അംശവരിസംഖ്യ കൊണ്ടുതന്നെ ഒരു വലിയ തുകയുണ്ടാകുമാറു് അത്രയും വമ്പിച്ചതാണു് അവിടെ മെമ്പർഷിപ്പിൻെറ തോതു്. തൊഴി

ലാളികളുടേയും അവരുടെ വരുമാനത്തിന്റെയും സ്ഥിതിയനുസരിച്ചു കൊല്ലംതോറും ആ സംഖ്യ വദ്ധിച്ചുകൊണ്ടുമിരിക്കും.

ട്രേഡ്യൂനിയൻ സംഘടനയുടെ വിവിധങ്ങളായ ആവശ്യങ്ങൾക്കുവേണ്ടിത്തന്നെയാണു് ഈ സംഖ്യ ചിലവഴിക്കുന്നതും.

## പ്രത്യേകസൌകയ്യങ്ങറം പലതും

മേൽപ്പറഞ്ഞ അംഗവരിസംഖ്യ ഏററവും പ്രധാനമായ കായ്യങ്ങൾക്കുമാത്രം വേണ്ടി ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ, മററുപല അ്നുകൂല്യങ്ങളും ഇന്നു ഫാക്ടറികളിൽനിന്നു ട്രേഡ്യൂനിയൻ സംഘടനയ്ക്കു ലഭിക്കുന്നു. സാധാരണഗതിയിൽ ഫാക്ടറി-വർക്സ് കമ്മിററികൾ വഹിക്കേണ്ടിവരുന്ന പല ചിലവുകളും ഇന്നത്തെ സോവിയററു വ്യവസ്ഥിതിയിൽ, സക്കാരോ വ്യാവസായികസ്ഥാപനമോ ആയിരിക്കും വഹിക്കുക.

ഉദാഹരണമായി പുതുതായി തിരഞ്ഞെടുക്കപ്പെട്ട ട്രേഡ്യൂനിയൻ ഉദ്യോഗസ്ഥന്മാരുടേ ആഫീസുകളുടേയും മററും തന്നെ കായ്യമെടുക്കുക. ഇന്നത്തെ സോവിയററുനിയമപ്രകാരം ഫാക്ടറി അതു കൊടുക്കണം; കൂടെ അതിനുവേണ്ട ഉപകരണങ്ങളും ചൂട്ടും വെളിച്ചവും എല്ലാം.

മൊളോട്ടോഖ് മോട്ടോർവക്ക്സ് അതിന്റെ ഒരു വലിയ രണ്ടുനിലക്കെട്ടിടമാണു് വക്സ്കമ്മററിക്കു വിട്ടുകൊടുത്തിരിക്കുന്നതു്. 17 ആഫീസ്സുമുറികളും, യോഗങ്ങൾക്കും മററും പററിയ പല ഹാളുകളുമുണ്ടു് അതിൽ.

വക്സ്കമ്മററിയുടെ ഓരോ കമ്മീഷനും ഓരോ മുറി എന്നതാണവിടുത്തെ നില. ഇതിനും പുറമെ, അവിടെയുള്ള

87 ഷോപ്പ്–സെക്ക്ഷൻ ട്രേഡ്യൂനിയൻ ഘടകങ്ങൾക്കു വെവ്വേറെ മുറികളുണ്ട്. അങ്ങിനെ ആകെ മൊത്തം എത്രയോ ആയിരം ചതുരശ്ര മീററർ സ്ഥലം ട്രേഡ്യൂണിയൻ സംഘടകനക്കുവേണ്ടി നീക്കിവെക്കപ്പെട്ടിരിക്കുന്നു.

സ്റ്റേററു നിശ്ചയിച്ചിരിക്കുന്ന ഏററവും ചുരുങ്ങിയ വില കൊടുക്കേണ്ടിവന്നാൽപ്പോലും, ആകെ വരിസംഖ്യയിലധികം വേണ്ടിവരും ഈ ഇനത്തിൽ. പക്ഷെ വില–വാടകയിനത്തിലോ അതിൻെറ മററു ചിലവുകൾക്കോ യാതൊന്നുംതന്നെ ഇന്നു ട്രേഡ്യൂനിയൻ കൊടുക്കേണ്ടതില്ല.

ഇതേപോലെതന്നെ അംഗങ്ങളുടെ ആവശ്യത്തിനായുള്ള പല സ്ഥാപനങ്ങളും വേറെയുമുണ്ട്, വക്ക്സ്സ്കമ്മററിയുടെ ആഭിമുഖ്യത്തിൽ: സാനട്ടോറിയം, പാക്ക്, കൺസട്ട്–സിനിമാഹാൾ, ഏഴ ക്ലബ്ബുകൾ എന്നിവയും മററു പല ഉല്ലാസകേന്ദ്രങ്ങളും നാലു സ്റ്റേഡിയങ്ങളും നിരവധി സ്പോർട്ട്സ് ക്ലബ്ബുകളും.

ഇതെല്ലാം വക്ക്സിൻെറ കീഴിലുള്ളവയാണ്. പക്ഷേ സാധിയററുനിയമപ്രകാരവും മാനേജുമെണ്ടും വക്ക്സ്കമ്മററിയും തമ്മിലുള്ള കൂട്ടടമ്പടിയനുസരിച്ചും വക്ക്സ്സ്കമ്മററിക്കു സൗജന്യമായുപയോഗിക്കാവുന്നതാണ് ഇവ.

അപ്പോൾ, അംഗങ്ങൾ ട്രേഡ്യൂനിയൻ സംഘടനക്കു നൽകുന്ന ഓരോ റൂബിളും നേരിട്ട് തങ്ങൾക്കുതന്നെ തിരിച്ചു കിട്ടുന്നു. അഥവാ സംഘടന അവരുടെ ആവശ്യങ്ങൾക്കു വേണ്ടിത്തന്നെ അതു മുഴുവനായുമുപയോഗിക്കുന്നു.

കൺസെർട്ട്–സിനിമാഹാൾ, ക്ലബ്ബുകൾ, സ്റ്റേഡിയങ്ങൾ എന്നിവയിൽനിന്നും ഒരു വരുമാനമുണ്ട്. വലിയതല്ല. എന്നിരുന്നാലും, ഖജാൻജി പീററർ ക്രന്റോഗറോ

വിൻെറ ഭാഷയിൽ "കുറച്ചായാലും പണം പണംതന്നെ യാണ്"."

## വർക്ക്സ്കമ്മിററിക്കാർക്കുള്ള ശമ്പളം

വരിസംഖ്യകൊണ്ടു് എന്തൊക്കെ ചെയ്യുന്നുവെന്നല്ലെ നാം പറഞ്ഞുവന്നതു്. കോൺഫ്രൻസ് തിരഞ്ഞെടുത്ത വർക്ക്സ് കമ്മിററി സ്റ്റാഫിന്നുള്ള ശമ്പളം അതിൽനിന്നാണ് കൊടുക്കുന്നതു്.

മുമ്പു് പറഞ്ഞപോലെ തൊഴിലാളികൾക്കും മററു ജോലിക്കാർക്കും കമ്മിററിയിലെ സ്റ്റാഫംഗങ്ങളായതുകൊണ്ടു വർക്ക്സ് കമ്മിററിയിൽനിന്നു വിശേഷിച്ചൊന്നും കിട്ടുകയില്ല. കഴിഞ്ഞ 12 മാസം തൻെറ ജോലിയിൽനിന്നു കിട്ടിയ വരുമാനത്തിൻെറ ശരാശരിയാണ് അയാളുടെ മാസ ശമ്പളം.

പക്ഷെ, ഒന്നോ അതിലധികമോ കൊല്ലത്തിന്നുശേഷം അയാൾ വീണ്ടും തിരഞ്ഞെടുക്കപ്പെടാത്തപക്ഷം, അയാൾക്കു പഴയ ശമ്പളത്തിൽ പഴയ ഉദ്യോഗമോ അതിനു തുല്യമായ മറേറതെങ്കിലും ജോലിയോ നൽകാൻ, സോവിയററു നിയമപ്രകാരം മാനേജ്മെൻറ് നിർബ്ബന്ധിതമാണ്.

ട്രേഡ്യൂനിയൻ ഫണ്ടിൻെറ എട്ടു ശതമാനത്തോളം ഇങ്ങിനെ വിവിധ ശമ്പളക്കാർക്കുവേണ്ടി വർക്ക്സ്കമ്മിററി ചിലവഴിക്കേണ്ടിവരും. സ്റ്റേഷനറിയും അമ്മാതിരി മററു ചിലവുകളും ഒരു ശതമാനംതന്നെ വരികയില്ല. അപ്പോൾ വരവിൻെറ സിംഹഭാഗവും—90 ശതമാനത്തിലധികം—അംഗങ്ങളുടെ സാംസ്കാരികവും സാമൂഹ്യവുമായ ക്ഷേമകാര്യങ്ങൾക്കുവേണ്ടിത്തന്നെയാണ് നീക്കിവെക്കപ്പെടുക.

എന്തെല്ലാമാണ്, അഥവാ എങ്ങിനെയെല്ലാമാണ്, അതു്?

## അപ്രതീക്ഷിതമായ ഒരാവശ്യം

ഉയരംകൂടിയ ഒരു യുവതൊഴിലാളി തിട്ടക്കപ്പെട്ട ഖജാൻജിയുടെ ആഫീസ്സിലേക്കു് കയറിച്ചെന്നു തൻെറ ജോലിയുടുപ്പ് (ഓവറാൾ) അഴിച്ചുമാററാൻപോലും മറന്നാണ് അവനവിടെ കയറിച്ചെന്നിരിക്കുന്നതു്.

ക്രാസ്സഗറോവ് അവനോടിരിക്കാൻ പറഞ്ഞു; പക്ഷേ അവനതിനുപോലും ക്ഷമയില്ലായിരുന്നു. റേഡിയേററർ ഷോപ്പിലെ ഒരു ഫിററാണവൻ—വ്ളാഡിമർ സൊക്കോവ്നിൻ.

അടിയന്തിരമായി അയാൾക്കു കുറച്ചു പണം വേണം, "കാര്യം?" അതുകേട്ട ഖജാൻജി അത്ഭുതപ്പെട്ടു. "എന്താ പണ്ടത്തേക്കാളും കുറവാണോ ഇപ്പോൾ വരുമാനം?"

"അല്ല" ശക്തിയായി തലയിളക്കിയുംകൊണ്ടു് സൊക്കോവ്നിൻ പറഞ്ഞു: "മുമ്പത്തേക്കാളും കൂടുതലുണ്ടു്. ഇപ്പോൾ."

പിന്നേ?........പിരിച്ചുവിടപ്പെട്ട ഒരു പട്ടാളക്കാരനായ തനിക്കു ഒരു പുതിയ താമസസ്ഥലം കിട്ടിയിരിക്കുന്നു. അവിടേക്കു് കുറെ വീട്ടുസാധനങ്ങൾ വാങ്ങിക്കണം ഉടനെ.

കഴിഞ്ഞ കൊല്ലം, അവനെ സംബന്ധിച്ചേടത്തോളം വർക്കിലെ ആദ്യത്തെവഷം, അവൻ ആ പ്രത്യേകതൊഴിൽ പഠിക്കുകയായിരുന്നു. അതുകൊണ്ടു് ഒന്നും മിച്ചംവെച്ചില്ല.

അവനെ സഹായിക്കാമെന്നു് ഖജാൻജി സമ്മതിച്ചു. പക്ഷേ, വർക്സ്കമ്മിററിയുടെകൂടി അനുമതി വേണം.

അതിനും തെല്ലുപോലും വിഷമമുണ്ടായില്ല. സൊക്കോവ്നിന്ന് ആവശ്യമുള്ള പണം താമസിയാതെ തന്നെ കിട്ടി.

വർക്ക്സ്കമ്മിററിയുടെ ഫണ്ടിൽ പതിനഞ്ചുശതമാനത്തോളം ഈ വകയ്ക്കാണു ചിലവഴിക്കുന്നതു്. അതു ട്രേഡ് യൂനിയനിൽപ്പെട്ട ഓരോ അംഗത്തിനും അറിയുകയും ചെയ്യാം. തന്റെ ബുദ്ധിമുട്ടിൽ ട്രേഡുയൂനിയനുണ്ടാവും തന്റെ ആവശ്യം നിറവേററിക്കൊടുക്കാൻ.

## കൊടുത്തതിന്റെ ഇരട്ടി തിരിച്ചുകിട്ടുന്നു

നിക്കളോയ് കൊസ്ലോവിന്റെ നേതൃത്വത്തിലുള്ള സാംസ്കാരികകമ്മിഷൻ, ട്രേഡുയൂനിയനംഗങ്ങൾക്കും സ്റ്റാഫിനുംവേണ്ടി ഒട്ടനവധി പരിപാടികൾ ആസൂത്രണം ചെയ്യാറുണ്ട്. പലപ്പോഴും സ്ഥിരം തിയേററർആക്ടർമാരേയും പേരെടുത്ത മററു കലാകാരന്മാരേയും ക്ഷണിച്ചുവരുത്തിക്കൊണ്ടുതന്നെ.

ഈ നാടകങ്ങൾക്കും മററു കലാപരിപാടികൾക്കും മിക്കപ്പോഴും വർക്സിലെ ട്രേഡുയൂനിയനംഗങ്ങളാരും ഒന്നും കൊടുക്കേണ്ടിവരില്ല. അതിന്റെ ചിലവു ട്രേഡുയൂനിയൻ ഫണ്ടിൽനിന്നു വഹിക്കും.

വർക്സിലുള്ള എണ്ണമററ ക്ലബ്ബുകളും മററു സാംസ്കാരിക സമിതികളും തങ്ങൾക്കാവശ്യമായ സംഗീതോപകരണങ്ങൾ, വേഷങ്ങൾ, സ്റ്റേജുസാമഗ്രികൾ എന്നിവ വാങ്ങാനും വർക്സ് കമ്മിററിയെയാണു സമീപിക്കാറു്. ട്രേഡ്യൂനിയന്റെ തന്നെ ചിലവിൽ അതെല്ലാം സാധിച്ചുകൊടുക്കുന്നു.

പതിനായിരക്കണക്കിൽ റൂബിളാണു ഓരോ തവണയും പുസ്തകങ്ങൾ വാങ്ങാൻവേണ്ടി ചിലവഴിക്കുക. പുസ്തകങ്ങൾ

ക്കുള്ള കണക്കിൽ ഒരൊററ രൂബിളെങ്കിലും നഷ്ടപ്പെടാനോ മുടങ്ങിക്കിടക്കാനോ ഇടയായാൽ അതിനുത്തരവാദപ്പെട്ട ട്രേഡ്യൂണിയനുദ്യോഗസ്ഥൻ സഹിക്കേണ്ടിവരുന്ന വിമർശനം പലപ്പോഴും വല്ലാതെ കടുത്തതായിരിക്കും.

അങ്ങിനെ, വർക്ക്കമ്മിററി അതിൻെറ ഫണ്ടിൽ 60 ശതമാനവും ട്രേഡ്‌യൂണിയൻ അംഗങ്ങളും സാംസ്കാരികവും സ്പോർട്ട്സുംസംബന്ധിച്ച ആവശ്യങ്ങൾക്കാണുപയോഗിക്കുന്നതു്.

30 ഫുട്ട്ബാൾ–ഹാക്കി ടീമുകൾ, പിന്നെ ആയിരക്കണക്കിൽ തണ്ടുവലിക്കാർ, നായാട്ടുകാർ, മീൻപിടുത്തക്കാർ, സൈക്കിളോട്ടക്കാർ, മോട്ടോർറെയ്സുകാർ—ഇവർക്കെല്ലാം അതിനു പററിയ സാഹചര്യവും ഉപകരണങ്ങളും വേണ്ടേ? തൊഴിലാളികൾക്കു സ്പോർട്ട്സിലും മററും പരിശീലനം നല്കുന്ന കോച്ചുകൾക്കും വിദഗ്ധന്മാർക്കും വേണ്ടതായ ശമ്പളവും വേതനവും നല്കുന്നതും ട്രേഡ്‌യൂനിയൻ സംഘടന തന്നെയാണു്. ഈ എല്ലാ കാര്യങ്ങളിലും ഉദാരമായി ചിലവഴിക്കപ്പെടുന്ന ട്രേഡ്‌യൂണിയൻ ഫണ്ടാണു അതിലൊക്കെയുണ്ടാവുന്ന വിജയത്തിന്നടിസ്ഥാനം.

തങ്ങളുടെ അംഗസംഖ്യ കൊടുക്കുമ്പോൾ ഓരോ ട്രേഡ്‌യൂണിയനംഗത്തിനും ശരിയായ ബോധമുണ്ടാവും, അതെല്ലാം തങ്ങളുടെതന്നെ നന്മയ്ക്കാണെന്നു്; താല്പര്യത്തിനാണെന്നു്. തങ്ങളുടെ സംഘടനയുടെ ബഹുമുഖമായ പ്രവർത്തനങ്ങൾക്കു ശക്തിയായ ഒരു സാമ്പത്തികാടിസ്ഥാനം ആവശ്യമാണെന്നും, ആ പണം വിവിധങ്ങളായ നേട്ടങ്ങളുടെയും നന്മകളുടെയും രൂപത്തിൽ തങ്ങൾക്കുതന്നെ തിരിച്ചുകിട്ടുമെന്നും അവർക്കു തികച്ചും ബോദ്ധ്യമുണ്ടു്.

*   *   *   *

വർക്ക്സ്കമ്മിററിയുടെ തിരഞ്ഞെടുപ്പു നടന്നിട്ട് ഒരു കൊല്ലം കഴിഞ്ഞു. ട്രേഡ്യൂനിയൻ സംഘടനയുടെ പ്രവൎത്തനത്തിലുണ്ടായ പുരോഗതിയുടെ അനിഷേദ്ധ്യമായ ഒരു തെളിവായിരുന്നു, ഈ ഒരു വൎഷത്തെ നിരവധി സംഭവങ്ങൾ. തൊഴിലാളികളുടേയും മററു ജോലിക്കാരുടേയുമിടയിലുള്ള പലരുടേയും ജീവിതത്തിൽ വമ്പിച്ച മാററങ്ങൾ അതുണ്ടാക്കി.

ട്രൂപ്പുഘടകങ്ങളുടെ സംഘടകന്മാർ പുതിയതായി പലരേയും യൂനിയനിലേക്കു കൊണ്ടുവന്നു. അങ്ങിനെ 1955 ആരംഭത്തിൽ, വർക്സിലെ എല്ലാ വിഭാഗത്തിലുംപെട്ട ജോലിക്കാരിൽ 99.1 ശതമാനം പേരും യൂനിയനിലംഗങ്ങളായിരുന്നു.

അതിനനുസരിച്ച്, ആ കാർനിർമ്മാതാക്കളുടെയെല്ലാം കൂലിയിലും പ്രത്യക്ഷവും പരോക്ഷവുമായ ഒരു നല്ല ശതമാനം വർദ്ധനവുമുണ്ടായിട്ടുണ്ട്. എണ്ണമററ പുതിയ പല നിലക്കെട്ടിടങ്ങൾ, ആയിരക്കണക്കിലാളുകളുടെ സുഖവാസയാത്ര, നൂറുകണക്കിൽ പുതിയ കാസ്സൻതിത്തോപ്പുകളും പൂന്തോട്ടങ്ങളും—ഇതെല്ലാം ആ സാമ്പത്തികവും സാംസ്കാരികവുമായ ആ പുതിയ ജീവിതനിലവാരമുയൎച്ചയുടെ തെളിവുകളായിരുന്നു.

മൊളോട്ടോവ് മോട്ടോർവർക്സിലെ ജീവിതനിലവാരവൎദ്ധനവിലെ എല്ലാ വശങ്ങളും വിവരിക്കുക പ്രയാസമാണ്. ഒററയായും കൂട്ടായും അവരുടെ ജീവിതം അനുദിനം പുരോഗമിക്കുന്നു—ഇതാണു ചുരുക്കത്തിൽ പറയാനുള്ളതു്.

പതിവുപോലെ ഈ കഴിഞ്ഞ കൊല്ലവും പല ജാതിക്കാറുകളുടേയും നിൎമ്മാണവിധത്തിൽ പല പരിഷ്കാരങ്ങളും

ഘരുത്തുകയുണ്ടായി. സിമ്മിൻെറ സുഖസൌകര്യവും പോബേഡയുടെ വിലക്കുറവും ഗാസ് 63-ൻെറ കെൽപ്പും ചേർന്നതാണു അതിലൊന്ന്.

നാളെ ഇന്നത്തെ പോബേഡയുടെ സ്ഥാനമെടുത്തേക്കാവുന്ന വോൾഗായുടെ നിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരിക്കയാണു ഇന്നു ഫർക്ക്. ആ പുതിയ ജാതി കാറുകൾ, രാജ്യത്തിനകത്തും പുറത്തും ഒരുപോലെ ആളുകളെ ആകർഷിക്കുമെന്നതു് തർക്കമറ്റ സംഗതിയാണു്.

തങ്ങളുടെ ക്രിയാത്മകമായ പ്രവർത്തനത്തിലെ ഓരോ പുതിയ നയിൽക്കുററിയായിട്ടാണു്, ഗോർക്കിയിലെ തൊഴിലാളികൾ തങ്ങളിറക്കുന്ന ഓരോ പുതിയ ജാതി കാറിനേയും കണക്കാക്കുന്നതു്. ജീവിതത്തിലും പ്രവർത്തനത്തിലുമുള്ള അവരുടെ ഉത്സാഹവും തങ്ങളുടെ ട്രേഡ്യൂനിയൻ സംഘടനയുടെ തികഞ്ഞ സഹകരണവും അവർക്കു ഭാവിയിലുണ്ടാകാനിരിക്കുന്ന കൂടുതൽ കൂടുതൽ വിജയത്തിൻെറ ഗ്യാരണ്ടിയുമാണു്.

നമ്മുടെ കഥ അവസാനിക്കുകയായി. ഇതിലെഴുതിയിട്ടുള്ള ഓരോ കാര്യവും അവരുടെ ചുട്ടുപിടിച്ച ജീവിതത്തിൽ നിന്നുതന്നെ ചീന്തിയെടുത്തതാണു്; സ്ഥാപനങ്ങളും തൊഴിലാളികളുമായുള്ള സംഭാഷണങ്ങളിൽനിന്നു ശേഖരിച്ചതാണു്. ഒരു സോവിയററു വ്യവസായസ്ഥാപനത്തിലെ ട്രേഡ്യൂനിയൻസംഘടനയുടെ ഏകദേശസ്വഭാവം മനസ്സിലാക്കാൻ ഇതു വായനക്കാരെ സഹായിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

**KOTTAYAM PUBLIC LIBRARY**

M 330 **KOTTAYAM**

Cl. No. PRA-O Acc. No. 11164

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

M330 11164
PRA-O

പ്രഭാതം ബുക്ക് ഹൗസ്.

ഒരു ഫാക്ടറിയിലെ

ട്രേഡ് യൂണിയൻ

സംഘടന.

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

M 330

Call No. PRA-O Acc. No. 11164

Author ഉദയം ബുക്ക് ഹൗസ്

Title ഒരു ഫാക്ടറിയിലെ ട്രേഡ് യൂണിയൻ സംഘടന

gpura.org